
RURAL INFORMATION BUREAU


# ഗ്രാമഭൂമി

2019 സെപ്തംബർ-ഒക്ടോബർ
പുസ്തകം 42 ലക്കം 06
ദ്വൈമാസിക



150 YEARS OF CELEBRATING THE MAHATMA

## സബ്കോ സൻമതി ദേ ഭഗവൻ



ക്രിസ്തുദേവന്റെ പരിത്യാഗശീലവും സാക്ഷാൽ
കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും
ബുദ്ധന്റെയഹിംസയും, ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും, രന്തിദേവന്റെ ദയാവായ്പും

ശ്രീഹരിശ്ചന്ദ്രന്നുള്ള സത്യവും മുഹമ്മദിൻ
സ്ഥൈര്യവു,മൊരാളിൽച്ചേർന്നൊത്തുകാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തിൽ
അല്ലായ്കിലവിടുത്തെ ചരിത്രം വായിക്കുവിൻ

എന്റെ ഗുരുനാഥൻ - വള്ളത്തോൾ

റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

ഗ്രാമഭൂമി
ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

2019 സെപ്തംബർ-ഒക്ടോബർ
പുസ്തകം 42
ലക്കം 5

## എഡിറ്റോറിയൽ

# ആദിവാസി കുടിലുകളിൽ അക്ഷരവെളിച്ചം



സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനമെന്ന ബഹുമതി കേരളം ആർജ്ജിക്കുമ്പോഴും അക്ഷരവെളിച്ചം കടന്നുചെല്ലാത്ത ചില മേഖലകളുണ്ടായിരുന്നു. ആദിവാസികൾക്കിടയിലായിരുന്നു അക്ഷരവെളിച്ചം കടന്നുചെല്ലാൻ മടിച്ചുനിന്നത്. എന്നാൽ ഇന്ന് ആ ഇരുളിനെ കീറിമുറിച്ച് ഒരിക്കലും നശിക്കാത്ത അക്ഷരങ്ങൾ തേടിയെത്തുകയാണ് അട്ടപ്പാടി ആദിവാസി ബ്ലോക്കിലേക്ക്. 192 ആദിവാസി സെറ്റിൽമെന്റുകളിൽ 3670 പേർക്ക് സാക്ഷരത നേടാനായിട്ടുണ്ട്. ഇപ്പോൾ 1361 പേരാണ് സാക്ഷരതയിലേക്ക് നടന്നടുക്കുന്നത്. ഇതോടെ സമ്പൂർണ്ണ സാക്ഷരത നേടുന്ന രാജ്യത്തെ തന്നെ ആദ്യത്തെ ആദിവാസി ബ്ലോക്കാകും അട്ടപ്പാടി.

അട്ടപ്പാടിയിലെ മുഡുഗ, ഇരുള, കുറുംബ ഗോത്ര വിഭാഗങ്ങളുടെ മാതൃഭാഷ മലയാളമല്ല എന്നത് സാക്ഷരതായജ്ഞത്തിന് ഒരു വെല്ലുവിളിയായിരുന്നു. തുടർന്ന് അതത് വിഭാഗത്തിലുളളവരെത്തന്നെ അധ്യാപകരായി നിയമിച്ചുകൊണ്ട് ഈ പ്രതിസന്ധി അതിജീവിച്ചു.

വിദ്യാഭ്യാസവും അറിവും എല്ലാ വിഭാഗം ജനങ്ങളുടെയും അവകാശമാണ്. സാക്ഷരരാവുന്നതിലൂടെ അറിവിന്റെ ലോകത്തിലേക്ക് കടന്നു വരുവാനും പിറകിലേക്ക് മാറ്റി നിർത്തപ്പെട്ട അവസ്ഥയിൽ നിന്ന് സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് വരുവാനും ഇവർക്ക് സാധിക്കും എന്നാണ് പ്രതീക്ഷ.

ഏതായാലും തികച്ചും അഭിനന്ദനാർഹമായ ഒരു ചുവടുവയ്പായി ഈ സാക്ഷരതാ പ്രവർത്തനത്തെ അംഗീകരിക്കാതിരിക്കാൻ കഴിയില്ല. ഇനിയും അക്ഷരങ്ങൾ കടന്നുചെല്ലാത്ത ആദിവാസി മേഖലകളിൽ അക്ഷരവെളിച്ചം കടന്നു ചെല്ലാൻ ഇതൊരു പ്രചോദനമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

**ഉപദേശക സമിതി ചെയർമാൻ:** എൻ. പത്മകുമാർ ഐഎഎസ് ഗ്രാമവികസന കമ്മീഷണർ
**അംഗങ്ങൾ** വി.എസ്. സന്തോഷ്കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-1
● അബ്ദുൽ സലീം അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ PMGSY ● എം കെ ഉഷ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF
● കെ.എം. രാമകൃഷ്ണൻ ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി ● ഷാജി ക്ലെമന്റ് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ്
● ദിവ്യ, ഡെപ്യൂട്ടി ഡയറക്ടർ (P&M) ● സബീഹ പി.എം, സീനിയർ ഫിനാൻസ് ഓഫീസർ ● എ. അജിത്ദാസ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ചീഫ് എഡിറ്റർ **അജിതാദാസ്,** ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കാംപെയ്ൻ ഓഫീസർ **ജെ ആർ അഞ്ജന** അസിസ്റ്റന്റ് എഡിറ്റർ **സി. പ്രശാന്ത്** അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ
സർക്കുലേഷൻ മാനേജർ **റ്റി. സനൽകുമാർ,** മാനേജർ കവർ & ലേ-ഔട്ട് **രതീഷ് കുമാർ** rash8590070404@gmail.com

ഓഫീസ് **റൂറൽ ഇൻഫർമേഷൻ ബ്യൂറോ,** ആറാം നില, സ്വരാജ് ഭവൻ,നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3. ഫോൺ : 0471 2317262 email : ribkerala@gmail.com

# കത്തുകൾ

## നാട് നഗരമാകുമ്പോൾ

കേരവൃക്ഷങ്ങളുടെ നാട് നഗരമായി മാറുന്നതിന്റെ ആശങ്കകൾ പങ്കു വെയ്ക്കുന്ന ലേഖനമായിരുന്നു കഴിഞ്ഞ ലക്കം ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിച്ച ' നാളികേരത്തിന്റെ നാട് നഗരമായി മാറുമ്പോൾ'. വികസനത്തിന്റെ പേരിൽ തനതു ഭൂപ്രകൃതിയെ ഇല്ലാതാക്കുന്നത് ഭാവിതലമുറയുടെ നിലനിൽപിനെ ത്തന്നെ അപകടത്തിലാക്കുമെന്ന് ലേഖനം ഓർമ്മിപ്പിക്കുന്നു. ലേഖനം എഴുതിയ ഷിജു ഏലിയാസിന് അഭിനന്ദനങ്ങൾ.

**പുരുഷോത്തമൻ.വി, ബാലുശ്ശേരി**

## ചെറുശ്ശേരിയുടെ ഗ്രാമം


ചെറുശ്ശേരിയുടെ കർമ്മഭൂമി എന്ന ഖ്യാതി പേറുന്ന കണ്ണൂരിലെ ചിറയ്ക്കൽ എന്ന ഗ്രാമത്തെ പരിചയ പ്പെടുത്തിക്കൊണ്ട് ജേക്കബ് എബ്രഹാം എഴുതിയ ഗ്രാമയാത്ര മികച്ചതായി. ഒരു നാടിന്റെ സാംസ്കാരിക പരിസരത്തെ സമഗ്രതയോടെ വിവരിക്കാൻ ആ ലേഖനത്തിലൂടെ കഴിഞ്ഞു. ലേഖക നും ഗ്രാമഭൂമിക്കും അഭിനന്ദനങ്ങൾ.

**കെ.വി.രഘുകുമാർ, അമ്പലവയൽ**

## പ്രളയകേരളം

തുടർച്ചയായി വന്ന രണ്ടു പ്രളയങ്ങൾ നമുക്കു തരുന്ന മുന്നറിയിപ്പുകളെ അവഗണിക്കാതെ, ഇനിയെങ്കിലും പ്രകൃതിക്ക് അനുയോജ്യമായ വികസന പ്രവർത്തനങ്ങൾക്ക് നാം മുൻകൈയെടുക്കണമെന്ന പരമാർത്ഥം ചൂണ്ടിക്കാട്ടുന്ന തായിരുന്നു കഴിഞ്ഞ ലക്കം ഗ്രാമ ഭൂമിയിൽ പ്രസിദ്ധീകരിച്ച 'ഓരോ പ്രളയവും ഓർമ്മപ്പെടുത്തുന്നത്" എന്ന കവർ സ്റ്റോറി. പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് നമ്മെ വീണ്ടും വീണ്ടും ജാഗ്രതപ്പെടുത്തുന്നതാണ് ഓരോ പ്രളയവും. അതുൾക്കൊണ്ടു പ്രവർത്തിക്കാൻ നാമോരോരുത്തരും ശ്രദ്ധിച്ചേ മതിയാകൂ.

**ജോർജ് വർഗീസ്, തൊടുപുഴ**




6 **കവർസ്റ്റോറി**
**സബ്കോ സൻമദി ദേ ഭഗവൻ**
പ്രൊഫ. എൻ. രാധാകൃഷ്ണൻ





10 **അനുസ്മരണം**
**ഗുരുവിന്റെ വാക്ക്**
ഷിജു ഏലിയാസ്



**'ഗ്രാമഭൂമി' ദ്വൈവാർഷിക വരിസംഖ്യ 24 രൂപ**
**തപാലിൽ ലഭിക്കുവാൻ**
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
**മണിയോർഡർ അയയ്ക്കുക** email : ribkerala@gmail.com



*ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.*




14 ഗ്രാമയാത്ര
പൂമാലക്കാവിലെ ദേവക്കൂത്ത്
ജേക്കബ് എബ്രഹാം





21 കവിത
പട്ടിണിയോണം
എൻ.എസ് സുമേഷ്കൃഷ്ണൻ





22 അനുഭവം
പങ്കുവച്ചിട്ടും പങ്കുവച്ചിട്ടും മതിവരാതെ
ഹാരിസ് നെന്മേനി





27 വികസനം
കയർ വ്യവസായ സാധ്യതകൾ ചിറ്റുമല ബ്ലോക്കിൽ
എസ്. മാത്യു





25 ചരിത്രം
ചരിത്ര വിസ്മയത്തിന് സുവർണ ജൂബിലി
അജിത് വെണ്ണിയൂർ





29 വ്യക്തിവിശേഷം
സാഹിത്യവും ലോട്ടറിയും പിന്നെ സകലകലയും
സുബ്രഹ്മണ്യൻ അമ്പാടി വൈക്കം






31 പരിസ്ഥിതി
ജൈവമാലിന്യം കൂടുതൽ ശ്രദ്ധ വേണം
വിനു എ

34 ശാസ്ത്ര വെളിച്ചം
35 പൊതുവിജ്ഞാനം
37 വികസനവാർത്തകൾ

പ്രൊഫ. എൻ. രാധാകൃഷ്ണൻ



ശാസ്ത്ര സാങ്കേതിക മികവിൽ സമൂഹത്തിന്റെ അലകും പിടിയും അതിവേഗം മാറികൊണ്ടിരിക്കുന്ന ഒരു കാലയളവിലും പുരാതന സംസ്കാരത്തിന്റെ അതിശക്ത മായ ആഴത്തിലുള്ള വേരുകൾ നിലനിൽക്കുന്ന ചുരുക്കം ചില രാജ്യങ്ങളിൽ ഒന്നാണ് തങ്ങളുടേ തെന്ന് ഭാരതത്തിന് അഭിമാനിക്കാം. പരിവർത്തനത്തിലിരിക്കുന്ന ഒരു പരമ്പരാഗത സമൂഹമാണ് ഇന്ത്യയിൽ ഇന്നുമുള്ളത്. നാഗാരാധനയും ജെറ്റ്-മിസൈൽ നിർമ്മാണവും ഇവിടെ തോളോടു തോൾ ചേർന്നുപോവുകയാണ്. ഈ സംസ്കാരത്തിന്റെ അത്ഭുതാവഹമായ ആഗിരണശേഷി, ഉദ്ഗ്രഥനസ്വഭാവം, പൗരാണിക പ്രതിപത്തി എന്നീ ശ്രദ്ധേയമായ സവിശേഷതകളെപ്പറ്റി മനസ്സിലാക്കിയ ആധുനിക വിപ്ലവകാരികളിൽ ആദ്യത്തെ ആൾ മഹാത്മാഗാന്ധിയാണ്. സാമാന്യമായ ആദരവോടെ എല്ലാമതങ്ങളേയും പരസ്പരം ബന്ധപ്പെടുത്തി അവയെല്ലാം ഉൾക്കൊള്ളുക എന്ന അർത്ഥമാണ് മതേതരത്വത്തിന് ഗാന്ധിജി നൽകിയത്, അദ്ദേഹം പറഞ്ഞു:

'ഹിന്ദുമതത്തെയും ഇസ്ലാംമതത്തെയും ക്രിസ്തുമതത്തെയും മറ്റും പിന്നിലാക്കുന്നതാണ് എന്റെ മതം. എങ്കിലും അത് മറ്റൊന്നിനെയും കടന്നാക്രമിക്കില്ല. അത് അവയെല്ലാം രഞ്ജിപ്പിക്കുകയാണ് ചെയ്യുന്നത്. ഞാൻ ബൈബിളിൽ വിശ്വസിക്കുന്നു. ഞാൻ ഗീതയിൽ വിശ്വസിക്കുന്നു. എന്റെ മതം പോലെ തന്നെ സത്യമാണ് ലോകത്തിലെ മഹത്തായ സകലമതങ്ങളുമെന്ന് ഞാൻ കരുതുന്നു. ഇവയിൽ ഏതെങ്കിലുമൊന്ന് ഇന്ന് കാണപ്പെടുന്നതുപോലെ സ്വന്തം അനുയായികളാൽ വികൃതമാക്കപ്പെടുമ്പോൾ എന്റെ ഹൃദയം വ്രണിതമായിത്തീരുന്നു.'

ആപത്കരമായ രീതിയിൽ വളർന്ന് കൊണ്ടിരിക്കുന്ന ഈ പ്രവണതകൾക്കെതിരെ ഗാന്ധിയൻ സമീപനം കാലഘട്ടത്തിനനുസൃതമായി വ്യാഖ്യാനിക്കുവാനും ഉയർത്തിക്കാട്ടുവാനും നമുക്ക് കഴിയണം. മതമൈത്രി സെക്യുലറിസ

ത്തിന്റെ അടിസ്ഥാനശിലയാണെന്ന് ധരിച്ച് കൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായവും ജനാധിപത്യ പ്രക്രിയയും ഉണ്ടാകാത്തിടത്തോളം കാലം മതാന്ധതയും തീവ്രവാദവും നമ്മെ ഗ്രസിച്ചു കൊണ്ടേയിരിക്കും.

ഏറ്റവും കൂടുതൽ സംഘട്ടനങ്ങളും, അക്രമങ്ങളും നടക്കുന്ന നാട്ടുകാരുടെ പട്ടികയിൽ സ്വാമി വിവേകാനന്ദന്റെയും ഗാന്ധിജിയുടെയും ബുദ്ധന്റെയും അശോകചക്രവർത്തിയുടെയും മഹാനായ അക്ബറിന്റെയും ശിവജിയുടെയും ശങ്കരാചാര്യരുടെയും നാടായ ഭാരതം എത്തിച്ചേർന്നിരിക്കുന്നുവെന്ന വസ്തുതയും നാമോർക്കുക. അക്രമ മാർഗ്ഗത്തിൽ കൂടി മാത്രമേ എന്തും നേടാൻ കഴിയൂ എന്ന ധാരണ പരക്കുന്നത് ഒരു പരിഷ്കൃതസമൂഹത്തിന് ഭൂഷണമല്ല. ജനാധിപത്യ വ്യവണ്. 'തീവ്രവാദത്തിനെന്തു മത'മെന്നു ചോദിക്കുവാൻ ധൈര്യം കാട്ടിയ കാന്തപുരം അബൂബേക്കർ മുസ്ലിയാരുടെ ശബ്ദം വനരോദനമായിത്തീരുന്ന നിസ്സഹായവസ്ഥയിലേക്ക് ഭാരതം അതിവേഗം പുരോഗമിക്കുന്നുവെന്ന വസ്തുത എത്ര നാൾ നമുക്ക് മൂടി വയ്ക്കാൻ കഴിയും?

## മതസൗഹാർദ്ദം: മിഥ്യയോ, സത്യമോ ?

മതമൈത്രിക്കും ഐക്യത്തിനും വേണ്ടി ജീവൻ ബലിയർപ്പിച്ച ഗാന്ധിജിയുടെ മഹത്തായ സംഭാവനകളാണ് സത്യാഗ്രഹദർശനവും സർവ്വധർമ്മ സമഭാവനയും. സത്യാഗ്രഹത്തെപ്പറ്റി ഏറെക്കുറേ പൊതുവായ ചർച്ച ആവശ്യമുണ്ടെന്ന് കരുതുന്നു. പ്രത്യേകിച്ച് മതാന്ധതയും, വിദ്വേഷവും അപകടകരമായ നിമിഷത്തിൽ ആധിപത്യം ഉറപ്പിക്കാൻ തുടങ്ങിയതൊരു പുതിയ സംഭവ വികാസമാണ്. മതങ്ങൾ സമൂഹത്തിൽ വഹിക്കേണ്ട ക്രിയാത്മകമായ, സർഗ്ഗാത്മകമായ പങ്കിനെപ്പറ്റി മഹാത്മാഗാന്ധി ഇങ്ങനെ പറഞ്ഞു:

'എന്നെ സംബന്ധിച്ചിടത്തോളം എല്ലാ മതങ്ങളും ഒരു പൂന്തോട്ടത്തിലെ മനോഹരമായ പുഷ്പങ്ങളെപ്പോലെയാണ്, ഒരു മരത്തിലെ നിരവധി ശാഖകളെപ്പോലെയാണ്. അതുകൊണ്ട് തന്നെ പരിപൂർണ്ണനല്ലാത്ത മനുഷ്യൻ അവയെ ഏങ്ങനെയൊക്കെ വ്യാഖ്യാനിച്ചാലും അവയൊക്കെ പരമസത്യമായി തന്നെ നിലകൊള്ളും. ഇന്ത്യ മതങ്ങളുടെ അമ്മയായ രാജ്യമാണ്. ഇന്ന് ആ മാതൃത്വം ഒരു പരീക്ഷണഘട്ടത്തെ നേരിടുകയാണ്. മനുഷ്യന് മൂല്യങ്ങളില്ലെങ്കിൽ അവൻ പിന്തുടരുന്നത് ഏത് രീതിയി

> രാഷ്ട്രം അഗ്നിപരീക്ഷണം നേരിടുന്ന ഓരോ അവസരത്തിലും ആരെയും പഴിചാരാതെ ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും നീരുറവകളിൽ നിന്ന് സബ്കോ സൻമദി ദേ ഭഗവൻ (എല്ലാവർക്കും ശാന്തിയും സമാധാനവും പ്രദാനം ചെയ്യേണമേ ഭഗവാനേ) എന്ന ഗാന്ധിജിയുടെ പ്രിയ ഭജനിൽനിന്ന് നമുക്ക് ആവേശം ഉൾക്കൊള്ളാം.

സ്ഥയിൽ അഭിപ്രായ വ്യത്യാസമുണ്ടാകാം. രാജ്യമെമ്പാടും നടമാടുന്ന അക്രമത്തിന്റെ തേർവാഴ്ചയ്ക്ക് ഒരർത്ഥത്തിൽ നാമോരുരത്തരും ഉത്തരവാദിയല്ലേ എന്ന് ഓർക്കുക.


അക്രമത്തിന്റെയും സ്വാർത്ഥമോഹത്തിന്റെയും ഭാഷയാണ് മൗലികവാദവും തീവ്രവാദവും. ഇതിന്റെ കാരണങ്ങളെപ്പറ്റിയോ പ്രയോക്താക്കളുടെ ലക്ഷ്യത്തെക്കുറിച്ചോ ഒരു പുതിയ ചർച്ച ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഒരു പ്രത്യേക മതവിഭാഗത്തിലോ രാഷ്ട്രീയ സാമുദായിക സംഘടനകളിലോ മാത്രം ഒതുങ്ങി നിൽക്കുന്നതാണീ വിപത്തെന്ന് വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട്. അന്യരെ പഴിചാരാൻ നമ്മളിലേവരിലുമുള്ള വാസന തീവ്രവാദത്തെയും മൗലികവാദത്തെയും കൊണ്ടെത്തിക്കുന്നത് തീരാദു:ഖത്തിന്റെയും നാശത്തിന്റെയും ശവപ്പറമ്പുകളിലേക്കാ വളർന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ.

അടുത്തകാലത്തായി മതത്തിന്റെ മൂല്യങ്ങളിൽ വന്ന തകർച്ചയെ ഒറ്റപ്പെട്ട സംഭവമായി കാണാൻ പറ്റില്ല. മനുഷ്യ സ്വഭാവത്തിലും പ്രകൃതിയിലും ഉണ്ടായ മാറ്റങ്ങൾക്കനുസൃതമായ ഒരു പരിവർത്തനമായി മാത്രമേ ഇതിനെ വീക്ഷിക്കാൻ കഴിയൂ. പരമ്പരാഗതമായ രീതികൾക്കെതിരായ, പുരോഗമനപരമായ, മാനുഷികപരമായ, യുക്തിപരമായ, ഭൗതികപരമായ, പരീക്ഷണാധിഷ്ടിതപരമായ, ചൂഷണരഹിതമായ, സ്വതന്ത്രമായ ചിന്താഗതികൾ വ്യാപകമായ രീതിയിൽ സമൂഹത്തിൽ വേരിറക്കുകയാണ്. ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇത്തരം ചിന്താഗതികൾ നമ്മുടെ സമൂഹത്തിൽ ഇതിന് മുമ്പും നിലനിന്നിരുന്നു. പക്ഷേ കൂടുതൽ പ്രബലമായ രീതിയിൽ അത് ലുള്ള ആരാധനക്രമമായാലും, അത് പള്ളിയിലായാലും അമ്പലത്തിലായാലും, സാമൂഹിക പുരോഗതിക്കുതകാത്തവിധം ഹിംസാത്മകമായ സ്പർദ്ധകളിലേക്ക് വഴിതെളിക്കാൻ മാത്രമേ സഹായിക്കൂ. ഇത് മതത്തിന്റെയും, ഈശ്വരന്റെയും വിശ്വാസത്തെയും പടിപടിയായി തകർക്കുന്നു.'

മഹാത്മാഗാന്ധി എല്ലാ മതഗ്രന്ഥങ്ങളെയും അതിയായ താൽപര്യത്തോട് കൂടി വായിക്കുകയും അവയുടെ ആത്യന്തിക സമത്വത്തിൽ അടിയുറച്ച് വിശ്വസിക്കുകയും ചെയ്തിരുന്നു. ഭഗവത്ഗീതയെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുന്നു: 'ഞാൻ ഭഗവത്ഗീതയിൽ ആശ്വാസം കണ്ടെത്തുന്നു. പ്രതീക്ഷ നശിക്കുമ്പോൾ ഗീതയിലൂടെ പ്രകാശ കിരണങ്ങൾ ഞാൻ ദർശിക്കുന്നു. ഞാൻ ഗീതയിലേക്ക് മടങ്ങുന്നു. ഗീത തിരിച്ചും മറിച്ചും നോക്കുമ്പോൾ

അവിടെയവിടെയായി ഞാൻ സമാശ്വാസത്തിന്റെ ഉത്തരങ്ങൾ കണ്ടെത്തുകയുണ്ടായി. എന്റെ ജീവിതത്തിൽ ഉണ്ടായ ദുരിതങ്ങളെയും മറികടക്കുന്നതിന് എന്നെ ഭഗവത് ഗീത ആദ്യമായി സഹായിച്ചിരുന്നു. അതു കൊണ്ട് തന്നെ ഞാൻ ഗീതയോട് കടപ്പെട്ടിരിക്കുന്നു.'

> എന്റെ ജീവിതത്തിൽ ഉണ്ടായ ദുരിതങ്ങളെയും മറികടക്കുന്നതിന് എന്നെ ഭഗവത്ഗീത ആദ്യമായി സഹായിച്ചിരുന്നു. അതു കൊണ്ട് തന്നെ ഞാൻ ഗീതയോട് കടപ്പെട്ടിരിക്കുന്നു.




ഗാന്ധിജിയുടെ മതം ഹിന്ദു, ഇസ്ലാം, ക്രൈസ്തവദർശനങ്ങൾക്കും അതീതമായിരുന്നു. ഈ മത ദർശനങ്ങൾക്ക് യാഥാർത്ഥ്യ ബോധവും, കരുത്തും പൊരുത്തവും അദ്ദേഹം കണ്ടെത്തി. സാർവ്വലൗകികമായ ഈ സമീപനം അദ്ദേഹത്തെ എല്ലാ ശരിയായ മതാനുയായികളുടെയും പ്രിയകരനാക്കി. അദ്ദേഹത്തിന്റെ എല്ലാ പ്രാർത്ഥനായോഗങ്ങളിലും അദ്ദേഹം ഈ കാര്യം എടുത്തുപറഞ്ഞിരുന്നു. ലക്ഷക്കണക്കിനു വരുന്ന സാധാരണക്കാരായ ജനങ്ങൾ പിൻതുടർന്ന് വന്ന ഭക്തിയുടെ മാർഗ്ഗത്തിൽ അദ്ദേഹത്തിന് അതിരറ്റ വിശ്വാസം ഉണ്ടായിരുന്നു. വിഗ്രഹാരാധനയെ മനസ്സിന്റെ ശുദ്ധീകരണത്തിനുള്ള ഒരു സർഗ്ഗാത്മക പ്രക്രിയയായി അദ്ദേഹം കരുതി. ദൈവം എല്ലാ മനുഷ്യരുടെയും ഇടയിൽ ദിവസവും പ്രത്യക്ഷപ്പെടുന്നതായി അദ്ദേഹം വിശ്വസിച്ചു. പക്ഷേ നാം അദ്ദേഹത്തിന്റെ ശബ്ദം കേൾക്കാതെ മുൻകരുതലോടെ ചെവികൾ കൊട്ടിയടയ്ക്കുന്നു.

ഗാന്ധി പറഞ്ഞതെല്ലാം, പ്രത്യേകിച്ച് മതത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ നാം കാലക്രമേണ സൗകര്യാർത്ഥം വിസ്മരിക്കുകയാണുണ്ടായത്.

### വർഗ്ഗീയത ഇന്നൊരു സ്റ്റാറ്റസ് സിംബലോ?

മുകളിൽ വിവരിച്ചിരിക്കുന്നതിൽ തെല്ലും അതിശയോക്തി ഇല്ല. കഴിഞ്ഞ കുറേ വർഷങ്ങളായി ഇന്ത്യയിലെ സ്ഥിതിഗതികൾ കൂടുതൽ വഷളായിട്ടുണ്ടെന്ന് നമുക്കറിയാം.ഭയവും, വിദ്വേഷവും കൂടുതൽ വളരുന്നു. വർഗ്ഗീയ ശക്തികളുടെയും തീവ്രവാദികളുടെയും വലയിൽ ആയിരങ്ങൾ ദിനംപ്രതി കൂട്ട് ചേരുന്നു. കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ വർഗ്ഗീയ വിഷം ചുരത്തുന്ന അഭിനവ ഡ്രാക്കുളമാർ നമ്മുടെ സംസ്ക്കാര സത്തയുടെ നല്ലൊരു പങ്കും ഊറ്റിക്കുടിച്ചുകഴിഞ്ഞിരിക്കുന്നു. 'വർഗ്ഗീയത' ഇന്നൊരു സ്റ്റാററസ് സിംബലായി തീർന്നിരിക്കുന്നു.. അധികാരത്തിന്റെ അകത്തളങ്ങളിലേക്കുള്ള പാസ്പോർട്ട്.

പണ്ടൊക്കെ വിജയത്തിനും പ്രസക്തിക്കും വേണ്ടിയിരുന്നത് കഠിനാധ്വാനവും വിശ്വാസ്യതയുടെ അതുപോലെയുള്ള ചില സ്വഭാവഗുണങ്ങളുമായിരുന്നു. ഇന്ന് വളരെ വേഗത്തിൽ ഇവയെല്ലാം ലഭിക്കാനുള്ള കുറുക്ക് വഴിയാണ് വർഗ്ഗീയ വിദ്വേഷമിളക്കി വിടുകയെന്നുള്ളത്.

### മതഹിംസയ്ക്കും വിദ്വേഷത്തിനുമോ?

മനുഷ്യന്റെ ഉള്ളിലുറങ്ങിക്കിടക്കുന്ന അധമ വികാരങ്ങളേയും അത്യാഗ്രഹങ്ങളേയും അടക്കി ഹിംസയേയും യുദ്ധത്തേയും തടയേണ്ടതിന്റെ ആവശ്യകതയാണ് എല്ലാ മതഗ്രന്ഥങ്ങളിലും ഊന്നൽ നൽകി പറഞ്ഞിരിക്കുന്നത്. മനുഷ്യപുരോഗതിയുടെയും സംസ്ക്കാരത്തിന്റെയും ക്രമാനുഗതമായ വളർച്ചക്ക് എല്ലാ മതങ്ങളും അവരവരുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. എന്നിട്ടും യുദ്ധങ്ങൾ കൂടി മതത്തിന്റെ സംഭാവനയായി നമുക്ക് ലഭിച്ചു. യഥാർത്ഥത്തിൽ ഒരു മതവും യുദ്ധത്തിന്റെ നന്മയിൽ വിശ്വാസം ഉള്ളവയല്ല. അടിസ്ഥാനപരമായി അവ യുദ്ധത്തെ ശക്തമായി എതിർക്കുകയാണ് ചെയ്യുന്നത്. ഇതാ ബൈബിളിൽ നിന്നൊരുദ്ധരണി:

'സ്വർഗ്ഗരാജ്യത്തിലുള്ള കർത്താവിന് സ്തുതി: ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം'(ലൂക്ക് 28:14)

സമാധാനത്തിലും വലിയൊരാഹ്വാനമുണ്ടോ?

ബൈബിളിൽ തന്നെ മറ്റൊരിടത്ത് പറയുന്നു.

'സമാധാനത്തിനായി ഭൂമിയിലുളളവർക്ക് നന്മ വരട്ടെ ദൈവം അവരെ തന്റെ പുത്രന്മാരായി കണക്കാക്കും'? (മാത്യൂസ് 59)

ഖുർ- ആനിൽ ലോക സമാധാനത്തിനും. മനുഷ്യരുടെ ഐക്യത്തിനും വേണ്ടിയുള്ള ആഹ്വാനം നിറഞ്ഞ് നിൽക്കുന്നു.

എല്ലാ ഹൈന്ദവ കർമ്മങ്ങളും ആരംഭിക്കുന്നതും 'ഓം ശാന്തി, ശാന്തി, ശാന്തി' എന്ന മന്ത്രോച്ചാരണത്തോടെയാണ്. ശാന്തി എന്ന പദത്തിന് സമാധാനമെന്നതിലുപരിയായ അർത്ഥമാണ് ഉള്ളത്. വിവർത്തനം ചെയ്യാൻ കഴിയാത്ത ഒരു പദം.

യജുർവേദത്തിൽ ഇങ്ങനെ പറയുന്നു 'ലോകാ സമസ്താ സു:ഖിനോ ഭവന്തു.' ഇവിടെയും ലോകം മുഴുവൻ സമാധാനം നിലനിന്ന് കാണുവാനുള്ള ആഗ്രഹം വ്യക്തമാക്കുന്നു.

ബുദ്ധന്റെ മദ്ധ്യമാർഗ്ഗം വളരെ പ്രസിദ്ധമാണല്ലോ. ക്രൂരതയും ഹിംസയും ഇല്ലാതാക്കി സ്നേഹത്തിലധിഷ്ഠിതമായ മനുഷ്യ സമൂഹം ആണ് ബുദ്ധൻ വിഭാവനം ചെയ്തത്. ഹിംസയുടെ അഴുക്ക് കഴുകിക്കളഞ്ഞ് ഹൃദയശുദ്ധീകരണം നടത്താൻ ബുദ്ധൻ ഉദ്ബോധനം ചെയ്തു. ബുദ്ധന്റെ ദാർശനിക തത്വങ്ങൾ മനുഷ്യസമൂഹത്തെ വളരെ

സ്വാധീനിച്ചിട്ടുണ്ട്. ബുദ്ധമതത്തിന്റെ വളർച്ച ഇതിനൊരു തെളിവാണ്.

ജൈനമതവും ബുദ്ധമതത്തെപ്പോലെ തന്നെ അഹിംസയുടെ മാർഗ്ഗം ഉപദേശിച്ചു. ജൈനർ 500 വിധത്തിലുള്ള ഹിംസാരൂപങ്ങളെപ്പറ്റി പറയുന്നു. ഹിംസയെപ്പറ്റി ചിന്തിക്കുന്നതുപോലും പാപമായിട്ടാണ് ജൈനമതം കരുതുന്നത്. ലോകത്തിലുള്ള അഹിംസാവാദികളിൽ ജൈനരുടെ സ്ഥാനം അദ്വിതീയമാണ്.

മുകളിൽ പറഞ്ഞ ദാർശനികതയെല്ലാം നിലനിൽക്കുമ്പോൾ തന്നെ മനുഷ്യർ പരസ്പരം രക്തരൂക്ഷിതമായ പോരാട്ടങ്ങൾ നടത്തിയെന്നതാണ് ദു:ഖകരമായ സത്യം. പക്ഷേ ആത്യന്തിക വിജയം ധാർമ്മികതയ്ക്കാണെന്നതാണ് മഹാത്മാഗാന്ധിയുടേയും മുഹമ്മദിന്റേയും ക്രിസ്തുവിന്റേയും മറ്റും ജീവചരിത്രം തെളിയിക്കുന്നത്.

ഭാരതത്തിന്റെ സംസ്കാരവും അനന്യതയും ശക്തമായ മതേതര ചിന്തയാൽ അലംകൃതമാണ്. മനുഷ്യസ്നേഹികളുടെയും ചിന്തകന്മാരുടെയും ശാസ്ത്രജ്ഞൻമാരുടെയും വിജ്ഞാനത്തിൽ നിന്നും ഉരുത്തിരിഞ്ഞെടുത്ത ഒന്നാണിത്. ഈ രാജ്യത്തിന്റെ സാമൂഹികമായ പെരുമാറ്റവും സാംസ്കാരിക പാരമ്പര്യങ്ങളും രൂപപ്പെടുത്തിയിട്ടുള്ള സങ്കീർണ്ണമായ മൂശ കരുപിടിപ്പിക്കുന്നതിൽ മതവിശ്വാസങ്ങൾക്കും ആരാധനാ സമ്പ്രദായങ്ങൾക്കും അനിഷേധ്യമായ സ്വാധീനം ഉണ്ടായിരുന്നുവെങ്കിലും ഈ സംസ്കാരവും വ്യതിരിക്തതയും അവയിൽ നിന്ന് രൂപം കൊണ്ടവയല്ല. ജൈനമതം ബുദ്ധമതം, സനാതനധർമ്മം എന്നിവ ഒരു വശത്തും ശൈവ-വൈഷ്ണവ മതങ്ങൾ മറുവശത്തുമായി നിന്നുകൊണ്ട് മൗലിക തത്വങ്ങളിൽ ശക്തമായി വിവേചിക്കുമ്പോഴും അവയെല്ലാംതന്നെ ഒരേ സാംസ്കാരിക മാതൃക പിന്തുടരുന്നതയായി കാണാൻ കഴിയും. ഒരു ഘട്ടത്തിൽ ബുദ്ധമതം ഈ രാജ്യത്തു നിന്ന് തുടച്ചുനീക്കപ്പെട്ടുവെങ്കിലും ബുദ്ധഭഗവാനെ ഒരു അവതാരമെന്ന നിലയിൽ ആരാധിക്കുന്ന സമ്പ്രദായം തുടർന്നുകൊണ്ടിരുന്നു. ബുദ്ധമത സിദ്ധാന്തങ്ങളും ദർശനങ്ങളും പണ്ഡിതൻമാരുടെയും സാധാരണക്കാരുടെയും ശ്രദ്ധപിടിച്ചു പറ്റുന്നത് അഭംഗുരം തുടർന്നു. ചില കാലഘട്ടങ്ങളിൽ മേധാവിത്വത്തിനുവേണ്ടി വിവിധ മതങ്ങൾ തമ്മിൽ പോരാടിയിരുന്നുവെങ്കിലും സാമാന്യേന അവയ്ക്കു തമ്മിൽ അപരമതത്തിന്റെ വ്യക്തിത്വത്തോട് ആദരവുണ്ടായിരുന്നു. ജീവിതത്തോടുള്ള ഭാരതീയ സമീപനത്തിന്റെ അനിവാര്യമായ ഒരു സവിശേഷതയായിരുന്നു ഇത്.






മാനവ പരിവർത്തനത്തിൽ ആദ്ധ്യാത്മികതക്കുള്ള സ്ഥാനം അംഗീകരിച്ചുകൊണ്ടുതന്നെ പറയേണ്ടിയിരിക്കുന്നു; നാം കൂടുതൽ ധൈര്യശാലികളും വിവേകികളും ആകേണ്ടിയിരിക്കുന്നു. വിവേകാനന്ദ സ്വാമികളും ഗാന്ധിജിയും ചെയ്തതുപോലെ ആരാധാനലയങ്ങളിൽ നിന്ന് ദേവീ-ദേവന്മാരെയും മതത്തെയും ജനസമൂഹത്തിലേക്ക് എത്തിക്കേണ്ടിയിരിക്കുന്നു. വേഷഭൂഷാദികളിലല്ല കേട്ടുതഴമ്പിച്ച ദൈവ-ദൈവീക വചനങ്ങൾക്ക് നാം പ്രാധാന്യം നൽകുന്നതോടൊപ്പം മാനവ പുരോഗതിക്ക് മതദർശനങ്ങളും, കാഴ്ച്ചപ്പാടുകളും വ്യാഖ്യാനങ്ങളും എത്രത്തോളം ഉതകുമെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു.

മതമില്ലാത്ത ഒരു സമൂഹമെന്ന കാഴ്ച്ചപ്പാടല്ല നാം വളർത്തേണ്ടത്. പരസ്പര ബഹുമാനത്തോടെ വർത്തിക്കുന്ന, അന്ധവിശ്വാസങ്ങൾ അംഗീകരിക്കാത്ത, വ്യക്തികൾ വെറുപ്പും വിദ്വേഷവും പകയുമില്ലാത്ത മത സഹിഷ്ണണുതയുള്ള ഒരു സമൂഹവും, രക്തചൊരിച്ചിലില്ലാത്ത ഒരു രാഷ്ട്രവുമാണ് ഇവയല്ലോ നമുക്ക് വേണ്ടത്.

രാഷ്ട്രം അഗ്നിപരീക്ഷണം നേരിടുന്ന ഓരോ അവസരത്തിലും ആരെയും പഴിചാരാതെ ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും നീരുറവകളിൽ നിന്ന് സബ്കോ സൻമദി ദേ ഭഗവൻ (എല്ലാവർക്കും ശാന്തിയും സമാധാനവും പ്രദാനം ചെയ്യേണമേ ഭഗവാനേ) എന്ന ഗാന്ധിജിയുടെ പ്രിയ ഭജനിൽനിന്ന് നമുക്ക് ആവേശം ഉൾക്കൊള്ളാം.●

*ന്യൂഡൽഹി ഇന്ത്യൻ കൗൺസിൽ ഫോർ ഗാന്ധിയൻ സ്റ്റഡീസിലെ ചെയർമാനും കേരള ഗാന്ധി സ്മാരക നിധി ചെയർമാനുമാണ് ലേഖകൻ*



# ഗുരുവിന്റെ വാക്ക്

**മതത്തെ ആചാരങ്ങളായി കാണാതെ, അറിവും ആശയവുമായി മനസ്സിലാക്കണമെന്ന ഗുരുവിന്റെ ഉപദേശം ഇന്ന് കൂടുതൽ പ്രസക്തമാവുകയാണ്.**

**ഷിജു ഏലിയാസ്**

ഇന്നത്തെ കേരളം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച ചരിത്ര സ്രഷ്ടാവാണ് നാരായണ ഗുരു. കേരളീയരുടെ ചിന്തയിലും കാഴ്ചപ്പാടുകളിലും ഗുരുവിന്റെ ആശയങ്ങൾ ആഴത്തിൽ സ്വാധീനം ചെലുത്തി. വിശ്വാസമല്ല, ജ്ഞാനമായിരുന്നു ഗുരുവിന്റെ മതം. തന്റെ ജ്ഞാന ബുദ്ധിക്ക് നിരക്കാത്ത ആചാരങ്ങളെ ഗുരു ചോദ്യം ചെയ്തു. 1888 ലെ അരുവിപ്പുറം പ്രതിഷ്ഠയിലൂടെ ശ്രദ്ധേയനായതു മുതൽ 1928ൽ സമാധിയാകുന്നതുവരെ സവർണ്ണ മത യാഥാസ്ഥിതികത്വത്തിന്റെ കടുത്ത വിമർശകനായി ഗുരു അറിയപ്പെട്ടു. മറ്റൊരാളും മലയാളികളുടെ ധാർമികബോധവുമായി ഇത്രയധികം ആഴത്തിൽ സംവദിച്ചിട്ടില്ല.

ഒരു പരിഷ്കൃത സമൂഹത്തിന്റെ മതവും അധ്യാത്മബോധവും എന്തായിരിക്കണം എന്നതിന് ഗുരു ഒരു തുറന്ന പാഠപുസ്തകമായി. ചിന്തയുടെ ആഴവും അറിവിന്റെ ആധികാരികതയും കൊണ്ട് അദ്ദേഹം വിമർശകരെ നിശ്ശബ്ദരാക്കി. ജാതി വ്യവസ്ഥയ്ക്കെതിരായ ഗുരുവിന്റെ വാക്കുകൾ മലയാളിയുടെ ധാർമിക ബോധത്തെ തട്ടിയുണർത്തി. ലോകം കേൾക്കാൻ ആഗ്രഹിച്ചതും മറ്റുള്ളവർ പറയാൻ ധൈര്യപ്പെടാതിരുന്നതും ഗുരുവിൽ നിന്ന് കേരളം കേട്ടു. അതൊരിക്കലും ഏതെങ്കിലും സമുദായത്തോടോ സമുദായങ്ങളോടോ ഉള്ള വിദ്വേഷമോ കലഹമോ ആയി മാറിയില്ല. സ്വയം മാറാനും, അതിലൂടെ, മാറ്റത്തിന്റെ ത്വരകങ്ങളാവാനും അധഃസ്ഥിത സമൂഹങ്ങളെ അദ്ദേഹം പ്രേരിപ്പിച്ചു. മ

റ്റു പല ആത്മീയ ആചാര്യൻമാരിൽ നിന്നും വ്യത്യസ്തമായി ഗുരു ഹ്രസ്വമായി സംസാരിച്ചു. പറഞ്ഞതിലധികം പറയാതെ വച്ചു. ചിലപ്പോൾ, ദർശനത്തിന്റെ ഒരു മഹാപ്രപഞ്ചം ഒരു ചിമിഴിൽ എന്നപോലെ ഏതാനും വാക്കുകളിൽ ഒതുക്കി.

ഇന്ത്യക്ക് പുറത്തുള്ള ലോകം ഗുരുദേവനെ അറിഞ്ഞത് നടരാജഗുരുവിലൂടെയാണ്. ലോകത്തെ മഹാദാർശനികരിൽ ഒരാളായാണ് അദ്ദേഹം ശ്രീനാരായണ ഗുരുവിനെ ലോകത്തിന് പരിചയപ്പെടുത്തിയത്. ജ്ഞാനമാണ് ഗുരു കണ്ടെത്തിയ മോചനമാർഗം. സവർണ്ണ മേൽക്കോയ്മയ്ക്കെതിരായ അദ്ദേഹത്തിന്റെ വാക്കുകൾ പുതിയൊരു കാലത്തിന്റെ സൂചനയായി.

ഗുരു വചനങ്ങൾ മലയാളത്തിൽ എഴുതപ്പെട്ട ഏറ്റവും മികച്ച കവിതകൾ കൂടിയാണ്. അദ്വൈത ദർശനത്തെ അദ്ദേഹം പണ്ഡിത സദസുകളിൽ നിന്ന് മോചിപ്പിച്ച് ജനങ്ങളിൽ എത്തിച്ചു. ജീവിതത്തിന്റെ ഭാഷയിൽ ദർശനത്തെ വിശദീകരിച്ചു. വിമോചനത്തിന്റെ ജ്ഞാനമാർഗം ഉപദേശിച്ചു. ആത്മീയ പുരുഷൻമാർക്ക് അന്നോളമുണ്ടായിരുന്ന അത്ഭുത പരിവേഷം ഗുരു ഇല്ലാതാക്കി. തന്റെ ദിവ്യത്വം തന്റെ ജ്ഞാനമാണെന്ന് അദ്ദേഹം പ്രവൃത്തികളിലൂടെ കാണിച്ചു. മതഭേദം ബാഹ്യ പ്രതീതി മാത്രമാണെന്നും എല്ലാ മതങ്ങളുടെയും കേന്ദ്ര തത്ത്വം മനുഷ്യ നന്മയാണെന്നും ഗുരു പഠിപ്പിച്ചു. ജാതി എല്ലാ ആത്മീയ തത്ത്വങ്ങൾക്കും എതിരായ കടുത്ത തിൻമയാണെന്ന് ഗുരു വ്യക്തമാക്കി. ഗുരുവാക്യങ്ങൾ ഗുരുവിന്റെ ഉപദേശങ്ങൾ ജനങ്ങൾക്ക് യുഗാതിവർത്തികളായ നാടൻ പാട്ടുകളേക്കാൾ ആഴത്തിൽ ഹൃദിസ്ഥമായി.



നടരാജ ഗുരു

സവർണ്ണാധിപത്യം കൊടികുത്തിവാണ കാലത്തായിരുന്നു ഗുരുവിന്റെ ജനനം. കൃഷിയോഗ്യമായ ഭൂമിയുടെ വലിയ പങ്കും അന്ന് ബ്രാഹ്മണരായ ജന്മിമാരുടെ കൈവശത്തിലായിരുന്നു. പാട്ടക്കാരായ അവർണ്ണർ അടിമ സമാനമായ ചൂഷണവും കടുത്ത വിവേചനവും അനുഭവിച്ചു. രാജാവിന്റെയും സിൽബന്തികളുടെയും പിടിപ്പുകേടും കെടുകാര്യസ്ഥതയും, യുദ്ധം പോലുള്ള മറ്റുകാരണങ്ങളും കൊണ്ട് ഖജനാവ് ശോഷിച്ചപ്പോഴെല്ലാം അവർ സാധാരണക്കാരുടെ മേൽ പുതിയ പുതിയ നികുതികൾ അടിച്ചേൽപ്പിച്ചു. പതിനാറു വയസു തികഞ്ഞ അവർണ്ണ സമുദായക്കാരിൽ നിന്ന് ആളെണ്ണി തലവരി പിരിച്ചു. വീടു മേയുന്നതിനടക്കം നികുതി ചുമത്തി.

വിചിത്രമെന്ന് പറയട്ടെ, പതിനാറ് വയസിനു മുകളിൽ പ്രായമുള്ള അവർണ്ണ യുവതികളിൽ നിന്ന് മുലക്കരം പോലും പിരിച്ചു. ഇത്തരം അധിക നികുതികളിൽ നിന്ന് സവർണ്ണരെ ഒഴിവാക്കിയിരുന്നു. ഒരേ കുറ്റത്തിന് സവർണ്ണ സമുദായക്കാർക്ക് കുറഞ്ഞ ശിക്ഷയും മറ്റുള്ളവർക്ക് കൂടിയ ശിക്ഷയും നൽകി. അവയവങ്ങൾ മുറിച്ചു മാറ്റുന്നതു മുതൽ ചിത്രവധം വരെയുള്ള കടുത്ത ശിക്ഷകൾക്ക് അവർണ്ണർ വിധേയരാക്കപ്പെട്ടു. ആത്മീയരംഗത്തും കടുത്ത വിവേചനം നിലനിന്നു. നമ്പൂതിരിമാരും മറ്റ് അമ്പലവാസി സമുദായങ്ങളും പ്രധാന ക്ഷേത്രങ്ങൾ എല്ലാം കൈയ്യടക്കി വച്ചു. ഗുരുവിന്റെ സമുദായമായ ഈഴവർ ഉൾപ്പെടെയുള്ള അവർണ്ണ ജാതിക്കാർക്ക് ഈ ക്ഷേത്രങ്ങളുടെ പരിസരത്തു പോലും പ്രവേശനം അനുവദിക്കപ്പെട്ടിരുന്നില്ല. ആധുനിക വിദ്യാഭ്യാസം നേടിയ ഈഴവർക്ക് ജാതിയുടെ പേരിൽ അവസരങ്ങൾ നിഷേധിക്കപ്പെട്ടു. മാന്യമായ സർക്കാർ ശമ്പളം വാങ്ങുന്ന ഒരാൾ പോലും അന്നത്തെ ഈഴവ സമുദായത്തിൽ ഉണ്ടായിരുന്നില്ല. ആധുനിക ചികിത്സ അഭ്യസിച്ചവർ വിരലിൽ എണ്ണാവുന്നത്ര കുറവായിരുന്നിട്ടും, വിദേശത്തു നിന്ന് ഉന്നത വിദ്യാഭ്യാസം നേടി തിരിച്ചെത്തിയ ഡോക്ടർ പൽപ്പുവിനെ അംഗീകരിക്കാൻ അന്നത്തെ സവർണ്ണ യാഥാസ്ഥിതികത്വം തയ്യാറായില്ല. ഒരുദ്യോഗം തരപ്പെടുത്താൻ അദ്ദേഹത്തിന് കേരളം വിടേണ്ടി വന്നു. സവർണ്ണ സമൂഹം ചണ്ഡാളരായി കണക്കാക്കി അകറ്റി നിർത്തിയ ഈഴവ സമുദായത്തിൽ നിന്ന് എല്ലാ എതിർപ്പുകളെയും നിഷ്പ്രഭമാക്കുന്ന ആത്മീയ പ്രഭാവവും സാമൂഹ്യ അംഗീകാരവുമായി ഗുരു ഉയർന്നു വന്നു. ഗുരുവിലെ വിമോചന നായകൻ ജ്ഞാനത്തിന്റെയും കർമത്തിന്റെയും വഴിയിൽ സഞ്ചരിച്ചു.

ജാതി വ്യവസ്ഥയെ നേരിട്ടോ അല്ലാതെയോ പിന്തുണയ്ക്കുന്ന ഒന്നിനെയും ഗുരു വകവച്ചില്ല. വേദാന്ത ദർശനത്തിന്റെ പരമാചാര്യനായ ആദിശങ്കരനെ പോലും കണ്ണുമടച്ച് അംഗീകരിക്കാൻ അദ്ദേഹം തയ്യാറായില്ല. ഗുരുവിന്റെ നേതൃത്വത്തിൽ (1903 ൽ) സ്ഥാപിച്ച ശ്രീ നാരായണ ധർമ്മ പരിപാലന യോഗം നവോത്ഥാനത്തിന്റെ പുതിയൊരു യുഗത്തിന് നാന്ദി കുറിച്ചു. നാരായണ ഗുരുവിന്റെയും അദ്ദേഹത്തിന്റെ ശിഷ്യൻമാരുടെയും പ്രവർത്തനങ്ങൾ കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷം മാറ്റി മറിച്ചു.

വേദാന്തം പറയുന്ന ഈഴവനെ അംഗീകരിക്കാൻ ആത്മീയതയുടെ മൊത്തക്കച്ചവടക്കാരായി സ്വയം കരുതിയ സവർണ്ണ മത നേതാക്കൾ തുടക്കത്തിൽ വിമുഖത കാട്ടി. ഗുരുവിന്റെ അനിതരസാധാരണമായ ജ്ഞാനവും വ്യക്തിപ്രഭാവവും എല്ലാ എതിർപ്പുകളും നിഷ്പ്രഭമാക്കി. സ

വർണ്ണ വിഭാഗങ്ങളിൽ നിന്ന് കടുത്ത അവഗണനയും അടിച്ചമർത്തലും നേരിട്ടു പോന്ന അധഃസ്ഥിതരായ ജനങ്ങൾ, വിശേഷിച്ച് ഈഴവർ, ഗുരുവിനെ ഒരു വിമോചകനായി മനസ്സിലാക്കാൻ തുടങ്ങി.

സാമൂഹ്യമായ ബഹിഷ്കരണവും അവഗണനയും അതിജീവിച്ച് സ്വാതന്ത്ര്യത്തിന്റെയും അറിവിന്റെയും ആത്മീയ ജ്ഞാനത്തിന്റെയും വഴിയിലേക്കു പ്രവേശിക്കാൻ വെമ്പുകയായിരുന്നു അന്നത്തെ ഈഴവ സമുദായം. ഗുരുവിന്റെ പിതാവായ മാടനാശാന് സംസ്കൃതത്തിലും ജ്യോതിഷത്തിലും പുരാണങ്ങളിലും ആഴത്തിലുള്ള അറിവുണ്ടായിരുന്നു. ആയുർവേദത്തിലും അദ്ദേഹം നിപുണനായിരുന്നു. അമ്മാവനാവട്ടെ, പേരെടുത്ത വൈദ്യനും സംസ്കൃത പണ്ഡിതനും ആയിരുന്നു. സാമ്പത്തികമായും സാമൂഹ്യ അംഗീകാരത്തിന്റെ കാര്യത്തിലും അത്രയൊന്നും പിറകിലായിരുന്നില്ല ഗുരു ജനിച്ച വയൽവാരം വീടും അമ്മ വീടായ ഇലഞ്ഞിക്കൽ തറവാടും.

സാമ്പത്തികമായും സാമൂഹ്യമായും പുരോഗതിയുടെ പാതയിൽ പ്രവേശിച്ച ഈഴവ സമൂഹം സവർണ്ണാധിപത്യത്തെ വെല്ലുവിളിക്കുന്ന ഗുരുവിന്റെ ആത്മീയ പ്രഭാവത്തെ പ്രതീക്ഷയോടെ കണ്ടു. സവർണ്ണാവർണ്ണ വ്യത്യാസമില്ലാതെ മുഴുവൻ ജനങ്ങളും ഗുരുവിനെ ദിവ്യപ്രഭാവമുള്ള ഒരു ആത്മീയ പുരുഷനായി കണക്കാക്കാൻ തുടങ്ങിയതോടെ, സവർണ്ണ പ്രമാണിമാരുടെ എതിർപ്പ് ഒരു പരിധി വരെ നീങ്ങി. തലശ്ശേരി ജഗന്നാഥ ക്ഷേത്രം അടക്കമുള്ള നിരവധി ക്ഷേത്രങ്ങൾ അദ്ദേഹം പ്രതിഷ്ഠ നടത്തി. ജാതി ഭ്രാന്ത് തലയ്ക്കു പിടിച്ച ഒരു ചെറിയ വിഭാഗമൊഴികെ എല്ലാവരും അദ്ദേഹത്തെ അംഗീകരിച്ചു.

ഗുരുവിനാകട്ടെ, ആത്മീയതയും ജീവിതവും രണ്ടായിരുന്നില്ല. ജാതിക്കും മതത്തിനും അതീതമായ ആത്മീയതയ്ക്കു വേണ്ടി അദ്ദേഹം നിലകൊണ്ടു.

ജാതി നിർമാർജനത്തിനും സാമൂഹ്യ സമത്വത്തിനും വേണ്ടി പ്രവർത്തിച്ച വലിയൊരു വിഭാഗം ഗുരുവിനെ ഒരു സാമൂഹ്യ പരിഷ്കർത്താവായി കണക്കാക്കി. ഗുരുവിനെ അടുത്തറിഞ്ഞ ശിഷ്യന്മാർക്ക് അദ്ദേഹം ജീവിതത്തിന്റെ പൊരുളറിഞ്ഞ ജ്ഞാനസ്വരൂപനായ ഗുരുവായിരുന്നു. മഹാജ്ഞാനിയായ ഗുരുവിനെ സാമൂഹ്യ പരിഷ്കർത്താവ് എന്ന് വിളിക്കുന്നത് ഇകഴ്ത്തലായാണ് അദ്ദേഹത്തിന്റെ പല ശിഷ്യന്മാരും കണ്ടത്.







കേരളീയർക്കു മാത്രമല്ല, ഇന്ത്യയിലെ ഇതര സംസ്ഥാനക്കാർക്കും വിദേശികൾക്കും (വിശേഷിച്ച് പടിഞ്ഞാറൻ യൂറോപ്പുകാർക്ക്) ഗുരു പരിചിതനാണ്. സ്വാമി വിവേകാനന്ദൻ ശ്രീരാമകൃഷ്ണ സന്ദേശങ്ങൾ ലോകത്തിനു പരിചയപ്പെടുത്തിയതു പോലെ, മഹായോഗിയായ നടരാജഗുരു ശ്രീനാരായണ ദർശനം ഭാഷയുടെ അതിരുകൾക്ക് അപ്പുറത്തെത്തിച്ചു. (നടരാജഗുരു രചിച്ച 'ഇന്റഗ്രേറ്റഡ് സയൻസ് ഓഫ് ദ അബ്സല്യൂട്ടിസ്റ്റ്' ഗുരുദർശനത്തെ വ്യാഖ്യാനിക്കുന്ന ഈടുറ്റ കൃതിയാണ്).

പരിഷ്കൃതയുഗത്തിന് യോജിച്ച രീതിയിൽ വിശ്വാസങ്ങളും ആചാരങ്ങളും പരിഷ്ക്കരിക്കാൻ ഗുരു ആഗ്രഹിച്ചു. അതിനു വേണ്ടി പ്രവർത്തിക്കാൻ തന്റെ ശിഷ്യന്മാരെ അദ്ദേഹം പ്രേരിപ്പിച്ചു. മൃഗബലി, ദുർമന്ത്രവാദം, ആഭിചാരം മുതലായവയുടെ കൂത്തരങ്ങായി മാറിയ ക്ഷേത്രങ്ങൾ ജ്ഞാനത്തിന്റെയും ധർമ്മത്തിന്റെയും വഴിയിലേക്ക് തിരിച്ചു വരേണ്ടതാണെന്ന് അദ്ദേഹം കരുതി. തുടക്കത്തിൽ, ജാതിയെ തള്ളിപ്പറഞ്ഞ ഗുരു, കുറച്ചു കൂടി മുന്നോട്ടു പോയി, മത വിഭജനത്തെയും നിരാകരിക്കുന്നതാണ് പിന്നീട് കേരളം കണ്ടത്. വ്യത്യസ്ത മതങ്ങളിൽ നിന്ന് ഗുരുവിന് അനുയായികളുണ്ടായി. തന്റെ മതത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾക്ക് നിരക്കാത്ത എന്തെങ്കിലും ഗുരു പറയുന്നതായി അവരിൽ ആർക്കും തന്നെ തോന്നിയില്ല. താൻ ഏതെങ്കിലും ഒരു പ്രത്യേക ജാതിയുടെയോ മതത്തിന്റെയോ ആളല്ലെന്ന് ഗുരു പ്രഖ്യാപിച്ചു. ഇനി വേണ്ടത് ക്ഷേത്രങ്ങളല്ലെന്ന് വ്യക്തമാക്കിയ ഗുരു ആധുനിക വിദ്യാഭ്യാസവും വ്യവസായവും വളർത്താൻ ശ്രമിച്ചു. ഗുരു തെളിച്ച നവോത്ഥാനത്തിന്റെ വഴിയിലൂടെയാണ് അര നൂറ്റാണ്ടു കാലം കേരളം നടന്നത്. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന് പഠിപ്പിച്ച ഗുരുവിന്റെ ശി




ഷ്യനായ സഹോദരൻ അയ്യപ്പൻ ജാതി വേണ്ട മതം വേണ്ട ദൈവം വേണ്ട മനുഷ്യന് എന്ന് പ്രസംഗിച്ചു. ഗുരുവിന്റെ പ്രവർത്തനങ്ങൾ സാമൂഹ്യ വിമോചനത്തിനും രാഷ്ട്രീയ മാറ്റങ്ങൾക്കും മണ്ണൊരുക്കി. ലോകത്തിനൊപ്പം കേരളവും മാറി. ആ മാറ്റത്തിന്റെ രാസത്വരകമായി ഗുരുദർശനം ജനമനസ്സുകളിൽ പ്രവർത്തിച്ചു. സവർണാധിപത്യത്തെ നേർക്കുനേർ നോക്കി, ഞങ്ങളുടെ മക്കളെ പഠിക്കാൻ സമ്മതിച്ചില്ലെങ്കിൽ നിങ്ങളുടെ വയലിൽ ഞങ്ങൾ പണിക്കിറങ്ങില്ല എന്ന് അയ്യൻകാളി പ്രഖ്യാപിച്ചു. ഉണ്ടും ഉറങ്ങിയും സംബന്ധം നടത്തിയും കാലം കഴിക്കുന്നതിനു

**ജാതി വേണ്ട മതം വേണ്ട ദൈവം വേണ്ട മനുഷ്യന്** – സഹോദരൻ അയ്യപ്പൻ

**ഞങ്ങളുടെ മക്കളെ പഠിക്കാൻ സമ്മതിച്ചില്ലെങ്കിൽ നിങ്ങളുടെ വയലിൽ ഞങ്ങൾ പണിക്കിറങ്ങില്ല** – അയ്യൻകാളി

**തോട്ടിപ്പണിയെടുത്താണെങ്കിലും അന്തസ്സായി ജീവിക്കണമെന്ന് നമ്പൂതിരി സമുദായത്തോട്** – ഇ എം എസ് നമ്പൂതിരിപ്പാട്





• സഹോദരൻ അയ്യപ്പൻ • അയ്യൻകാളി • ഇ എം എസ്നമ്പൂതിരിപ്പാട്

പകരം, തോട്ടിപ്പണിയെടുത്താണെങ്കിലും അന്തസ്സായി ജീവിക്കണമെന്ന് നമ്പൂതിരി സമുദായത്തോട് ഇ എം എസ് ആഹ്വാനം ചെയ്തു. രാഷ്ട്രീയത്തിലും കലയിലും സാഹിത്യത്തിലും പുതിയ ഭാവുകത്വവും സംവേദനക്ഷമതയും രൂപപ്പെട്ടു. മതത്തിന്റെ ചിറകിനടിയിൽ നിന്ന് രാഷ്ട്രീയം സ്വതന്ത്രമായി. ആചാരങ്ങൾ വരിഞ്ഞുമുറുക്കിയിരുന്ന ആത്മീയത ഭക്തിയുടെ സൗന്ദര്യം കണ്ടെത്തി.

മനുഷ്യത്വവും ഈശ്വര സങ്കല്പവും കച്ചവട താൽപര്യങ്ങൾക്കും വിപണി മൂല്യങ്ങൾക്കും വഴിപ്പെടുന്ന വർത്തമാനകാലത്ത് ഗുരുവിന്റെ ചിന്തകൾ എന്നത്തേതിലും പ്രസക്തമാവുകയാണ്. വിശ്വാസത്തിന്റെ പേരിലുള്ള തട്ടിപ്പുകൾ മുമ്പൊരിക്കലും ഇല്ലാത്ത വിധം പെരുകിയിരിക്കുന്നു. ശക്തിപ്പെടുന്നു. ജ്ഞാനത്തിനല്ല, വിശ്വാസത്തിനാണ് കൂടുതൽ വിപണി മൂല്യമെന്ന് കമ്പോള ശക്തികൾ മനസ്സിലാക്കിയിരിക്കുന്നു. ജാതി ചിന്തയും വർഗീയ വിദ്വേഷവും ഊക്കോടെ തിരിച്ചു വരുന്നു. രാഷ്ട്രീയത്തിൽ മതത്തിന്റെയും മതത്തിൽ രാഷ്ട്രീയത്തിന്റെയും ഇടപെടൽ ശക്തിപ്പെടുന്നു. മതത്തെ ആചാരങ്ങളായി കാണാതെ, അറിവും ആശയവുമായി മനസ്സിലാക്കണമെന്ന ഗുരുവിന്റെ ഉപദേശം ഇന്ന് കൂടുതൽ പ്രസക്തമാവുകയാണ്. ഇസ്ലാം സാഹോദര്യവും, ക്രിസ്തുമതം സ്നേഹവുമാണെന്ന ഗുരുവിന്റെ പരാമർശം ഓർമിക്കുക. മതത്തെ സങ്കീർണ്ണങ്ങളായ ദൈവശാസ്ത്ര തത്ത്വങ്ങളിൽ നിന്ന് സ്വതന്ത്രമാക്കി അതിന്റെ മർമം കണ്ടെത്താൻ ഗുരുവിനു കഴിഞ്ഞു. മതങ്ങൾക്കിടയിലെ ഭിന്നിപ്പിന്റെ തലം ഇല്ലാതാവുന്ന ഒരു ആത്മീയതാസങ്കൽപം അവതരിപ്പിക്കാനും ജനങ്ങളെ അതിനൊപ്പം നിർത്താനും കഴിഞ്ഞതാണ് ഗുരുവിന്റെ മഹത്വം. ശബ്ദാഡംബരങ്ങളിലേക്കും ആചാരബാഹുല്യത്തിലേക്കും തിരിച്ചു പോകുന്ന മതത്തിന് ഗുരു ഒരു തിരുത്താണ്. ഭക്തർക്ക് ആത്മീയ പുരുഷനും ജ്ഞാനികൾക്ക് ഗുരുവും വിമോചന വാദികൾക്ക് സാമൂഹ്യ പരിഷ്കർത്താവുമായ മഹാഗുരുവിന്റെ വാക്കുകളിൽ കാലം ആവശ്യപ്പെടുന്ന ഉത്തരങ്ങളുണ്ട്.●



പെൺതെയ്യം കെട്ടിയാടുന്ന കേരളത്തിലെ ഏക ഭഗവതിക്കാവാണ് ഈ തായക്കാവ്. രണ്ടു വർഷത്തിലൊരിക്കലാണ് ദേവക്കൂത്ത് എന്നറിയപ്പെടുന്ന ഈ സ്ത്രീ തെയ്യം കണ്ണൂരിൽ മാട്ടൂൽ പഞ്ചായത്തിലെ തെക്കുമ്പാട് കുലോം തായക്കാവിൽ കെട്ടിയാടുന്നത്.

# പൂമാലക്കാവിലെ ദേവക്കൂത്ത്

**ജേക്കബ് എബ്രഹാം**

കോലത്തുനാട്ടിൽ വീണ്ടുമെത്തി ഒരു കളിയാട്ടക്കാലം. കാവുകളിൽ കോലങ്ങൾ ഉറഞ്ഞാടുന്ന രാപ്പകലുകൾ എങ്ങും. ഗ്രാമോത്സവങ്ങളുടെ ഉൽസാഹം വൃശ്ചികത്തിലെ ഇളംതണുപ്പുള്ള രാവുകളിലും പുലരികളും തെയ്യം ഉരിയാടുന്നു. എല്ലാ വഴികളും കളിയാട്ടക്കാവുകളിലേക്ക്. ഇടവഴികളിൽ ട്യൂബ് ലൈറ്റിൻ വെട്ടം. മരങ്ങളിൽ തോരണങ്ങൾ. വീടുകളിലെല്ലാം അതിഥികൾ. ചെണ്ടത്താളത്തിന്റെ ഏറ്റം കാതോരം. വീടുകൾ പുറം ചുമരിൽ പുതുകുമ്മായം പൂശുന്നു. അടുക്കളകളും അകത്തളങ്ങളും വിഭവങ്ങൾ ഒരുക്കുന്നു. ഊര് വീട്ടു പോയ കൂട്ടക്കാരെയും കൂട്ടുകാരെയും വഴിവിളക്കുകൾ സ്വാഗതം ചെയ്യുന്നു. ചൂട്ടുകറ്റകൾ വീശി വീശി തെളിയുന്ന വെട്ടത്തിൽ മലേരി കയറി തെയ്യം തീച്ചാമുണ്ഡിയാവുന്നു. വടക്കേ മലബാർ പ്രാക്തനമായ ഒരു ഗോത്രകാലത്തേക്ക് ഉണരുന്നു. ആധുനികതകളുടെ മുഖംമൂടികളെല്ലാം അഴിഞ്ഞുവീണ് ശരീരവും മനസ്സും കാർഷികസംസ്കൃതിയുടെ പഴംകാലത്തേക്ക് ഒരിക്കൽ കൂടിയെത്തുന്നു. ഓരോ തെയ്യക്കാലത്തും നാട്ടിൽ വന്ന് പോകുന്ന ബന്ധുമിത്രാദികൾ വിഷാദത്തോടെ പറയും:

'അടുത്ത തെയ്യത്തിന് കാണാമപ്പാ..'

ഗുണം വരണമെന്നോതി. ഗുണദോഷം പറഞ്ഞ്, തെയ്യങ്ങൾ കാവിറങ്ങുന്നതും ദു:ഖാർദ്രമായ കാഴ്ച്ചയാണ്. ഓരോ കളിയാട്ടക്കാലവും കഴിയുമ്പോൾ പുതിയ പ്രതീക്ഷകളുമായി ഭക്തർ കാവിറങ്ങുന്നു, കണ്ണുകളിലും മനസ്സിലും അടുത്ത കളിയാട്ടക്കാലം വരെയുള്ള ഓർമ്മകൾ നിറഞ്ഞു നിൽക്കും, സമ്മിശ്രമായ വികാരങ്ങൾ ചെണ്ടത്താളത്തിൽ ഉപബോധത്തിൽ തോറ്റം പാടിക്കൊണ്ടേയിരിക്കും. ദിനരാത്രങ്ങളിൽ കത്തുന്ന ചൂട്ടുകറ്റകളുടെ വെളിച്ചത്തിൽ കാവും ഇരുളും തെയ്യവും ഒരു ജീവിതനാടകത്തിലെന്നപോലെ പിന്നെ ആടിക്കൊണ്ടേയിരിക്കും.

തെയ്യം വടക്കൻ മലബാറിൽ പലദേശങ്ങളിലും പല വിളിപ്പേരികളിൽ അറിയപ്പെടുന്നു. പഴയങ്ങാടി പുഴയ്ക്ക് വടക്കോട്ട് കളിയാട്ടം. തെക്ക് വളപട്ടണം വരെ തെയ്യം. തെക്കോട്ടുമുതൽ തിറയും തിറയാട്ടവും. തുലാപ്പത്ത് മുതൽ ഇടവപ്പാതി വരെയാണ് വടക്കേമലബാറിലെ തെയ്യക്കാലം. ഓരോ കളിയാട്ടക്കാലവും അങ്ങനെ വടക്കൻ മലബാറിലെ കാവുകളെ ഉണർത്തുന്ന, മനുഷ്യരെ ഒന്നിപ്പിക്കുന്ന അപൂർവ്വമായ ഉത്സവകാലമാണ്.

കേരളത്തിലെ അനുഷ്ഠാന കലകളിൽ പ്രഥമപരിഗണന അർഹിക്കുന്ന തെയ്യത്തെക്കുറിച്ച് നിരവധി ഗവേഷണ പുസ്തകങ്ങളും പ്രബന്ധങ്ങളും ഡോക്യുമെന്ററികളും കഥകളും നോവലുകളും സിനിമകളും ഇന്ന് നമ്മുടെ പൊതുവായ ജ്ഞാനസ്രോതസ്സിൽ അങ്ങനെ കിടക്കുന്നുണ്ട്. ഈ മേഖലയിൽ സ്വദേശികളും വിദേശികളും പഠനം നടത്തുന്നു. തെയ്യം ദേവതാപ്രീതിക്കായുള്ള വിവിധ അനുഷ്ഠാനങ്ങളിൽ ഒന്നു തന്നെയെന്ന് പഠനങ്ങൾ തെളിയിക്കുന്നു. കാളിയൂട്ട്, തീയാട്ട്, മുടിയേറ്റ്, പടേനി, പാന, സർപ്പംതുള്ളൽ, കണ്യാർകളി എന്നില ഉൾപ്പെടുന്ന വിശാലമായ ദേവതാ അനുഷ്ഠാനങ്ങളിലെ കലാശൃംഖലയിലെ ഒന്നാമൻ. വണ്ണാൻ, മലയൻ, തുളുവേലൻ, ചിങ്കത്താൻ, മാവിലൻ, കോപ്പാളൻ, അഞ്ഞൂറ്റാൻ, മൂന്നൂറ്റാൻ, പാണൻ, മണ്ണാൻ തുടങ്ങി നിരവധി സമുദായക്കാരാണ് തെയ്യം തിറ കെട്ടിയാടുന്നവർ.

തെയ്യം തിറകൾ കെട്ടിയാടിച്ചാൽ വ്യക്തികൾക്കും കുടുംബത്തിനും സമൂഹത്തിനും ഗ്രാമത്തിനും ക്ഷേമം വരുമെന്നാണ് വിശ്വാസം. കണ്ണൂരിൽ ഗൃഹപ്രവേശനത്തിന് വീട്ടിൽ കൂടലെന്നാണ് പറയുക.. വീട്ടിലെ ഗൃഹസ്ഥൻ വീടെന്ന സ്വപ്നം സഫലമാക്കിയ മുത്തപ്പനോടുള്ള കടപ്പാട് പോലെയാണ് വീട് പണികഴിപ്പിച്ചാൽ മുത്തപ്പൻ വെള്ളാട്ടം നടത്തുക. വീടിനോട് ചേർന്ന് മടപ്പുരയും തെയ്യങ്ങളും ഒരുക്കി നടത്തുന്ന ഈ ആചാരത്തിന് ഞാനും സാക്ഷിയായിട്ടുണ്ട്. പല വീടുകളിലും മു

ത്തപ്പൻ വെള്ളാട്ടത്തിന് മദ്യസൽക്കാരവും സദ്യയും തന്നെ ലഭിക്കും. വിഷ്ണുമൂർത്തിത്തോറ്റത്തിന്റെ വരവിളിയിൽ ഈ കാര്യം വിശദമായി പാടിവെയ്ക്കുന്നുണ്ട്:

'അകത്തിനും പടയ്ക്കും
കൂട്ടത്തിനും കുറിക്കും
നായാട്ടുകാര്യത്തിനും
നരിവിളക്കും
അകംപടിക്കും സ്വരൂപത്തിനും
മുന്നായുധം ചൊല്ലി
വലത്തെ കൈയ്യാൽ തുണപ്പെട്ടു
നിരൂപിച്ച കാര്യങ്ങളെ
സാധിച്ചുകൊടുപ്പാൻ
വരിക വരിക വേണം'
(വിഷ്ണുമൂർത്തിത്തോറ്റം-വരവിളി)



ആഗ്രഹസാഫല്യത്തിന് മാത്രമല്ല ആപത്തിൽ നിന്നും രോഗത്തിൽ നിന്നും ഗ്രാമത്തെ രക്ഷിക്കുവാനും നാടിന് സൗഖ്യവും സമ്പത്തും നൽകാൻ കഴിയുന്നവരുമാണ് തെയ്യം തിറകളിലെ ദേവതകൾ. സന്താനഭാഗ്യത്തിന് മടക്കഭഗവതിയും നാഗഭഗവതിയും സുഖപ്രസവത്തിന് ഉച്ചിട്ട ഭഗവതി നായാട്ടിലെ വിജയത്തിന് വയനാട്ടു കുലവൻ, വസൂരി പോലുള്ള രോഗങ്ങളിൽ നിന്നുള്ള രക്ഷയ്ക്കായി വസൂരിമാല, കണ്ഠാകർണൻ തുടങ്ങിയ രോഗദേവതകളെ കെട്ടിയാടുന്നു. ഇങ്ങനെ ഗ്രാമീണമനസ്സിലെ ഉപബോധത്തിലെ ഓരോ ഇഴകളെയും സ്പർശിക്കുന്നുണ്ട് തെയ്യം. അതുകൊണ്ടുതന്നെയാണ് നമ്മുടെ നാടൻ കലകളിലെ ടോട്ടൽ തിയേറ്റർ എന്നു തെയ്യത്തെ വിളിക്കാവുന്നത്. പൂർവികാരാധനയും വീരാരാധനയും മറ്റൊരു പ്രധാന ഘടകമാണ്.

അന്വേഷിച്ചുപോയാൽ ഒരുപക്ഷെ സംഘകാലത്തിലായിരിക്കും തെയ്യത്തിന്റെ വേരുകൾ നമുക്കു കണ്ടെത്താനാവുക. ചിലപ്പോൾ അതിനും പിന്നിൽ. സംഘകാലത്തെ പ്രധാനരാജ്യമായ ഏഴിൽമല കണ്ണൂരിലെ പയ്യന്നൂരിനടുത്ത് സ്ഥിതിചെയ്യുന്ന ഉയർന്ന മലയായ ഏഴിമലയാണ്. ഈ രാജ്യം ഇന്നത്തെ വടകര മുതൽ മംഗലാപുരം വരെ വ്യാപിച്ചുകിടക്കുന്ന വലിയൊരു രാജ്യമായിരുന്നു. ഏഴിമല രാജാക്കന്മാരിൽ ഏറ്റവും ഖ്യാതി നേടിയ രാജനാണ് നന്നൻ. പരണർ, അഴിശ്രീ എന്നി കവികൾ ഈ രാജസദസ്സിനെ അലങ്കരിച്ചു. പോരാളിയും വീരനുമായ നന്നനെ ചേരനാട്ടിലെ യുവരാജനായ നാർമുടിച്ചേരൽ പടയിൽ തോൽപ്പിക്കുകയും നന്നനെ വധിക്കുകയും ചെയ്തു. അതോടെ ഏഴിമല രാജവംശം അവസാനിക്കുകയും ചേരരാജ്യത്തിൽ ചേർക്കപ്പെടുകയും ചെയ്തു.

സംഘകാലകവികൾ പലരും നന്നനെ പാടിപ്പുകഴ്ത്തിയിട്ടുണ്ട്. നന്നന്റെ പിൻമുറക്കാരാണ് കോലത്തിരിമാരുടെ മൂഷികവംശത്തിന് തുടക്കമിട്ടത്. തോണിയാണ് ഇവരുടെ രാജമുദ്ര. കോലത്തിരിമാർ കോലാറിൽ നിന്നും വന്ന യാദവരാണെന്നും ഒരുപക്ഷമുണ്ട്. രാജമുദ്രയിലും കൊടിയിലും വാകപ്പൂ കാണാം. ഇവരുടെ കുലദേവത തിരുവർക്കാട്ട് കാവ് അഥവാ ഇന്നത്തെ മാടായിക്കാവാണ്. കോലത്തുരാജാക്കന്മാരുടെ തമ്പുരാക്കന്മാരുടെയും അധീനതയിലായിരുന്ന കോലത്തുവയലുകളിലാണ് കൃഷിയുടെ സമൃദ്ധിയ്ക്കുവേണ്ടി തെയ്യങ്ങൾ ആടിത്തുടങ്ങിയതെന്ന് ഒരു കണ്ടെത്തലുണ്ട്.

ഇതിന് ആധാരമായി ചൂണ്ടിക്കാണിക്കാൻ കഴിയുന്നത് വടക്കൻ മലബാറിലെ കളിയാട്ട കലണ്ടറാണ്. നാട്ടുതനിമയുള്ള നാടൻകലകളും കേരളത്തിലെ ഋതുക്കളും തമ്മിൽ അടുത്ത ബന്ധമാണ്. തുലാപ്പത്തിന് മലബാറിൽ അതാത് കളിയാട്ടക്കാവുകളിൽ തുടങ്ങുന്ന തെയ്യം കോലത്തുനാട്ടിലെ കോലമന്നന്റെ സ്വരൂപദേവതയുടെ തിരുഅറുകാട്ടിലെ (മാടായിക്കാവ്) പെരുംകലശത്തോടെയാണ് അവസാനിക്കുന്നത്. പെരുംകളിയാട്ടമാണ് പെരുംകലശം. കാവ്, പള്ളിയറ, മുണ്ട്യ, കോട്ടം, കളരി, കഴകം, മതിലകം, ഇടം, മാടം, വാതിൽമാടം, ഗോപുരം തുടങ്ങിയ തെയ്യാട്ടം നടത്തുന്ന സ്ഥലങ്ങളാണ്. ഒപ്പം കൊയ്തൊഴിഞ്ഞ പാടങ്ങളിലും കാവ് കെട്ടി തെയ്യം നടത്തുന്നു.

അങ്ങനെ വിത്തുകാത്തും നാട് കാത്തും രോഗങ്ങൾ അകറ്റിയും വടക്കേ മലബാറിലെ ജനതയുടെ ജീവിതവുമായി തെയ്യം അലിഞ്ഞുചേർന്നുകിടക്കുന്നു. ഇലകളാടിയുലയുന്ന അരയാൽച്ചുവടുകളിലും പടർന്ന് പരന്ന പേരാൽച്ചുവടുകളിലും യക്ഷിക്കഥകളുറങ്ങും പാലച്ചുവടുകളിലും പൂതം പാർക്കും വള്ളിപ്പടർപ്പുകളിലും വിളക്കുകൾ തെളിയുന്നു. നാടിന് കാവലാകുന്ന നാട്ടുപരദേവതകളുടെ കളിയാട്ടങ്ങൾക്കായി അങ്ങനെ കോലത്തുനാട് ഉണരുന്നു.

## ദേവക്കൂത്ത്

ഭഗവതിത്തെയ്യങ്ങൾ പുരുഷമാർ കെട്ടിയാടുന്ന തെയ്യക്കാവുകളിലേക്ക് പോകുന്നതിന് പകരം ഇത്തവണത്തെ തെയ്യക്കാലത്ത് തെക്കു



മ്പാട് കുലോം തായക്കാവിലേക്ക് പോകാൻ ഞാൻ തീരുമാനിച്ചു. പെൺതെയ്യം കെട്ടിയാടുന്ന കേരളത്തിലെ ഏക ഭഗവതിക്കാവാണ് ഈ തായക്കാവ്. രണ്ടുവർഷത്തിലൊരിക്കലാണ് ദേവക്കൂത്ത് എന്നറിയപ്പെടുന്ന ഈ സ്ത്രീതെയ്യം കണ്ണൂരിൽ മാട്ടൂൽ പഞ്ചായത്തിലെ തെക്കുമ്പാട് കുലോം തായക്കാവിൽ കെട്ടിയാടുന്നത്. ദേവക്കൂത്തിന്റെ പ്രസിദ്ധി ഇന്ന് ലോകമെങ്ങും വ്യാപിച്ചിട്ടുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമാത്രമല്ല തെയ്യം ആരാധകർ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ദേവക്കൂത്ത് കാണാനെത്തുന്നു.

ചാമുണ്ഡി, ഭഗവതി, കാളി എന്നിങ്ങനെ അമ്മ ദൈവങ്ങളാണ് ഉത്തരമലബാറിലെ തെയ്യങ്ങളിലേറെയും. കാവുകളിൽ ഈ തെയ്യം കെട്ടിയാടുന്നത് പുരുഷന്മാരായ തെയ്യം കലാകാരന്മാരാണ്. ദേവക്കൂത്ത് അഥവാ മലയിക്കൂത്ത് എന്നറിയപ്പെടുന്ന ഈ തെയ്യം മാത്രമാണ് വടക്കൻ മലബാറിൽ സ്ത്രീകൾ കെട്ടിയാടുന്ന ഒരേയൊരു തെയ്യക്കോലം. തെക്കുമ്പാട് കുലോം തായക്കാവ് സ്ഥിതി ചെയ്യുന്നത് പ്രകൃതിരമണീയമായ ഒരു ദ്വീപിലാണ്. മൂന്നുവശവും ജലത്താൽ ചുറ്റപ്പെട്ട ഇവിടെ ധനുസംക്രമകാലത്ത് ദേവക്കൂത്ത് അരങ്ങേറുന്നു. സംഘകാല പാരമ്പര്യത്തിന്റെ പിന്തുടർച്ചയായാണ് പല ഗവേഷകരും ദേവക്കൂത്തിനെ കണക്കാക്കുന്നത്.

**ചാമുണ്ഡി, ഭഗവതി, കാളി എന്നിങ്ങനെ അമ്മ ദൈവങ്ങളാണ് ഉത്തരമലബാറിലെ തെയ്യങ്ങളിലേറെയും കാവുകളിൽ ഈ തെയ്യം കെട്ടിയാടുന്നത് പുരുഷന്മാരായ തെയ്യം കലാകാരന്മാരാണ്. ദേവക്കൂത്ത് അഥവാ മലയിക്കൂത്ത് എന്നറിയപ്പെടുന്ന ഈ തെയ്യം മാത്രമാണ് വടക്കൻ മലബാറിൽ സ്ത്രീകൾ കെട്ടിയാടുന്ന ഒരേയൊരു തെയ്യക്കോലം.**

## ദേവക്കൂത്തിന്റെ ഐതിഹ്യം

വള്ളിയമ്മക്കൂത്ത് എന്ന ഭഗവതി തെയ്യമാണ് ദേവക്കൂത്ത്. അശോകം, തെച്ചി, പിച്ചകം, ജമന്തി, കാട്ടുമുല്ല, എന്നിങ്ങനെ സുഗന്ധം പരത്തും പുഷ്പജാലങ്ങളും തരുലതാദികളും പടർന്നുനിൽക്കും തണുപ്പേറിയ അത്ഭുതദ്വീപായിരുന്നു ഐതിഹ്യകാലത്തെ തെക്കുംപാട്. ഈ സുഗന്ധഉദ്യാനത്തിൽ നിന്നുമുള്ള സൗരഭ്യം സ്വർലോകവാസികളായ അപ്സരസ്സുകളുടെ അടുത്തെത്തി. സുന്ദരികളായ ദേവാംഗനകൾ ഈ പൂക്കൾ ശേഖരിക്കാനായി തെക്കുംപാട് ദ്വീപിലേക്ക് പറന്നിറങ്ങി. കാവുപോലെ പടർന്നുകിടക്കുന്ന പൂന്തോപ്പിൽ പൂക്കൾ മണത്തും ഇറുത്തും വാസനിച്ചും അപ്സരസ്സുകൾ ചുറ്റിനടന്നു. പൂക്കളെല്ലാം ശേഖരിച്ച് ഒടുവിൽ ദേവാംഗനമാർ സ്വർലോകത്തേക്ക് മടങ്ങി. പക്ഷെ പൂക്കളുടെ സൗന്ദര്യത്താൽ മയങ്ങിപ്പോയ ഒരു അപ്സരകന്യക വഴി തെറ്റി വള്ളിക്കാട്ടിൽ അകപ്പെട്ടു. പാവം പരിഭ്രാന്തയായി. കൂട്ടുകാരികളെ കാണാതെ, വഴി കാണാതെ, ആകെപ്പാടെ വിവശയായ അപ്സരകന്യകയെ വള്ളുവക്കുറുപ്പന്മാർ പച്ചോലമടലു കൊണ്ട് കുടിലുകെട്ടി സംരക്ഷിച്ചു. പ്രാർത്ഥനാനിരതയായി വ്രതം നോൽക്കാൻ തുടങ്ങി അപ്സര കന്യക. മൂന്നാംനാൾ നാരദ മഹർഷി ദേവാംഗനയുടെ മുന്നിൽ പ്രത്യക്ഷനായിയെന്നും ദേവലോകത്തു നിന്നും കൊണ്ടുവന്ന തിരുവസ്ത്രങ്ങൾ അണിയിച്ചു തിരികെ സ്വർലോകത്തേക്ക് കൂട്ടിക്കൊണ്ടുപോകുന്നതിനു പ

# ദേവക്കൂത്ത് കെട്ടിയാടിയ തെയ്യം കലാകാരി കെ പി അംബുജാക്ഷി സംസാരിക്കുന്നു

**അമ്മ ദേവക്കൂത്ത് കെട്ടിയാടാനുള്ള സാഹചര്യം ഒന്ന് വിശദീകരിക്കാമോ..?**

ദൈവനിയോഗമായാണ് ഞാനിതിനെ കാണുന്നത്. എന്റെ ഇളയമ്മയായ ലക്ഷ്മിയമ്മയാണ് രണ്ടരപതിറ്റാണ്ടായി ദേവക്കൂത്ത് കെട്ടിയിരുന്നത്. ഓറ്ക്ക് വയ്യാണ്ടായപ്പോൾ സ്ഥാനികരായ ഞങ്ങളുടെ കുടുംബത്തിന്റെ പാരമ്പര്യം കാത്തുസൂക്ഷിക്കാനും ഒപ്പം ദേവിയുടെ അനുഗ്രഹവും വീട്ടുകാരുടെയും നാട്ടാറുടെയും പിന്തുണയും കിട്ടിയതോടെ ഞാനീ പുണ്യകർമ്മം ഏറ്റെടുത്തു.

**ദേവക്കൂത്ത് കഠിനവ്രതത്തിന് അവസാനമാണ് കെട്ടിയാടുന്നത്.. അതിനെക്കുറിച്ച് ഒന്ന് പറയാമോ..?**



തെയ്യം കെട്ടിയാടുന്നതിനുള്ള എല്ലാ ആചാരങ്ങളും അനുഷ്ഠാനങ്ങളും നമ്മളെടുത്തു. മത്സ്യമാംസാദികൾ വെടിഞ്ഞു. 41 ദിവസത്തെ വ്രതമാണ്. ഈ സമയം പുറത്തൊന്നും പോവാൻ കഴിയില്ല. സന്ധ്യാനാമം ജപിച്ച്, ദേവക്കൂത്ത് തോറ്റം ഹൃദിസ്ഥമാക്കി, വീട്ടിലെ പൂജാമുറിയിൽ തന്നെ കഴിയുകയാണ് ചെയ്യുന്നത്. ധനുമാസം ഒന്നാം തീയതിയാണ് തായക്കാവ് കുലോം ക്ഷേത്രത്തിലെ കളിയാട്ടം. ധനു മാസം അഞ്ചാം തീയതിയാണ് ദേവക്കൂത്ത്.

**ആ ദിവസങ്ങളിടെ ചടങ്ങുകൾ എന്തെല്ലാമാണ്..?**

ധനു മൂന്നിന് വൈകുന്നേരം തന്നെ പ്രാർത്ഥനകൾക്കുശേഷം വീട്ടിൽ നിന്നും ബന്ധുക്കളോടൊപ്പം കാവിലേക്ക് പോകും. ദേവക്കൂത്തിന്റെ ഉൽപത്തി വിവരിക്കുന്ന പള്ളിമാലാ ഗ്രന്ഥവും അരിയും പൂവും വെച്ച തളികയുമായി ദേവകന്യകയായി വീട്ടിൽനിന്നുമിറങ്ങും. ആയിരംതെങ്ങ് വള്ളുവൻകടവിന് സമീപമുള്ള ആൽത്തറയിൽ വന്ദിച്ച് പള്ളിച്ചങ്ങാടം

കരം നാടിനും നാട്ടാർക്കും ക്ഷേമവും ഐശ്വര്യവുമെല്ലാം നൽകാനായി ദ്വീപിലെ സൗന്ദര്യം നുകർന്ന് ഭൂമിയിൽ തങ്ങാൻ ദേവകന്യകയ്ക്ക് അനുവാദം നൽകിയെന്നുമാണ് ഐതിഹ്യം. അങ്ങനെ വള്ളിക്കാട്ടിലകപ്പെട്ട വള്ളിയമ്മയായി ദേവകന്യക ഭൂമിയിൽ തുടർന്നു.

**ആചാരങ്ങളും മുഖത്തെഴുത്തും അണിയലങ്ങളും**

നാരീപൂജയുടെ അർത്ഥസങ്കല്പങ്ങളുമായി ബന്ധമുള്ള ദേവക്കൂത്ത് നാട് സ്ത്രീയെ ആദരിക്കുന്നതിന്റെയും അവളെ ഭൂമികന്യകയായി കണക്കാക്കുന്നതിന്റെയും തെയ്യപാഠം തന്നെയാണ് പകരുന്നത്. ദേവക്കൂത്താടുന്ന തെയ്യം കലാകാരി രണ്ടുദിനം മുമ്പു തന്നെ ബന്ധുമിത്രാദികളുടെ അകമ്പടിയോടെ കാവിലേക്ക് പുറപ്പെടും. ചെറുകുന്നിലെ ആയിരംതെങ്ങ് വള്ളുവൻ കടവിന് സമീപമുള്ള ആൽത്തറയിൽ വന്ദിച്ചാണ് പുറപ്പാട്. വള്ളുവക്കുറുപ്പ് പള്ളിച്ചങ്ങാടത്തിൽ കൂത്തുകാരിയെ വരവേൽക്കും. തെക്കുമ്പാട് ക്ഷേത്രാങ്കണത്തിൽ പെരുമലയന്മാരും നാട്ടുകാരും വിശ്വാസികളും ചേർന്ന് സ്വീകരിക്കും. പിന്നീട് വള്ളിയമ്മയുടെ താമസം കുച്ചിലിലാണ്. നാല്പത്തിയൊന്ന് ദിവസത്തെ വ്രതത്തിനു ശേഷം രണ്ടു ദിനം കുച്ചിലിലും താമസിച്ച് മൂന്നാം നാൾ ദേവക്കൂത്ത് അരങ്ങിലെത്തും.

വള്ളിയമ്മയുടെയും നാരദന്റെയും മുഖത്തെഴുത്തും അണിയലങ്ങളും മനോഹരമാണ്. തേപ്പുംകുറിയാണ് എഴുത്ത്. നെറ്റിയിൽ ചന്ദ്രക്കല. കണ്ണിൽ മാകണ്ണെഴുത്ത്. മൂന്ന് വരയിലുള്ള താടിത്തണ്ട്. അണിയലമായ തലപ്പാളി. കൂമ്പൻ കിരീടം, കാലിൽ പാദസരം ഒപ്പം കണ്ഠാഭരണങ്ങളും ധരിക്കുന്നു. അരയിൽ മുണ്ടും ഉത്തരീയവുമാണ് നാരദന്റെ വേഷം. കഴുത്തിൽ വനമാല, തലപ്പാളിക്കു മുകളിൽ കിരീടം മുഖത്ത് തേപ്പും കുറിയും കൈയ്യിൽ ഉത്തരീയവും വീണയുടെ സങ്കല്പത്തിലൊരു വടിയുമുണ്ടാകും.

**ദേവക്കൂത്തിലെ പാട്ടും രഹസ്യങ്ങളും**

ദേവക്കൂത്തിൽ പാടുന്ന തോറ്റങ്ങൾക്ക് പലതും രഹസ്യ സ്വഭാവമുണ്ട്. തെയ്യം കെട്ടുന്ന മലയർ മിക്കവാറും എല്ലാ അനുഷ്ഠാനങ്ങൾക്കും ചൊല്ലുന്ന ഗണപതി സ്തുതിയോടെയാണ് ദേവക്കൂത്താരംഭിക്കുന്നത്

'കറ്റച്ചെഞ്ചിട മുടിയോ
കരക്കണ്ടറ് വകൻപിള്ളയോ
ഒറ്റക്കൊമ്പുടയോനെ
ഓമനഗണപതിയെ-'

എന്ന് തുടങ്ങുന്ന ഗണപതിസ്തുതി കൈമുദ്രകളിലൂടെയും ചുവടുകളി ലൂടെയും ആടുന്ന പുരാവൃത്തത്തിന് മുമ്പ് തുടങ്ങും. പൂക്കളും തോഴിമാരുമാണ് പാട്ടിൽ വരുന്നത്

'ചെക്കി മലരല്ലോ തോട്ടത്തിലെല്ലാം
ചെക്കിമലരോ കൊയ്യാമോ തോഴ്ീ'

എന്നു തുടങ്ങുന്ന പാട്ട് പൂക്കളെക്കുറിച്ചുള്ളതാണ്. ഓരോ പുഷ്പങ്ങളെയും പാട്ടിൽ കൊരുത്തിട്ടിട്ടുണ്ട്.

കെട്ടി വള്ളുവക്കുറുപ്പ് നമ്മളെ കടവ് കടത്തി തെക്കുമ്പാട്ടേക്ക് കൊണ്ടുപോകും. പിന്നെ ക്ഷേത്രത്തിലെ കർമ്മങ്ങളാണ്. പെരുമലയന്മാരും ക്ഷേത്രവാസികളും പുഴയോരത്തു നിന്നും എതിരേറ്റാണ് തായക്കാവിലേക്ക് ആനയിക്കുന്നത്. ക്ഷേത്രത്തിലെത്തിയാൽ ഓലകൊണ്ട് കെട്ടിയ പതിയിൽ മറ്റാരുമായും സമ്പർക്കമൊന്നുമില്ലാതെ താമസിക്കും. തെയ്യത്തിന് ശേഷം മാത്രമേ സാധാരണപോലെ മറ്റാൾക്കാരുമായൊക്കെ ബന്ധപ്പെടാൻ കഴിയൂ.

## ദേവക്കൂത്ത് തോറ്റത്തിലെ ചില വരികൾ ചൊല്ലാമോ..?

'ചെക്കിമലരല്ലോ തോട്ടത്തിലെല്ലാം
ചെക്കിമലരോ കൊയ്യാമോ തോഴീ..'

ദേവക്കൂത്തിലെ പല തോറ്റങ്ങളും രഹസ്യങ്ങളാണ്. ഈ പാട്ട് മറ്റാർക്കും പാടി കൊടുക്കല്ലെന്നാണ് പ്രമാണം.ഈ തോറ്റം ഹൃദിസ്ഥമാക്കി വ്രതകാലത്ത് ആടിയും പരിശീലിക്കും.

## ചമയങ്ങളൊക്കെ എങ്ങനെയാണ്?

എന്റെ ഭർത്താവായ കണ്ണൻ പണിക്കരും തെയ്യം കലാകാരനാണ്. ഓറെല്ലാം കൂടിയാണ് മുഖത്തെഴുതുന്നതും അണിയലങ്ങൾ ചാർത്തുന്നതുമെല്ലാം. തലയിൽ തപ്പാരവും തലപ്പാളിയും കെട്ടി കാലിൽ ചിലമ്പും പാദസരവും ഇടും. അങ്ങനെ ചമയങ്ങളെല്ലാം അണിഞ്ഞ് ദേവാംഗനയായി മാറും.

## പേടി തോന്നിയിട്ടുണ്ടോ..?

എന്തിനാപ്പാ പേടിക്കണെ.. 2012 ലാണ് ഞാനാദ്യമായി ദേവക്കൂത്താടണെ. അന്ന് ചെറിയൊരു പേടിയുണ്ടായിരുന്നു. ദേവിയുടെ കടാക്ഷമുള്ളതു കൊണ്ട് അതെല്ലാം മാറി. ഇപ്പോഴിത് ഒരു ഭാഗ്യവും നിർവൃതിയുമാണ്. ഭർത്താവും മകനും കൂടെയുണ്ട്. നാട്ടാരുടെയും പിന്തുണയുണ്ട്.

## അമ്മയിന്ന് ലോകപ്രശസ്തയാണ്. ലോകമെങ്ങുമുള്ള തെയ്യം ആരാധകർ ദേവക്കൂത്തിലൂടെ അമ്മയെ അറിയുന്നു.. എന്തു തോന്നുന്നു?



ഈ പ്രശസ്തി ദേവി തന്നതല്ലെ..നാട്ടിലെല്ലാം ഒരു ബഹുമാനം കിട്ടുന്നുണ്ട്. ഈടെ അടുത്തെല്ലാം സ്വീകരണമൊക്കെ തന്നു. അമ്മേയെന്ന് വിളിച്ച് നമ്മോട് സ്നേഹബഹുമാനങ്ങൾ കാണിക്കുമ്പോ വലിയ സന്തോഷം തോന്നും. ദേവി അനുഗ്രഹിച്ചാൽ അടുത്ത തവണയും തായക്കാവിൽ ദേവക്കൂത്ത് കെട്ടിയാടാൻ മോഹമുണ്ട്.



ചെണ്ട്, ബീക്ക്, ഇലത്താളം, കുഴൽ എന്നിവയാണ് വാദ്യം. തിരുവാതിരയുടെ ചുവടുകളോടാണ് ദേവക്കൂത്തിന് സാമ്യം. പാട്ടിന്റെ രണ്ടാം പകുതിയിൽ നാരദരെത്തുകയും പുരാവൃത്തം ചൊല്ലിയാടി അവസാനിപ്പിക്കുകയും ചെയ്യുന്നു. കൊടിയിലയിൽ അരി, തേങ്ങ, വെറ്റില, പഴുത്ത അടയ്ക്ക എന്നിവ ഉപചാരത്തോടെ സ്വീകരിച്ച് ദേവക്കൂത്ത് കളിയാട്ടക്കാവിൽ നിന്ന് വിടവാങ്ങുന്നു.

## പനിയന്റെ അരങ്ങൊരുക്കം

ദേവക്കൂത്തിന് അരങ്ങൊരുക്കി രസിപ്പിക്കുന്ന കോലമാണ് പനിയൻമാരുടേത്. കളിയാട്ടത്തിന്റെ ആദ്യദിവസങ്ങളിൽ തന്നെ കാവിലും പരിസരത്തുമായി കാണികളെ ചിരിപ്പിച്ചും പരിഹസിച്ചും നടക്കുന്ന രസികൻ കോലങ്ങളാണ് പനിയൻമാർ. ബിന്ദൂരെന്നാണ് ഈ അവതരണം അറിയപ്പെടുന്നത്. മൂന്നാം ദിനം ഇതിലൊരു പനിയനാണ് ബിന്ദൂരിനെ അവതരിപ്പിക്കുന്നത്. സാധാരണ മുണ്ടുടുപ്പും മുഖപ്പാളയുമാണ് പനിയൻമാരുടെ വേഷം. ബിന്ദൂരിന്റെ തുടക്കത്തിൽ പനിയന്റെ ദേഹം മുഴുവൻ വൈക്കോലിൽ പൊതിയും. കുലോം തായക്കാവിലെ രണ്ടോ മൂന്നോ കെട്ട് വെയക്കോൽ പ്രാർത്ഥനയോടെ എടുത്താണ് ഈ ചടങ്ങിന് കരുതുന്നത്. ഈ വയലിനെ കലശക്കണ്ടമെന്നാണ് വിളിക്കുന്നത്. ഗോവിന്ദ ഗോവിന്ദ എന്ന വിളിയോടെ ഒരു സംഘമാളുകൾ പനിയനെ ബിന്ദൂരിനായി കാവിലേക്ക് എത്തിക്കും. ക്ഷേത്രനടയിലെത്തുന്ന പനിയൻമാർ ജനങ്ങളോടും തമ്മിൽ തമ്മിലും കളിയാക്കി ഉരിയാടി രംഗം കൊഴുപ്പിക്കും. കാലി പൂട്ടുന്നതും വിത്തു വിതയ്ക്കുന്നതും കൃഷിയെ നശിപ്പിക്കാനെത്തുന്ന ജീവികളെ തുരത്തുന്നതുമെല്ലാം അഭിനയിച്ച് കാണിക്കും. അവസാനം വൈക്കോൽ മൂടിയ പനിയനെ തീകൊളുത്തുകയും തീയാളി കത്തി ജീവൻ പിടയാറുവുമ്പോഴേക്കും പനിയൻ അഗ്നിയിൽ നിന്നും ര

ക്ഷനേടുകയും ചെയ്യുന്നു. കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട അനുഷ്ഠാനമാണിത്.

## കാവും ദേശവും

തെക്കുംപാട് കുലോം തായക്കാവിലെ ദേശപ്പെരുമകളിൽ ദേവക്കൂത്ത് പുരാവൃത്തം തെളിമയോടെ നിൽക്കുന്നത് അമ്മദൈവങ്ങളുടെ ശക്തികൂടെയാണ് കാണിച്ചുതരുന്നത്. അതിനാലാണ് ദേവക്കൂത്ത് ഇത്ര പ്രാധാന്യമർഹിക്കുന്നതും. ഇടയ്ക്ക് മുടങ്ങിക്കിടന്ന ഈ തെയ്യം 1988 മുതൽ വീണ്ടും ആടിത്തുടങ്ങി. ഈ വർഷം ദേവക്കൂത്താടിയ അംബുജാക്ഷിയുടെ ഇളയമ്മ കെ പി ലക്ഷ്മിയാണ് രണ്ട് പതിറ്റാണ്ട് ദേവ



ക്കൂത്തിലെ ദേവകന്യകയായി തെയ്യമാടിയത്. തായക്കാവിൽ കോലം കെട്ടാൻ അവകാശമുണ്ടായിരുന്ന പള്ളിയറത്തറവാട്ടിലെ വടക്കുംകൂറ് കാര് എത്താതിരുന്നതിനാൽ കരനാഥന്മാരോടെ തെയ്യം കെട്ടാനുള്ള അടയാളം കെ പി ലക്ഷ്മിയുടെ ഭർത്താവായ കേളുപ്പണിക്കർ ഏറ്റുവാങ്ങുകയായിരുന്നു. തെയ്യം കലാചരിത്രത്തിലെ ഒരപൂർവ്വ വ്യക്തിത്വമായി മാറിയ കെ പി ലക്ഷ്മിക്ക് കേരള ഫോക്ക് ലോർ അക്കാദമി പുരസ്കാരം നൽകി ആദരിക്കുകയും ചെയ്തിട്ടുണ്ട്.

## ചെറുകുന്ന് എന്ന നാട്ടുഗ്രാമം

ഉർവ്വരതാ പുജയുമായും കാർഷികസമൃദ്ധിയുമായും ബന്ധപ്പെട്ടു നിൽക്കുന്ന തെയ്യക്കാവുകളാണ് ഈ തായക്കാവിനടുത്തുള്ള ചെറുകുന്ന് അടക്കമുള്ള പ്രദേശങ്ങൾ. വടക്കൻ മലബാറിലെ തെയ്യം ഭൂപടത്തിലെ ഒരു പ്രധാനപ്പെട്ട നാടാണ് ചെറുകുന്ന്. മണ്ണിന്റെ ഫലഭൂയിഷ്ഠതയ്ക്കും പെണ്ണിന്റെ ഉർവ്വരതയ്ക്കുമായി തെയ്യമാടുന്ന കാർഷിക കാലത്തിന്റെ മാറ്റൊലി മുഴങ്ങുന്ന ഇടങ്ങൾ. ഞാൻ നെല്ലു കണ്ടു നെല്ലു കണ്ടു എന്നു പറയുന്ന കുടകുനാടിലെ പുത്തരിയുത്സവം പോലെ ഒന്ന് ചെറുകുന്നിലെ അന്നപൂർണ്ണേശ്വരയുടെ തിരുനടയിൽ നാട് നെല്ലിനെ കൺതൊട്ടുവെയ്ക്കുന്നുണ്ട്.

പുതിയ നെല്ലിന്റെ അരി ആദ്യമായി ഉപയോഗിക്കുന്ന പുത്തരി എന്ന ആചാരം ചെറുകുന്നിലെ അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിൽ നടത്താറുണ്ട്. അരയാലും വലിയ കുളവും അതിരിടുന്ന ഈ അമ്പലം വടക്കൻ മലബാറിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലൊന്നാണ്.

ചെറുകുന്ന് എന്ന ഗ്രാമം കുന്നുകളാൽ ചുറ്റപ്പെട്ട പുഴയാൽ ചുറ്റപ്പെട്ട സ്ഥലമാണ്. ചെറുകുന്നിന്റ സ്ഥലനാമ ചരിത്രം അന്നപൂർണ്ണേശ്വരി ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ്. അന്നപൂർണ്ണേശ്വരിയിൽ അന്നദാനത്തിനായി ദിവസേനയുണ്ടാക്കുന്ന ചോറ് കൊണ്ടുള്ള കൂനയെ ചോറ്-കുന്ന് എന്ന് വിളിക്കപ്പെടുകയും അത് കാലാന്തരേണ ചെറുകുന്ന് എന്നായി മാറുകയും ചെയ്തു എന്ന് വിശ്വസിക്കപ്പെടുന്നു. ഈ ഐതിഹ്യത്തിലൂടെ നെല്ലിന് സമൃദ്ധമായ ഇടമാണ് ചെറുകുന്നെന്ന് നമുക്ക് മനസ്സിലാക്കാം. ചെറുകുന്നിന് മൂന്നുഭാഗവും പുഴയോരങ്ങളാണ്. കാവും കുളവും നെൽപാടങ്ങളും നിറഞ്ഞ ഈ പ്രദേശത്തിനടുത്താണ് ദേവക്കൂത്ത് നടക്കുന്ന തായക്കാവ്. കോലത്തിരിയുടെ ഭരണഭൂമിയിൽ പെട്ട ചെറുകുന്ന് ടിപ്പുവിന്റെ പടയോട്ടത്തിൽ മൈസൂർ രാജ്യത്തോട് ചേർക്കപ്പെട്ടിരുന്നു. ചെറുകുന്നിന് പടിഞ്ഞാറ് ഭാഗത്താണ് വടക്കൻ മലബാറിലെ എന്നുമാത്രമല്ല കേരളത്തിലെ തന്നെ ഏക സ്ത്രീ തെയ്യമായ ദേവക്കൂത്ത് കെട്ടിയാടുന്ന ദേവക്കൂത്ത് നടക്കുന്നത്.

തെക്കുംപാട് കുലോം തായക്കാവ് കോലത്തിരിയുടെ കുലദേവതയായ മാടായിക്കാവിലമ്മയുടെ ചൈതന്യസങ്കല്പ്ത്തിലാണ് ഇവിടുത്തെ ആരാധന . ആചാരപരമായി താന്ത്രികപൂജയും ശാക്തേയപൂജയും ഒരുപോലെയുള്ള ക്ഷേത്രം. മലയസമുദായക്കാരിലെ മാടായിക്കാവിലെ സ്ഥാനികരാണ് ഈ കാവിലെ ആചാരക്കാരായി വരുന്നത്. എട്ടു ദിവസത്തെ കളിയാട്ടമാണ് ഈ കാവിൽ. ചെറുകുന്നൻ, മാടായിപ്പണിക്കർ, എന്നിവരൊക്കെ അവകാശികളായി വരുന്നു. പതിനെട്ടേക്കറിൽ പടർന്നു പന്തലിച്ചു കിടക്കുന്ന മൂന്നുവശവും ജലത്താൽ ചുറ്റപ്പെട്ട ദ്വീപുപോലുള്ള പ്രദേശം. വനത്തിനുള്ളിൽ ഒറ്റപ്പെട്ട് കിടക്കുന്ന ശ്രീകോവിലും കുളവും കിണറുമെല്ലാം ഒരു ദേവലോക പ്രതീതി നൽകുന്ന കാഴ്ചയാണ്. ഇവിടുത്തെ മണിക്കിണറ് ഒരു പ്രാദേശിക അത്ഭുതമാണ്. പ്രധാന ശ്രീകോവിലിന് വടക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന മണിക്കിണറിൽ വർഷം മുഴുവനും ശുദ്ധജലം ലഭിക്കും. അതേ സമയം തൊട്ടടുത്ത കുളത്തിലും കിണറിലുമെല്ലാം ഉപ്പുവെള്ളമാണ് ലഭിക്കുന്നത്.

നവോത്ഥാന ആശയങ്ങളും സ്ത്രീമുന്നേറ്റങ്ങളും വീണ്ടും ചർച്ചയാകുന്ന കേരളത്തിന്റെ സാംസ്കാരിക പരിസരത്ത് ദേവക്കൂത്ത് പുതിയ പാഠങ്ങളും സാംസ്കാരിക പഠനങ്ങളും അർഹിക്കുന്നുവെന്ന് നിസ്സംശയം പറയാം.●



# പട്ടിണിയോണം

എൻ.എസ് സുമേഷ്കൃഷ്ണൻ

ഓണം പതുക്കെക്കടന്നുപോയി
ഓർമ്മക്കുടങ്ങളുടഞ്ഞുപോയി
കൊച്ചുമുക്കുറ്റിക്കു നീരുവന്നു
പച്ചത്തഴപ്പിന്നു പേപിടിച്ചു
പുത്തിലഞ്ഞിപ്പൂമുഖം കറുത്തു
അത്തലാലീ മണ്ണുചത്തിരുന്നൂ
കത്തും വെയിലത്തു പാഴ്ക്കിനാവിൻ
മുത്തുചിലങ്കയുടഞ്ഞുവീണു.
അമ്മതൻ മാനത്തിനായ് ഞങ്ങൾ
ഒന്നായ് തെരുവിൽ തപിച്ചിരുന്നു
നാട്ടുമൊഴിച്ചന്തമോടെയോണ-
പ്പാട്ടിൻ കരുത്തിന്നു കൂട്ടിരുന്നു
പൊള്ളുന്ന മണ്ണിൻ മടിയിൽ ഞങ്ങൾ
ഉള്ളം തുളഞ്ഞു കരഞ്ഞിരുന്നു.
ഈ തിരുവോണത്തിനുണ്ടതില്ല
ഈറൻ കിനാക്കൾ ചിരിച്ചതില്ല
ഒക്കെയും അമ്മയ്ക്കുവേണ്ടിയല്ലോ
മക്കൾക്കിതൊക്കെ കടമയല്ലോ
നാളെയും നാമീമൊഴിക്കുവേണ്ടി
നീളേതെരുവിൽ തപസ്സിരിക്കും
കാളുന്ന കാലത്തു തായ്മൊഴിക്കായ്
വാളെടുക്കാനും മടിക്കുകില്ല.

## കരുതലോടെ ഉപയോഗിക്കുന്ന പക്ഷം, പങ്കുവയ്ക്കുന്ന പക്ഷം എല്ലാവരുടെയും ആവശ്യത്തിന് തികയുന്ന വിഭവങ്ങൾ ഭൂമിയിലുണ്ട്. സ്നേഹവും കരുതലും സമം ചേർത്താവുമ്പോൾ പങ്കുവയ്ക്കുന്നതിന്റെ മൂല്യം പല മടങ്ങാവുന്നുമുണ്ട്

**ഹാരിസ് നെന്മേനി**

പ്രളയം, ഒരു നൂറ്റാണ്ടിനിടയ്ക്കോമറ്റോ ഒന്ന് വന്ന് പോവാനിടയുള്ള ഒരു ദുരനുഭവം. അങ്ങനെയായിരുന്നു നാം അതിനെ ഗണിച്ചിരുന്നത്. പക്ഷെ, നിർഭാഗ്യമെന്ന് പറയട്ടെ, വെറും ഒരു വർഷക്കാലയളവിനിടെ തന്നെ കഠിനാനുഭവങ്ങളുടെ രണ്ട് പ്രളയകാലങ്ങളെ നേരിടേണ്ടിവന്നവരാണ് നമ്മൾ. 2018 ആഗസ്റ്റ് മാസത്തിലാണ് മഴയുടെയും വെള്ളക്കെട്ടിന്റെയും രൂപത്തിൽ ആദ്യഘട്ട കെടുതികൾ സംസ്ഥാനത്തെ പിടിച്ചുകുലുക്കിയത്. ദുരനുഭവങ്ങളുടെ ഓർമ്മകൾ മായും മുൻപേ 2019 ഓഗസ്റ്റിൽ വീണ്ടും മഴക്കെടുതികൾ.

ആദ്യ തവണ 500 ലേറെപേർ മരണപ്പെട്ടുവെങ്കിൽ രണ്ടാം വർഷം 120 ഓളം പേർക്ക് ജീവഹാനിയുണ്ടായി. കൃഷിക്കും വസ്തുവകകൾക്കുമുള്ള നാശനഷ്ടങ്ങൾ വേറെയും.

നാം ഏറെ സഹിച്ച, പഠിച്ച, ഉയിർത്തെഴുന്നേറ്റ രണ്ട് പ്രളയകാലങ്ങൾ. രണ്ടും ആദ്യം ബാധിച്ചത് മലയോര-പിന്നോക്ക ഭൂഭാഗമായ വയനാടിനെയാണ്. ആദ്യവർഷം വൈത്തിരിയിലും മാനന്തവാടിയിലുമെല്ലാം ആയിരുന്നു സ്ഥിതിഗതികൾ കൂടുതൽ രൂക്ഷാവസ്ഥയിലായിരുന്നത് എങ്കിൽ 2019 ൽ ഒരുപാട് മരണങ്ങടക്കം സംഭവിച്ച മേപ്പാടി പുത്തുമല പ്രദേശം, മറ്റൊരു ദുരന്ത പ്രദേശമായ നിലമ്പൂർ കവളപ്പാറയ്ക്കൊപ്പം സംസ്ഥാനത്തിന്റെയാകെ കണ്ണീരായി.

രണ്ട് തവണയും പ്രളയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സഹപ്രവർത്തകരോടൊപ്പം സജീവമായുണ്ടായിരുന്നു.

ദുരന്തത്തെക്കുറിച്ച്, അതിന്റെ ആഘാതത്തെക്കുറിച്ച്, അതിജീവനത്തെയും തിരിച്ചറിവുകളേയുംകുറിച്ച് നിറയെ കാര്യങ്ങൾ പങ്കുവയ്ക്കപ്പെട്ടിട്ടുണ്ട്.

ഇവിടെ കുറിക്കുന്നത് തങ്ങൾക്കുള്ള വിഭവങ്ങൾ ദുരിതമനുഭവിക്കുന്ന മറ്റ് മനുഷ്യർക്കായി പങ്കുവയ്ക്കാനുള്ള മനുഷ്യരുടെ ഉയർന്ന മനോനിലയെക്കുറിച്ചുള്ള ചില അനുഭവ സാക്ഷ്യങ്ങൾ മാത്രമാണ്.

എന്തെല്ലാമായിരുന്നു ഈ രണ്ട് പ്രളയകാലത്തും മനുഷ്യർ തങ്ങളുടെ



# പങ്കുവച്ചിട്ടും പങ്കുവച്ചിട്ടും മതിവരാതെ

സകലജീവികൾക്കായി പകുത്ത് നൽകിയത്! അല്ല, അങ്ങനെ ആലോചിക്കുന്നതിലും ഉചിതമാവുക പങ്കുവയ്ക്കപ്പെടാത്തതായി എന്താണുണ്ടായിരുന്നത് എന്ന് ചോദിക്കുന്നതാണ്. അതെ, അതിശയിപ്പിക്കുന്ന കരുതലോടെയും ഹൃദയ വിശാലതയോടെയുമുള്ള പങ്കിടൽ.

പണം, സമയം, സേവനം, ഇടം, ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, വീട്ടുപകരണങ്ങൾ, വൈദഗ്ധ്യം, ആലോചന, ആരോഗ്യം, ഭൂമി എന്തിന് ജീവൻ പോലും നൽകിയവരുണ്ടായി.

സൈക്കിൾ വാങ്ങാൻ സ്വരുക്കൂട്ടിയ നാണയങ്ങളും അതിലെ കമ്മലും ഒരു മാസത്തെ ശമ്പളവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കടച്ചവർ മുതൽ, ഉണ്ടായിരുന്ന തുണ്ടുഭൂമിയുടെ സിംഹഭാഗവും വീട് നഷ്ടമായവർക്ക് നൽകിയവർ വരെ ഉള്ള ലക്ഷക്കണക്കിനാളുകൾ. തങ്ങളുടെ ഒരേയൊരു വരുമാന സമ്പാദ്യ ഉപാധിയായ വള്ളങ്ങളും ബോട്ടുകളുമായി ഒട്ടു ദൂരം സഞ്ചരിച്ചെത്തി ആയിരങ്ങളെ ദുരിതത്തിനാഴങ്ങളിൽ നിന്ന് പിടിച്ച് കയറ്റി, കേരളത്തിന്റെ പ്രിയ സൈന്യമായി മാറിയ മത്സ്യത്തൊഴിലാളികൾ.

മറ്റുള്ളവർക്ക് ചവിട്ടിക്കയറി കരപറ്റാൻ, തന്റെ മുതുക് തന്നെ ചവിട്ടുപടിയാക്കിയ മത്സ്യതൊഴിലാളിയും ചാക്കുചുമന്ന കളക്ടറും, സിനിമാനടനും, കടയിലുള്ള സാധനങ്ങളത്രയും ദുരിതബാധിതർക്ക് നൽകിയ കച്ചവടക്കാരനുമെല്ലാം ദുരന്തനാളുകളിൽ മനുഷ്യത്വത്തിന്റെ ആമ്പാസഡർമാരായി.

ഇത്തവണ, 2019 ലെ പ്രളയ സമയത്ത് വയനാട് സുൽത്താൻ ബത്തേരിയിലെ മിനിസിവിൽ സ്റ്റേഷനിലെ സാധനങ്ങൾ ശേഖരിക്കാനും വിതരണം ചെയ്യാനുമുള്ള സെന്ററിലായിരുന്നു ഞാനുൾപ്പെടെയുള്ള കുറച്ച് പേർക്ക് ചുമതല.







സഹജീവിതങ്ങളോടുള്ള കരുതൽ കണ്ട് കണ്ണും മനസ്സും നിറഞ്ഞ് പോയ ഏതാനും ആഴ്ചകൾ. തെക്ക് തിരുവനന്തപുരവും കൊല്ലവും മുതൽ കേരളത്തിനകത്ത് നിന്ന് മാത്രമല്ല, ബോംബെയും ബാംഗ്ളൂരും കോയമ്പത്തൂരുമുൾപ്പെടെയുള്ള ഭാഗങ്ങളിൽ നിന്നുപോലും വിഭവങ്ങൾ വന്നുചേർന്നുകൊണ്ടിരുന്നു.

എന്തെല്ലാം വിധത്തിലുള്ള സാധനങ്ങൾ !

മനുഷ്യ ജീവിതത്തിന് അവശ്യം വേണ്ട എല്ലാം !

തീപ്പെട്ടി, വെള്ളം, ഉപ്പ്, അരി, പച്ചക്കറി, പയറുവർഗങ്ങൾ, പഞ്ചസാര, തേയില, പുതപ്പുകൾ, അടിവസ്ത്രങ്ങളുൾപ്പെടെയുള്ള വസ്ത്രങ്ങൾ, സാനിറ്ററി പാഡുകൾ, ക്ലീനിംഗിനു വേണ്ട വസ്തുക്കൾ, പാത്രങ്ങൾ, സ്റ്റൗ, ലഘുഭക്ഷണം, മരുന്നുകൾ... ആ പട്ടിക നീണ്ടുനീണ്ടേപോകും.

'തെക്ക്‌വടക്ക്'' സിദ്ധാന്തക്കാർക്കും പ്രതിലോമ പ്രചരണക്കാർക്കും പെട്ടെന്ന് തന്നെ തോറ്റു മടങ്ങേണ്ടി വന്നു. സഹജീവിതങ്ങളെ സഹായിക്കാൻ നൻമയുള്ള മനുഷ്യർ നിശ്ചയമെടുത്താൽ ആർക്കാണവരെ തടയാനാവുക !

രണ്ട് പ്രളയാനുഭവ സമയത്തും ഞാൻ ഏറെ പ്രതീക്ഷയോടെയും ആശ്വാസത്തോടെയും നിരീക്ഷിച്ച കാര്യമാണ് യുവജനങ്ങളുടെ പങ്കാളിത്തം. രക്ഷാപ്രവർത്തനരംഗത്ത്, സാധനങ്ങളും ധനവും ശേഖരിക്കുന്നതിൽ, വിഭവങ്ങൾ വിതരണം ചെയ്യുന്നതിൽ, ക്യാമ്പു നടത്തിപ്പിൽ സഹായിക്കുന്നതിൽ, സോഷ്യൽ മീഡിയ വഴി ഇടപെടുന്നതിൽ... എല്ലാ രംഗത്തുമുണ്ടായിരുന്ന യുവതയുടെ സക്രിയ സാന്നിദ്ധ്യം.

ഇക്കൂട്ടത്തിൽ 2019 ആഗസ്റ്റിലെ ഒരനുഭവം മാത്രം കുറിച്ചുകൊള്ളട്ടെ. ബലിപെരുന്നാൾ ദിനമായിരുന്നു അത്. കളക്ഷൻ സെന്ററിലേക്ക് വന്ന് കൊണ്ടിരിക്കുന്ന സാധനങ്ങൾ ഇറക്കി അടുക്കി വയ്ക്കുകയും ക്യാമ്പുകളിലേക്ക് വേണ്ടവ കയറ്റി അയക്കുകയും ചെയ്യുന്ന ജോലിയിൽ വ്യാപൃതരായിരുന്നു ഞങ്ങൾ.

അന്നേരമാണ് തിരുവനന്തപുരം മേയറുടെ നേതൃത്വത്തിൽ കയറ്റിയയച്ച മറ്റൊരു വലിയ ലോറി നിറയെ സാധനങ്ങൾ വന്നുചേരുന്നത്. തലേന്ന് രാത്രി വൈകി തലസ്ഥാനം വിട്ട അവർ ഉച്ചയോടെ വയനാടെത്തിച്ചേരുകയായിരുന്നു. ജോലിയിലുള്ള ഞങ്ങൾ കുറച്ചുപേർ അൽപം മുമ്പ് കോട്ടയത്തു നിന്ന് പോലീസുകാർ ശേഖരിച്ച് കയറ്റിവിട്ട ഒരു വലിയ ലോഡ് ഇറക്കി വച്ച് നിവർന്നതേ



ഉണ്ടായിരുന്നുളളു. ഏതായാലും സഹപ്രവർത്തകനായ പ്രസന്നൻ ഒന്ന് ഫോൺ ചെയ്യുകയേ വേണ്ടി വന്നുളളൂ പത്ത് മിനുട്ടിനകം നാലഞ്ച് ചെറുപ്പക്കാർ ആ അവധി ദിനം ഉച്ചയ്ക്ക് അവിടെ വന്നു ചേർന്നു. പിന്നെ അമാന്തമുണ്ടായില്ല. അവരും ഞങ്ങളുമെല്ലാം കൂടിച്ചേർന്ന് ലോറി നിറയെ ഉണ്ടായിരുന്ന അരിയും പയറു വർഗ്ഗങ്ങളും തുണിത്തരങ്ങളുമെല്ലാം രണ്ട് മണിക്കൂറിനകം സുരക്ഷിത് സ്ഥലത്ത് ഭദ്രമായി ഇറക്കി വച്ചു.

ചെറുപ്പക്കാരുടെ കാര്യം ഒരൽപ്പം ഊന്നൽ നൽകി കുറിച്ചുവെന്നേയുളളു. യഥാർത്ഥത്തിൽ രാജ്യത്തിന് മാത്രമല്ല ലോകത്തിന്റെ ഏത് ഭാഗത്തിനും മാതൃകയാക്കാവുന്ന സന്നദ്ധമികവോടെ പ്രളയസമയത്ത് ഇടപെട്ട വേറെയും ധാരാളം വിഭാഗങ്ങളുണ്ട്. രാഷ്ട്രീയ പാർട്ടികൾ, യുവജനസംഘടനകൾ, സന്നദ്ധസംഘടനകൾ, ജീവനക്കാർ, ഇതര കൂട്ടായ്മകൾ, വ്യക്തികൾ...

സമയവും അദ്ധ്വാനവും ഉൾപ്പെടെയുളള വിഭവങ്ങൾ തങ്ങൾക്കുളളത് മറ്റുളളവർക്കു കൂടി പകുത്ത് നൽകുക എന്ന ഉയർന്ന മനോനിലയാണ് ഇവിടെ നാം കണ്ടത്.

പ്രളയം ആദ്യമുണ്ടായ 2018 ലെ ഒരനുഭവം കൂടി പങ്കുവച്ച്കൊണ്ട് അവസാനിപ്പിക്കട്ടെ. വയനാട് കളക്ട്രേറ്റിലായിരുന്നു ഞങ്ങൾക്കന്ന് ജോലി. തിരുവോണ ദിവസം. ഉച്ചനേരം ആകെ മഴയിലും ദുരിതത്തിലും മുങ്ങി നിന്ന ദിവസങ്ങളായതിനാൽ സംസ്ഥാനത്ത് അന്നാരും ഓണമാഘോഷിക്കുന്നുണ്ടാവുമെന്ന് തോന്നിയില്ല. കളക്ട്രേറ്റിന് തൊട്ടടുത്തുതന്നെയുളള എസ്.കെ.എം.ജെ സ്കൂളിലെ കളക്ഷൻ സെന്ററിൽ സന്നദ്ധസേവനം ചെയ്യുന്ന വർക്കെല്ലാമായി കഞ്ഞിയും അച്ചാറുമുണ്ട്. അത് കഴിച്ച് തിരികെയത്തിയപ്പോഴാണ് ഒരു ജീപ്പ് സിവിൽ സ്റ്റേഷൻ വളപ്പിൽ വന്നു നിന്നത്. ഇതോടൊപ്പമുളള ചിത്രത്തിലെ വാഹനം. പല പതിറ്റാണ്ടുകൾ മുമ്പേ ഓടാൻ തുടങ്ങിയത് എന്ന് തോന്നിക്കും വിധം അത് പൊടിയണിഞ്ഞിട്ടുണ്ട്. മുമ്പിലെ ബോണറ്റിൽ' കേരള ഫ്ളഡ് റിലീഫ്' എന്ന് സൂചിപ്പിക്കുന്ന ഒരു ഫ്ളക്സ് ബോർഡ് കെട്ടിത്തൂക്കിയിട്ടുണ്ട്.

അകത്തുണ്ടായിരുന്ന അഞ്ച് പേരിൽ ഒരാളൊഴികെ എല്ലാവരും പുറത്തിറങ്ങി. തുടർച്ചയായ യാത്ര കൊണ്ട് ആകെ പരിക്ഷീണിതരായിരുന്നു ആ മനുഷ്യർ. ഒന്ന് തൊട്ടാൽ വീണ്പോകും വിധം. ജീപ്പിൽ അവർക്കിരിക്കാവുന്ന ഇടമൊഴികെയുളള ഭാഗങ്ങളിലെല്ലാം അവർ സാധനങ്ങൾ നിറച്ചിട്ടുണ്ടായിരുന്നു. ഏറെയും ഭക്ഷ്യവസ്തുക്കൾ.

അതെല്ലാം സ്വീകരിച്ച് റസീപ്റ്റ് നൽകി.

രാജസ്ഥാനിലെ കോട്ട ജില്ലയിൽ നിന്നാണവർ. മൂന്ന് ദിവസങ്ങളിലായി 1800 ലേറെ കിലോമീറ്റർ ദൂരം. അതും ദീർഘദൂരയാത്രയ്ക്ക് ഒട്ടും അനുഗുണമല്ലാത്ത വാഹനത്തിൽ. വെല്ലുവിളിക്കുന്ന കാലാവസ്ഥയിൽ തുടർയാത്ര. അക്ഷരാർത്ഥത്തിൽ സാഹസികമായ യാത്ര.

നാട്ടിലെ ചില ഐ.ടി കമ്പനികളിലും ബിസിനസ് സ്ഥാപനങ്ങളിലും ജോലി ചെയ്യുകയാണവർ. കേരളത്തിലെ ദുരന്തത്തെക്കുറിച്ചറിഞ്ഞപ്പോൾ ചുറ്റുപാടുകളിൽ നിന്ന് സാധ്യമായ വിഭവങ്ങൾ ശേഖരിച്ച് പുറപ്പെടുകയായിരുന്നു.

മടങ്ങും മുമ്പേ അവരുടെ ഒരു ഗ്രൂപ്പ് ചിത്രമെടുക്കാനായി വിളിച്ചപ്പോഴാണ് എല്ലാവരും നടുങ്ങുന്നത്. ജീപ്പിൽ നിന്ന് പുറത്തിറങ്ങാനാവാത്ത ആൾക്ക് ഒരു കാലില്ല. ഒരപകടത്തിൽ അത് മുട്ടിന് മുകളിൽ വച്ച് നഷ്ടപ്പെട്ടുപോയതാണ്! ആ അഞ്ചംഗ സംഘത്തിന്റെ നേതാവുമയാൾതന്നെ. ഒരുപാട് പരിമിതികളുണ്ടായിട്ടും രാജസ്ഥാനിൽ നിന്ന് ഇത്ര ദൂരം.







അങ്ങനെയങ്ങനെ ഓർത്തെടുക്കാൻ, കുറിച്ചിടാൻ, നൻമയുടെയും സ്നേഹത്തിന്റെയും എത്രയെത്ര പാഠഭേദങ്ങളും കൂടി തന്നു ഈ കെടുതിക്കാലം.

അതെ, എത്രയോ പതിറ്റാണ്ടുകൾക്ക് മുമ്പ് രാഷ്ട്രപിതാവ് പറഞ്ഞത് അദ്ദേഹത്തിന്റെ ജനത ഒരു ദുരന്തമുഖത്ത് ഇതാ മറ്റൊരു വിധത്തിലെങ്കിലും പ്രാവർത്തികമാക്കുന്നു:

'കരുതലോടെ ഉപയോഗിക്കുന്ന പക്ഷം, പങ്കുവയ്ക്കുന്ന പക്ഷം എല്ലാവരുടെയും ആവശ്യത്തിന് തികയുന്ന വിഭവങ്ങൾ ഭൂമിയിലുണ്ട്. സ്നേഹവും കരുതലും സമം ചേർത്താവുമ്പോൾ പങ്കുവയ്ക്കുന്നതിന്റെ മൂല്യം പല മടങ്ങാവുന്നുമുണ്ട്.'●

*എഴുത്തുകാരനും റവന്യൂ വകുപ്പിൽ ജീവനക്കാരനുമാണ് ലേഖകൻ*



# ചരിത്ര വിസ്മയത്തിന് സുവർണ ജൂബിലി

**അജിത് വെണ്ണിയൂർ**

"One small step for man
One giant leap for mankind"

“മനുഷ്യന്റെ ഒരു ചെറിയ കാൽവയ്പ്;
മനുഷ്യകുലത്തിന്റെ കുതിച്ചുചാട്ടം”.

ലോകപ്രശസ്തമായ ഉദ്ധരണികളിലൊന്നാണിത്. ചന്ദ്രോപരിതലത്തിൽ മനുഷ്യൻ ആദ്യമായി കാൽകുത്തിയ നിമിഷം ആംസ്ട്രോങ് മന്ത്രിച്ച വാക്കുകൾ. ലോകമാസകലമുള്ള 65 കോടി ജനങ്ങൾ ആ ചരിത്രമുഹൂർത്തം തത്സമയം ടെലിവിഷനിൽ കണ്ടു. ശാസ്ത്രലോകത്തെ പ്രകമ്പനം കൊള്ളിച്ച ചരിത്ര വിസ്മയം.

മനുഷ്യകുലത്തിന്റെ ആ കുതിച്ചുചാട്ടത്തിന് അമ്പതു വയസ്സ് പിന്നിടുകയാണ്. അരനൂറ്റാണ്ടുമുമ്പ് 1969 ജൂലൈ 16 ന് അമേരിക്കൻ സമയം രാവിലെ 9.32 നാണ് ധീരരായ മൂന്നു യുവാക്കളുമായി അപ്പോളോ രണ്ട് പേടകം ബഹിരാകാശത്തേക്ക് കുതിച്ചത് ഇന്ത്യൻസമയം വൈകിട്ട് 07.02 ന്. നീൽ ആംസ്ട്രോങ്, എഡ്വിൻ ആൾഡ്രിൻ, മൈക്കേൽ കോളിൻസ് എന്നിവരായിരുന്നു അതിലെ യാത്രികർ. നാലു നാൾ നീണ്ട യാത്രയ്ക്കുശേഷം ജൂലൈ 20 ന് അമേരിക്കൻ സമയം രാത്രി 8.17 ന് ആംസ്ട്രോങ്ങും ആൾഡ്രിനും മാത്രമുള്ള ഈഗിൾ ചന്ദ്രോപരിതലത്തിലിറങ്ങി.

ഈഗിൾ ലക്ഷ്യസ്ഥാനത്തിലെത്തി നാലുമണിക്കൂറിനുശേഷമാണ് യാത്രികർ ചന്ദ്രോപരിതലത്തിൽ കാലുകുത്തിയത്. ആദ്യമിറങ്ങിയത് നീൽ ആംസ്ട്രോങ്, 20 മിനുറ്റിനുശേഷം ആൾഡ്രിനും അവർ ചന്ദ്രനിലെ പൊടിയും പാറയും ശേഖരിച്ചു. ചിത്രമെടുത്തു. അമേരിക്കൻ പ്രസിഡന്റുമായി സംസാരിച്ചു. രണ്ടര മണിക്കൂർ പുറത്തു ചെലവിട്ട ശേഷം ഈഗിൾ പേടകത്തിലേക്ക് കയറിയ അവർ 21 മണിക്കൂറുകൾക്കു ശേഷം മാതൃപേടകത്തിലേക്ക് മടങ്ങി. ഈ സമയമത്രയും മൈക്കിൾ കോളിൻസ് നിയന്ത്രിച്ച മാതൃപേടകം ചന്ദ്രനെ വലംവയ്ക്കുകയായിരുന്നു.

ജൂലൈ 21 ന് ഈഗിൾ, മാതൃപേടകമായ അപ്പോളയിൽ ഘടിപ്പിച്ച് ഭൂമിയിലേക്ക് മടക്കയാത്ര തുടങ്ങി. ജൂലൈ 24 ന് പസഫിക് സമുദ്രത്തിൽ പേടകം തിരിച്ചിറങ്ങിയപ്പോഴാണ് വീർപ്പടക്കി നിന്ന ശാസ്ത്രലോകം വിസ്മയത്തോടെ ആ ചരിത്രനേട്ടം വിശ്വസിച്ചത്.

അപ്പോളോ II ദൗത്യം വിജയിച്ചപ്പോൾ അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സൻ നടത്തിയ പ്രസംഗം ചരിത്രപ്രസിദ്ധമാണ്. പക്ഷേ അതോടൊപ്പം, ദൗത്യം പരാജയപ്പെട്ടാൽ പ്രസിഡന്റിന് വായിക്കാനായി വൈറ്റ്ഹൗസ് തയ്യാറാക്കി വച്ചി



രുന്ന മറ്റൊരു പ്രസംഗവും അക്കാലത്ത് മാധ്യമങ്ങൾക്ക് ചോർന്നു കിട്ടി അതിതാണ്:

"സാഹസികരായ ആ യുവാക്കൾ മരണത്തെ മുന്നിൽക്കണ്ടാണ് സഞ്ചരിച്ചത്. ഒരു പക്ഷേ മടങ്ങി വരാനാകില്ലെന്ന് അവർക്കറിയാമായിരുന്നു. അവർ മടങ്ങിവന്നില്ല. പക്ഷേ അവരുടെ ധീരതയാണ് രാജ്യത്തിന്റെ ഭാവി പ്രയോജനം."

അങ്ങനെയൊരു പ്രസംഗം തയ്യാറാക്കാൻ കാരണമുണ്ടായിരുന്നു. അപ്പോളൊ ഒന്ന് പരീക്ഷണ ദൗത്യത്തിൽ മൂന്ന് യാത്രികർ പേടകത്തിനുള്ളിൽ വെന്തു മരിച്ചു. തുടുർന്നു നടത്തിയ പരീക്ഷണങ്ങളിലും പലവട്ടം പരാജയങ്ങൾ സംഭവിച്ചു. അതുകൊണ്ടുതന്നെ അപ്പോളൊയുടെ രണ്ടാം ദൗത്യം വിജയിക്കുമെന്ന് ആർക്കും ഉറപ്പുണ്ടായിരുന്നില്ല.

എട്ടു ദിവസവും മൂന്നു മണിക്കൂറും 18 മിനിറ്റും 35 സെക്കൻഡുമാണ് ചന്ദ്രനിലേക്കും തിരിച്ചുമുള്ള യാത്രയ്ക്കായി വേണ്ടി വന്നത്. ആംസ്ട്രോങും, ആൽഡ്രിനും ചന്ദ്രോപരിതലത്തിൽ ചെലവഴിച്ച 21 മണിക്കൂർ നേരവും മൈക്കേൽ കോളിൻസ് തനിച്ച് പേടകത്തിൽ ചന്ദ്രനെ ചുറ്റുകയായിരുന്നു. അതുകൊണ്ടുതന്നെ ആ ചന്ദ്രയാനത്തിലെ സാഹസികനായ കോളിൻസിനെ അധികമാരും അറിഞ്ഞില്ല. ഇന്നും ആ പേര് പാതി വിസ്മൃതിയിലാണ്.

ചാന്ദ്രയാത്ര കഴിഞ്ഞെത്തിയ മൂവരെയും പതിനേഴു നാൾ വിവിധ ലബോറട്ടറികളിൽ പാർപ്പിച്ച് വിശദമായ പരിശോധനകൾക്ക് വിധേയരാക്കി. ആരോഗ്യപ്രശ്നങ്ങളോ അണുബാധയോ ഇല്ല എന്ന് ഉറപ്പാക്കിയശേഷമാണ് അവരെ പുറംലോകം കണ്ടത്. ഇക്കാലയളവിൽ അവർ ജീവനോടെയുണ്ടോ എന്നു വരെ ജനം സംശയിച്ചു. ഊഹാപോഹങ്ങൾ മാധ്യമങ്ങളിൽ വാർത്തകളായും പ്രചരിച്ചു. ആ സമയത്താണ് വൈറ്റ് ഹൗസ് മുൻകൂട്ടി തയ്യാറാക്കി വച്ചിരുന്ന ചരമോപചാരവും പുറത്തായത്.

ആംസ്ട്രോങ് ചന്ദ്രനിൽ കാലുകുത്തിയെന്ന കാര്യത്തിൽ സംശയം



പ്രകടിപ്പിക്കുന്നവർ ഇന്നുമുണ്ട്. ടെലിവിഷൻ ദൃശ്യങ്ങൾ കൃത്രിമമാണെന്നു വരെ പ്രചാരണമുണ്ടായി. സാങ്കേതികവിദ്യ ഇത്രയൊന്നും വികസിക്കാതിരുന്ന കാലഘട്ടത്തിലെ ആ സാഹസിക ദൗത്യം അത്രമാത്രം അവിശ്വസനീയമായിരുന്നു.

ഇതറിയാവുന്നതു കൊണ്ടു തന്നെ ടെലിവിഷൻ ക്യാമറ സംപ്രേഷണത്തിന് തയ്യാറാക്കിശേഷമാണ് ആംസ്ട്രോങ് ചന്ദ്രോപരിതലത്തിൽ കാലുകുത്തിയത്. നാലുമണിക്കൂർ നേരം പേടകത്തിലിരുന്നാണ് സൂക്ഷ്മ നിരീക്ഷണം നടത്തിയ ശേഷം എല്ലാ തയ്യാറെടുപ്പോടെയുമാണ് പുറത്തിറങ്ങിയത്. ലാഡറിനു മുകളിൽ 30 അടി ഉയരത്തിൽ ക്യാമറ ഉയർത്തി വെച്ച് ദൃശ്യങ്ങളുടെ വിജയകരമായ സംപ്രേഷണം ഉറപ്പുവരുത്തിയിരുന്നു. അതുകൊണ്ടുതന്നെ ആംസ്ട്രോങ് പേടകത്തിൽ നിന്ന് ഏണിപ്പടിയിലൂടെ ഇറങ്ങുന്ന രംഗങ്ങൾ ഉൾപ്പെടെ തത്സമയം ജനങ്ങൾ കണ്ടു.

ആദ്യമിറങ്ങിയത് ആംസ്ട്രോങ് ആണെങ്കിലും ചന്ദ്രനിലെ മനുഷ്യന്റെ കാൽപാടായി ദൃശ്യങ്ങളിൽ കാണുന്നത് ആൽഡ്രിന്റെ ചുവടുവെയ്പാണ്.

കാരണം ആദ്യമിറങ്ങിയ ആംസ്ട്രോങിന്റെ കൈയിലായിരുന്നു ക്യാമറ. ചന്ദ്രനിലെ മണ്ണും പാറക്കഷണവും ശേഖരിച്ചതും, അവിടെ സ്ഥാപിച്ച അമേരിക്കൻ പതാകയെ അഭിവാദ്യം ചെയ്തതുമെല്ലാം ചിത്രത്തിൽ ആൽഡ്രിനാണ്. എന്നാൽ ഒരു ചിത്രത്തിൽ ആൽഡ്രിൻ ധരിച്ച ഹെൽമെറ്റിന്റെ കണ്ണാടിയിൽ ദൃശ്യം പകർത്തുന്ന ആംസ്ട്രോങിന്റെ പ്രതിബിംബം പതിഞ്ഞിട്ടുണ്ട്.

അപ്പോളോ രണ്ട് ദൗത്യതത്തിന്റെ വിജയത്തിനുശേഷം 10 അമേരിക്കക്കാർ വിജയകരമായി ചന്ദ്രനിൽ കാലുകുത്തി. 1972 ലാണ് അമേരിക്ക ചന്ദ്രയാത്ര അവസാനിപ്പിച്ചത്.

ബഹിരാകാശയാത്രയിലും ശാസ്ത്രസാങ്കേതിക പരീക്ഷണങ്ങളിലും ലോകം ബഹുദൂരം സഞ്ചരിച്ച് കണ്ണഞ്ചിപ്പിക്കുന്ന നേട്ടങ്ങളുണ്ടാക്കിയെങ്കിലും അരനൂറ്റാണ്ടുമുമ്പത്തെ ആ 'ചന്ദ്രയാനം' ഇന്നും ചരിത്ര വിസ്മയമായിത്തന്നെ നിലകൊള്ളുന്നു.●

# കയർ വ്യവസായ സാധ്യതകൾ ചിറ്റുമല ബ്ലോക്കിൽ

എസ്. മാത്യു

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ എട്ടു പഞ്ചായത്തുകളിലും കായൽതീര പ്രദേശത്തും, പുഴയോരങ്ങളിലും സമതലങ്ങളിലും തെങ്ങ് കൃഷി വളരെ നല്ല രീതിയിൽ നടന്നുവരുന്നു. ഇതുവഴി കയർ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുവായ തൊണ്ട് ലഭ്യമാണ്. എന്നാൽ ഇവിടെ ഉൽപ്പാദിപ്പിയ്ക്കപ്പെടുന്ന എല്ലാ തൊണ്ടും ചകിരിയാക്കാനായി വിനിയോഗിക്കപ്പെടുന്നില്ല.

ഇപ്പോൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും പച്ചത്തൊണ്ട് ചകിരിയാക്കിയത് കൊണ്ടു വന്ന് കായലിലെ ഉപ്പുവെള്ളത്തിൽ കുതിർത്താണ് കയർ ഉൽപ്പാദിപ്പിക്കുന്നത്. ഈ ചകിരിക്ക് കൂടുതൽവില നൽകേണ്ടി വരുന്നതിനാലും, ഗുണമേൻമ കുറവായതിനാലും ഇത്തരം ചകിരികൊണ്ടുൽപാദിപ്പിക്കുന്ന കയറിന് ബലം കുറവാണെന്നതിനാലും വില കുറച്ചേ കിട്ടൂ. തൻമൂലം യൂണിറ്റുകൾ ലാഭകരമല്ലാതായി തീരുന്നു. നമ്മുടെ നാട്ടിലെ തൊണ്ട് സംഭരിക്കാത്തതിനാൽ തൊണ്ടഴുക്കൽ എന്ന പ്രവൃത്തി നാട്ടിൽ കുറഞ്ഞുവരുന്നു. ബ്ലോക്ക് പ്രദേശത്തും തൊട്ടടുത്ത പ്രദേശങ്ങളിലും ലഭ്യമാകുന്ന തൊണ്ട് ശരിയായ രീതിയിൽ സംഭരിക്കാമെങ്കിൽ കായലോരങ്ങളിൽ തൊണ്ടഴുക്കൽ യൂണിറ്റുകൾ നല്ല രീതിയിൽ പ്രവർത്തിപ്പിക്കാനും ഇങ്ങനെ അഴുകിയ തൊണ്ടുകൾ മനുഷ്യപ്രയത്നം കൊണ്ടോ, യന്ത്രവത്കൃത തൊണ്ടുതല്ല് യൂണിറ്റുകൾ വഴിയോ ചകിരിയാക്കി കയർ ഉൽപ്പാദിപ്പിയ്ക്കുവാനും സാധിക്കും. ഇതുവഴി അനവധി പേർക്ക് തൊഴിൽ ലഭ്യമാകുകയും ഗുണമേന്മയേറിയ കയർ



ഉൽപാദിപ്പിക്കാനും കഴിയുന്നു. തത്ഫലമായി കയറിനും കയർ ഉൽപന്നങ്ങൾക്കും നല്ല വില ലഭ്യമാകുകയും ചെയ്യുന്നു.

ചെറുകിട കയർപിരിപ്പുകാരിൽ നിന്നും വൻകിട വ്യാപാരികൾ കയർ സംഭരിച്ച് സംസ്കരിച്ച് സംസ്ഥാനത്തിനകത്തും മറ്റു സംസ്ഥാനങ്ങളിലേയ്ക്കും കയറ്റി അയക്കുന്നതാണ് ഇപ്പോഴുളള വിപണന രീതി. ആലപ്പുഴ ജില്ല പോലുളള ഏതാനും സ്ഥലങ്ങളിൽ സംസ്കരിച്ച കയർ ഉപയോഗിച്ച് ചവിട്ടി, കയറ്റുപായ്, മെത്ത തുടങ്ങിയ ഉൽപന്നങ്ങളാക്കി മറ്റു സംസ്ഥാനങ്ങളിലേയ്ക്കും, രാജ്യങ്ങളിലേയ്ക്കും കയറ്റി അയയ്ക്കുകയും ആഭ്യന്തര പിപണിയിൽ വിൽക്കുകയും ചെയ്തു വരുന്നുണ്ട്. കയർ ബോർഡിന്റെ സേവനങ്ങളും ഉൽപന്ന വിപണനത്തിൽ മുഖ്യ പങ്കു വഹിക്കുന്നു.

തൊണ്ടിന്റെ സംഭരണം, സംസ്കരണം എന്നീ മേഖലകളിൽ പുരുഷ തൊഴിലാളികളും, ചകിരിയാക്കൽ, ചകിരി പിരിച്ച് കയറാക്കൽ എന്നീ മേഖലകളിൽ സ്ത്രീ തൊഴിലാളികളും പണിയെടുത്തു വരുന്നു. കയർ സംസ്കരണത്തിലും, ഉൽപന്ന നിർമ്മാണത്തിലും വിപണനത്തിലും ഇരുവിഭാഗത്തിലുംപെട്ട തൊഴിലാളികളും പണികൾ ചെയ്തു വരുന്നു.

ഇത്തരുണത്തിൽ ഇരു വിഭാഗത്തിലുംപെട്ട തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങളോ കുടുംബശ്രീ സംഘങ്ങളോ രൂപീകരിച്ചുകൊണ്ട് ഓരോ മേഖലയിലും ഓരോ ഗ്രൂപ്പുകൾ പണിയെടുക്കത്തക്ക രീതിയിൽ ഇവർക്കാവശ്യമായ പരിശീലനവും പരിഷ്കരിച്ച രീതികളും പഠിപ്പിച്ച് ബ്ലോക്ക് പ്രദേശത്തെ കയർ ഉൽപാദനം വിജയിപ്പിച്ചാൽ മറ്റു ബ്ലോക്ക് പ്രദേശങ്ങളിൽ കൂടി ഈ രീതി വ്യാപിപ്പിച്ച് കൊല്ലം ജില്ലയെ കേരളത്തിലെ കയർ വ്യവസായത്തിന്റെ മുൻപന്തിയിലേക്ക് കൊണ്ടുവരുന്നതിന് സാധിക്കും.



ഇതിലേയ്ക്ക് താഴെപറയുന്ന രീതിയിൽ സ്വയംസഹായ സംഘങ്ങൾ (പുരുഷ, വനിത) രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

## പുരുഷ ഗ്രൂപ്പുകൾ

1) തൊണ്ടു സംഭരിക്കുന്ന ചുമതല മുഖ്യതൊഴിലായി സ്വീകരിക്കണം.
2) തൊണ്ട് അഴുക്കലുമായി ബന്ധപ്പെട്ട ജോലികൾ മുഖ്യതൊഴിലായി സ്വീകരിക്കണം.

## വനിതാഗ്രൂപ്പുകൾ

1) അഴുകിയ തൊണ്ട്തല്ല് യൂണിറ്റുകൾ (മനുഷ്യ പ്രയത്നം) (ഇവരെ യന്ത്രവൽകൃത തൊണ്ടു തല്ല് യൂണിറ്റുകൾ നടത്താൻ പ്രാപ്തരാക്കി അതിലേക്ക് മാറ്റാവുന്നതാണ്).
2) തൊണ്ട്തല്ല് യൂണിറ്റുകളിൽ നിന്നും ചകിരി വാങ്ങി കയർ പിരിപ്പ് യൂണിറ്റുകൾ നടത്തുന്നവ.
3) യന്ത്രവത്കൃത കയർ പിരിപ്പ് യൂണിറ്റ് സ്ഥാപിച്ചു നടത്തുന്നതിലേക്ക് ട്രെയിനിംഗ് കൊടുത്ത് നടത്താവുന്നവ.
4) പുരുഷ-സ്ത്രീ സ്വയംസഹായ സംഘങ്ങളോ കുടുംബശ്രീ യൂണിറ്റുകളോ ഉൽപാദിപ്പിക്കുന്ന കയർ വാങ്ങി ഉൽപന്നങ്ങളാക്കി സംസ്ഥാനത്തിനകത്തും പുറത്തും വിൽക്കാൻ പാകത്തിൽ പരിശീലനം കൊടുത്ത് നടത്തുന്നവ. കയർ കെട്ടുകളാക്കി പുറം നാടുകളിലേക്ക് അയയ്ക്കുന്നവ.

കൂടാതെ കുടുമ്മി സംസ്കരിച്ച് സെറ്റി മുതലായ ഫർണിച്ചറുകൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ, ചകിരിച്ചോർ സംസ്കരിച്ച് ഉൽപന്നങ്ങളും വളങ്ങളും ഉണ്ടാക്കുന്ന യൂണിറ്റുകൾ, നൂതന സാങ്കേതിക വിദ്യാ യൂണിറ്റുകൾ എന്നിവ നടപ്പിലാക്കുക വഴി ചിറ്റുമല ബ്ലോക്കു പ്രദേശത്തെയും അതു വഴി കൊല്ലം ജില്ലയിലെയും കേരളത്തിലെയും കയർ വ്യവസായത്തെ പരിപോഷിപ്പിക്കാവുന്നതാണ്.●

*ഗ്രാമവികസന വകുപ്പിൽ ജോയിന്റ് ബിഡിഒ ആയിരുന്നു ലേഖകൻ*

# സാഹിത്യവും ലോട്ടറിയും പിന്നെ സകലകലയും

സുബ്രഹ്മണ്യൻ അമ്പാടി വൈക്കം

"നാലഞ്ചു ദിവസങ്ങൾ കൂടി അവിടുത്തെ ആശ്രിതത്വത്തിൽ ഇരുന്ന് ഈ ലോകസുഖം ത്യജിക്കണമെന്ന് വിചാരിക്കുന്നു. പരമേശ്വരനെ തൃപ്പാദങ്ങളിൽ സമർപ്പിച്ചിരിക്കുന്നു."

സ്വന്തം മരണത്തെ മുൻകൂട്ടി പ്രവചിച്ച മഹാമനീഷിയുടെ വാക്കുകൾ മലയാളത്തിലെ ആദ്യത്തെ ആത്മകഥയും, ആദ്യത്തെ ബാലസാഹിത്യ കൃതിയും, പ്രഥമ തിരുവിതാകൂർ ചരിത്രവും, ആദ്യത്തെ സമ്പൂർണ്ണ ഭാഷാ വ്യാകരണവും എഴുതി, ആദ്യത്തെ ലോട്ടറി ആസൂത്രണം ചെയ്ത വൈക്കത്ത് പാച്ചുമൂത്തത്.

വൈക്കത്ത് പടിഞ്ഞാറേടത്തില്ലത്ത് നീലകണ്ഠൻ മൂത്തതിന്റെ പുത്രനായി 1814 ആഗസ്റ്റ് 18 ന് ജനനം. ദാരിദ്ര്യം കൊടുകുത്തിവാണിരുന്ന ഇല്ലം. വൈക്കം മഹാദേവക്ഷേത്രത്തിൽ നിന്നും ചില പ്രത്യേക അവകാശങ്ങൾ ലഭിച്ചിരുന്നതുകൊണ്ട് അത്താഴപഷ്ണി കിടക്കാതെ കഴിഞ്ഞു. ക്ഷേത്രത്തിൽ തിടമ്പെഴുന്നെള്ളിക്കുവാനും, വൈക്കം മഹാദേവ ക്ഷേത്രത്തിൽ ചില പ്രത്യേക അവകാശങ്ങളുള്ളവരായിരുന്നു വൈക്കത്ത് പാച്ചുമൂത്തതിന്റെ പൂർവ്വികർ.

പാരമ്പര്യമായി കിട്ടിയ കുലത്തൊഴിൽകൊണ്ട് ഉപജീവനത്തിന് സാധിക്കില്ല എന്നു മനസ്സിലാക്കിയ പാച്ചു മൂത്തത് വ്യാകരണം, തർക്കം, മീമാംസ, വേദാന്തം, വൈദ്യം, ജ്യോതിഷം, ചിത്രമെഴുത്ത്, എന്നീ ശാസ്ത്രങ്ങളിൽ പഠനം തുടർന്നു.

അമ്പലങ്ങളിൽ നാടകം അവതരിപ്പിച്ചുകൊണ്ട് തിരുവിതാംകൂറിലും പിന്നെ തിരു-കൊച്ചിയിലും ഒരവദൂതനെപ്പോലെ ജീവിച്ച പാച്ചു മൂത്തതിന്റെ ജീവിതം ദുരിതങ്ങളാൽ സമൃദ്ധമായിരുന്നു.



വൈക്കത്ത് പാച്ചുമൂത്തത് - കണ്ണാടിയിൽ നോക്കി വരച്ച സ്വന്തം ചിത്രം

ഇല്ലത്തെ ദാരിദ്ര്യം മൂലം തൃപ്രയാറിൽ ബന്ധുക്കളുടെ ഇല്ലങ്ങളിൽ താമസിച്ച് വൈദ്യ ചികിത്സയിലും നിപുണനായി. വിദ്വാൻ തമ്പുരാൻ വ്യാകരണത്തിലും, വൈക്കം വെച്ചൂർ തേവലക്കാട്ട്മൂത്തത് പാഠകത്തിലും അദ്ദേഹത്തിന് ഗുരുനാഥൻമാരായി.

അത്ഭുതകരമായ ജ്ഞാന വൈവിധ്യം കൈയ്യാളിയിരുന്ന മനുഷ്യനായിരുന്നു മൂത്തത്. അഷ്ടാംഗ ഹൃദയത്തിലുള്ള അവഗാഹം മൂലം കൊച്ചിയിലെ ദിവാനായിരുന്ന ശങ്കര വാര്യരെ ചികിത്സിക്കുന്നതിന് കൊച്ചിരാജാവ് പ്രത്യേകം പല്ലക്ക് അയച്ച് മൂത്തതിനെ ക്ഷണിച്ചു. പാച്ചുമൂത്തതിന്റെ ചികിത്സകൊണ്ട് ആശ്വാസം കിട്ടി. പണക്കിഴിയും കോപ്പുകളും, പ്രതിമാസം ശമ്പളവും അനുവദിച്ചുകൊണ്ടുള്ള ഉത്തരവും ദിവാൻജി പുറപ്പെടുവിച്ചു.

പിന്നീട് കൊച്ചി വലിയ തമ്പുരാൻ കുതിരപ്പുറത്തു നിന്നും വീണുണ്ടായ അസുഖവും പാച്ചുമൂത്തത് ചികിത്സിച്ച് സുഖപ്പെടുത്തി. തമ്പുരാൻ അഭിനന്ദിച്ച്, സന്തോഷത്താലും രണ്ടുകൈയ്ക്കും വീരശ്ര്യംഖല സമ്മാനിച്ചു.

കൊല്ലവർഷം 1020 ൽ ഭീകരമായ വസൂരി രോഗം മൂത്തതിന് പിടിപെട്ടു അഞ്ചുദിവസിത്തിലേറെ കിടപ്പിലായി വൈക്കത്തപ്പനെ വിളിച്ച് അപേക്ഷിച്ചപ്പോൾ രാത്രിയുടെ നാലാം യാമത്തിൽ പരമശിവനെത്തി മൂത്തതിന്റെ വസൂരി മാറ്റിയെന്നാണ് വിശ്വാസം.

1029 ൽ തിരുവിതാംകൂർ ഉത്രാടം തിരുന്നാൾ മഹാരാജാവ് കൊട്ടാരം വൈദ്യനായി നിയമിച്ചു. പ്രശസ്തരായ നിരവധി മഹത് വ്യക്തികളെ ചികിത്സിച്ച് അസുഖം ഭേദമാക്കിയപ്പോൾ എറെ പ്രശംസയും വീരശൃംഖലയും, 40 പണം ശമ്പളം വകവെച്ച്, ചങ്ങലവിളക്കിന് വെളിച്ചെണ്ണ മുതലായതു കൊടുക്കുന്നതിന് മഹാരാജാവ് കൽപ്പന പുറപ്പെടുവിച്ചു.

ഇന്ത്യയിലാദ്യമായ ലോട്ടറി ആരംഭിച്ചത് വൈക്കത്ത് പാച്ചുമൂത്തതിന്റെ നിർദ്ദേശ പ്രകാരമാണ്. ശുചീന്ദ്രംശിവ ക്ഷേത്ര ഗോപുരത്തിന്റെ അറ്റകുറ്റപണികൾ തീർക്കുന്നതിനുവേണ്ടി തിരുവിതാംകൂർ സർക്കാർ അനുമതി നൽകി. രാജ്യഭരണത്തിലെ നയപരമായ പല തിരുമാനങ്ങളിലും രാജാവ് മൂത്തതിന്റെ ബുദ്ധിയേയും ക്രാന്തദർശിത്വത്തേയും സ്വീകരിച്ചിരുന്നു.



**ബ്രഹ്മാവ് വിഷ്ണു മഹേശ്വരൻ –**
**സ്ഥാണുമാലയ ശുചീന്ദ്രം ക്ഷേത്രഗോപുരത്തിലെ ചിത്രം**



**1049 ൽ ആയില്യം തിരുനാൾ മഹാരാജാവ് കൽപിച്ചു നൽകിയ വീരശൃംഖലയും സ്വർണം കെട്ടിയ ഗൗരീശങ്കരം രുദ്രാക്ഷമാലയും**

മലയാളസാഹിത്യത്തിലെ ആദ്യ ആത്മകഥ 1857 ൽ അദ്ദേഹം രചിച്ച "ആത്മകഥ സംക്ഷേപണ" മാണെന്ന് കരുതപ്പെടുന്നു. ആദ്യമായി ഒരു ബാലസാഹിത്യ കൃതി എഴുതിയതും അദ്ദേഹം തന്നെ. 1867 ൽ പുറത്തിറങ്ങിയ "ബാലഭൂഷണ"മായിരുന്നു അത്. ആദ്യമായി തിരുവിതാംകൂർ ചരിത്രവും, ആദ്യത്തെ സമ്പൂർണ്ണ ഭാഷാ വ്യാകരണവും എഴുതിയുണ്ടാക്കിയ പാച്ചുമൂത്തത്. രാമവർമ്മ മഹാരാജാ ചരിത്രം, സുഖസാധകം, രാജസൂയം, പ്രബന്ധവ്യാഖ്യാനം, മുചുകുന്ദമോക്ഷം ആട്ടക്കഥ, കുചേലവൃത്തം ആട്ടക്കഥ.

ഹൃദയപ്രീയ്യം- ബൃഹദ്വൈദ്യ ശാസ്ത്ര ഗ്രന്ഥം, അഥർവിമർശിനി- രാജസൂയ പ്രബന്ധത്തിനു വ്യാഖ്യാനം എന്നിങ്ങനെ മലയാളത്തിലും, സംസ്കൃതത്തിലും അമൂല്യമായ നിരവധി ഗ്രന്ഥങ്ങൾ സംഭാവന ചെയ്ത ബഹുമുഖ പ്രതിഭാശാലിയായിരുന്നു വൈക്കത്തു പാച്ചുമൂത്തത്, ജ്യോതിശാസ്ത്രത്തിലും വീണാവാദനത്തിലും നൈപുണ്യം നേടി. മഹാരാജാവിൽ നിന്നും വീരശൃംഖല കിട്ടി. ചിത്രരചനയിൽ അസാമാന്യ കഴിവുതെളിയിച്ചിരുന്നു. കണ്ണാടിയിൽ നോക്കി ഇദ്ദേഹം വരച്ച ജീവസ്സുറ്റ സ്വന്തം ചിത്രമാവാം ഒരു പക്ഷെ മലയാളിയുടെ ആദ്യത്തെ സെൽഫ് പോർട്രെയിറ്റ്. ജന്മഗൃഹമായ വൈക്കം പടിഞ്ഞാറേടത്തില്ലത്ത് സൂക്ഷിച്ചിരിക്കുന്ന ഛായാ ചിത്രമാണ് ഈ ലേഖനത്തോടൊപ്പം കൊടുത്തിരിക്കുന്നത്.

വൈക്കത്ത് പാച്ചു മൂത്തതിന്റെ " സുഭാഷിത രത്നങ്ങൾ" എന്ന കൃതിയുടെ മുഖവുരയിൽ ടി. എൻ. നാണുപിള്ള ആശാൻ രേഖപ്പെടുത്തി : " എല്ലാ ഗുണങ്ങളും തികഞ്ഞ് കേരളത്തിലെ ഒരു സർവ്വ സമ്മതനും സർവ്വ തന്ത്ര സ്വതന്ത്രനും കലാ കുശലനും ഭാഷാഭിമാനിയുമനായ വിദ്വാനും കവിയും ആയിരുന്നുവെന്നു മാത്രമല്ല, അദ്ദേഹത്തെ കേരള പാണിനിയെന്നും കേരളവാഗ്ഭടൻ എന്നോ, കാളിദാസനെന്നോ, വരാഹമിഹിരനെന്നോ ഒക്കെ കൂടി വേണമെങ്കിൽ പറയാവുന്നതാണ്."

സ്വന്തം മരണം പോലും മുൻകൂട്ടിക്കാണാൻ കഴിഞ്ഞ ക്രാന്തദർശിയായിരുന്നു അദ്ദേഹം. മരിക്കുന്നതിന് അഞ്ചു ദിവസം മുമ്പ് തന്റെ അന്ത്യം പ്രവചിച്ചുകൊണ്ട് അദ്ദേഹം വിശാഖം തിരുനാൾ മഹാരാജാവിനെഴുതിയ കത്തിലെ വാചകങ്ങളാണ് ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചത്. എന്നാൽ രാജാവിനു കത്ത് കിട്ടുന്നതിനു മുമ്പ് തന്നെ പാച്ചുമൂത്തത് അന്തരിച്ചു.1882 ഓഗസ്റ്റ് 20 നായിരുന്നു ആ ബഹുമുഖ പ്രതിഭയുടെ അന്ത്യം.●

# ജൈവമാലിന്യം കൂടുതൽ ശ്രദ്ധ വേണം

വിനു എ

സാമ്പത്തികമായ പുരോഗതിയിലേക്ക് രാജ്യം പുരോഗമിക്കുമ്പോൾ ഏറെആശങ്കകൾക്ക് കാരണമാകുന്ന വിഷയമാണ് മാലിന്യങ്ങളുയർത്തുന്ന ഭീഷണി. മാലിന്യത്തിന്റെ തോതിലുണ്ടാകുന്ന വർദ്ധന നഗരപ്രദേശങ്ങളെ വലിയതോതിൽ ബാധിക്കുന്നുണ്ട്. നഗരപ്രദേശങ്ങൾ മാത്രമല്ല, ഗ്രാമങ്ങളും ഇന്ന് വിവിധ തരത്തിലുള്ള മാലിന്യ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. ഇന്ത്യയിലെ കണക്കുകൾ പ്രകാരം ഓരോ വർഷവും 620 ലക്ഷം ടൺ മാലിന്യം സൃഷ്ടിക്കപ്പെടുന്നുണ്ട്. ഇതിൽ അറുപത് ശതമാനത്തിൽ താഴെ മാത്രമേ ശേഖരിക്കപ്പെടുന്നുള്ളൂ. ഇതിൽ 15 ശതമാനത്തോളം മാത്രമേ സംസ്കരിക്കപ്പെടുക്കയോ പുന:ചംക്രമണം ചെയ്യപ്പെടുകയോ ചെയ്യുന്നുള്ളൂ. നഗരമാലിന്യങ്ങളുടെ കണക്കെടുത്താൽ എകദേശം 51 ശതമാനവും ജൈവമാലിന്യങ്ങളാണ്. ഇവ സംസ്കരിക്കാൻ സാധിക്കുന്നവയാണെങ്കിലും ജീവിത ശൈലിയിലെ വലിയമാറ്റം അതിനെ കടുത്ത രീതിയിൽ മാറ്റിയിട്ടുണ്ടെന്ന് പറയാം.

ജൈവമാലിന്യ പ്രശ്നം, ശ്രമിച്ചാൽ നമുക്ക് പരിഹരിക്കാൻ സാധിക്കുമെന്നാണ് അനുഭവപാഠങ്ങൾ കാണിച്ചു തരുന്നത്. ജൈവമാലിന്യങ്ങളെ മണ്ണിലേക്ക് തന്നെ ദ്രവിപ്പിക്കാനാവും. വളമാക്കി മാറ്റിയെടുത്ത് ഉപയോഗിക്കാനുമാവും. വീടുകളിലും ഫ്ളാറ്റുകളിലും താമസിക്കുന്നവർക്ക് ഉപയോഗിക്കാനാവുന്ന വിധത്തിലുള്ള മാലിന്യസംസ്കരണ രീതികൾ സാങ്കേതികവിദ്യയുടെ ഭാഗമായി വിപുലപ്പെടുത്തിയിട്ടുമുണ്ട്. സാഹചര്യങ്ങളും സാധ്യതയും അനുസരിച്ച്



അവ ഉപയോഗപ്പെടുത്തിയെടുക്കാൻ സാധിക്കും. ഇത്തരം മാലിന്യങ്ങൾ വ്യത്യസ്തമായ രീതിയിലും സാഹചര്യത്തിലും സൃഷ്ടിക്കപ്പെടുന്നുവെന്നതിനാൽ തന്നെ അവയുടെ സംസ്കരണം അതിനനുയോജ്യമായ വിധത്തിൽ ഒരുക്കേണ്ടതുണ്ട്. ഗാർഹികമാലിന്യങ്ങൾ മാത്രമല്ല, കാർഷിക വൃത്തിയുടെ ഭാഗമായി ഉണ്ടാകുന്ന മാലിന്യങ്ങളുണ്ട്. ഇതിൽ പശുക്കളുടെയും മറ്റ് വളർത്തുമൃഗങ്ങളുടെയും മാലിന്യങ്ങളും ഉൾപ്പെടും. അറവുശാലകളിലെ മാലിന്യവും ഈ ഗണത്തിൽ പെടും. പഴയകാലത്ത് കാർഷിക വൃത്തിയുടെ ഭാഗമായുണ്ടാകുന്ന മാലിന്യത്തെ അവിടെതന്നെ ഉപയോഗപ്പെടുത്തുവാൻ സാധിച്ചിരുന്നു. അത്തരത്തിലുള്ള ചംക്രമണം അവിടങ്ങളിൽ ഉണ്ടായിരുന്നുവെന്ന് പറയാം. എന്നാൽ കാർഷിക മേഖലയിലുൾപ്പെടെയുണ്ടായ വലിയമാറ്റങ്ങൾ ആക്രമത്തെ ഇല്ലാതാക്കുന്ന സ്ഥിതിയുണ്ടായിരിക്കുന്നു.



ഉൽപാദന-വിതരണമേഖലകളിൽ ഉണ്ടായ വലിയ മാറ്റം വലിയ തോതിൽ മാലിന്യത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. ചാണകമുൾപ്പെടെയുള്ള മൃഗങ്ങളുടെ വിസർജ്ജ്യ വസ്തുക്കൾ വളമായി ഉപയോഗിക്കുവാൻ സാധിക്കുമായിരുന്നുവെങ്കിലും പകരം വളങ്ങളെ ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ ഇവയുടെ ഉപയോഗത്തിലുണ്ടായ കുറവ് മാലിന്യത്തിന്റെ തോതിനെ വർദ്ധിപ്പിക്കാൻ ഇടയാക്കിയിരുന്നു. എന്നങന്റ ഇത്തരം വിസർജ്ജ്യങ്ങളെ ബയോഗ്യാസാക്കി മാറ്റാനാവുമെന്ന സാങ്കേതികവിദ്യ പലയിടത്തും പരീക്ഷിക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പല രാഷ്ട്രങ്ങളിലും മാലിന്യത്തിന്റെ തോതിലുണ്ടായ വർദ്ധന കൃഷിയിടങ്ങളെ അക്രമിക്കുന്ന വിധത്തിൽ എത്തിച്ചേർന്ന അനുഭവങ്ങളുമുണ്ട്. കൃഷിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന മാലിന്യത്തിന്റെ തോത് വളരെ വലുതാണ്. വൈക്കോൽ ഉദാഹരണമായെടുക്കാം. മുൻകാലങ്ങളിൽ ഇതിനെ വ്യാപകമായി കന്നുകാലികൾക്ക് ഭക്ഷണമായി നൽകിയിരുന്നു. എന്നാൽ ഇപ്പോൾ വൈക്കോലിന്റെ ഉപയോഗം ഈ മട്ടിൽകുറഞ്ഞുവെന്ന് കാണാനാവും. ഉത്പാദനത്തിനുതകുന്ന വിധത്തിലുള്ളവസ്തുക്കൾവ്യാപകമായതോടെഒന്നിന് മറ്റൊന്നെന്ന രീതിയിൽ ക്രമപ്പെടുത്തിയ ശൃംഖലയിലെ തകർച്ച വലിയ പ്രത്യാഘാതങ്ങളിലേക്ക് എത്തിയെന്ന് പറയാം.

## നഗരം മാലിന്യക്കൂടുകൾ

നഗരപ്രദേശങ്ങളാണ് മാലിന്യത്തിന്റെ ഏറ്റവും വലിയ ദോഷം അനുഭവിക്കുന്നതെന്ന് കാണാനാവും. ജൈവ മാലിന്യങ്ങളുടെ കാര്യത്തിൽ വലിയതോതിലുള്ള വർദ്ധനയാണ് കാണാനാവുക .ഗാർഹിക മാലിന്യങ്ങൾ മാത്രമല്ല, ഹോട്ടലുകൾ, വലിയ മാളുകൾ, ഭക്ഷണ വിതരണ ശൃംഖലകൾ, ഹാളുകൾ, വലിയ ഓഫീസ് കെട്ടിടങ്ങൾ തുടങ്ങി മാലിന്യത്തിന്റെ തോത് വളരെ വലുതാണ്. വലിയ കൂട്ടങ്ങളെ ഉൾകൊള്ളുമ്പോൾ തന്നെ അവ സൃഷ്ടിക്കുന്ന മാലിന്യങ്ങളെ നേരിടാൻ തക്ക സാധ്യതകളൊന്നും ഇപ്പോഴും നമ്മുടെ നഗരങ്ങൾ കൈകൊണ്ടിട്ടില്ലായെന്നതാണ് യാഥാർത്ഥ്യം. ഇപ്പോഴും തുടരുന്ന വലിയ പ്രശ്നം ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും (പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ളവ) കൂടിചേർന്ന് കിടക്കുന്ന സാഹചര്യം ഉണ്ടെന്നതാണ്. ഇത് പരിഹരിക്കുകയെന്നത് വലിയ ശ്രമകരമായ സംഗതിയാണ്. പ്രധാനമായും ഇത് ജനങ്ങളുടെ അവബോധത്തിന്റെകൂടി ഭാഗമാണ്. ഡിസ്പോസിബിൾ വസ്തുക്കളെ പരമാവധി ഉപയോഗിക്കാതിരിക്കാനുള്ള ശക്തമായ പ്രചരണ പ്രവർത്തനങ്ങളും ബോധവത്കരണങ്ങളും നടക്കുമ്പോൾ തന്നെ അതിനെ കുറിച്ച് വേണ്ടത്ര ശ്രദ്ധയില്ലാത്ത വിധം സമൂഹത്തിൽ ഇടപെടലുകൾ ഉണ്ടാകുന്നുവെന്നതാണ് പ്രശ്നം. കാഴ്ചപ്പാടിന്റെ പ്രശ്നമെന്ന നിലയിൽ ഇതിനെ വായിക്കാനാവില്ല. മറിച്ച്, സാമൂഹ്യമായ ബോധ്യങ്ങളുടെ നിരാകരണമായി മാത്രമേ കാണാനാവുകയുള്ളൂ.

കേരളമുയർത്തുന്ന വലിയ പ്രതിസന്ധിയെന്നത് ഗ്രാമങ്ങളുടെ സ്വഭാവം മാറി കൊണ്ടിരിക്കുന്നുവെന്നതാണ്. ഗ്രാമീണമേഖല അതിവേഗം നഗരമായി വളരുകയോ, നഗരസ്വഭാവത്തെ ആർജ്ജിച്ചെടുക്കുകയോ ചെയ്യുന്നുവെന്നതാണ് അടുത്തകാലത്തെ അനുഭവങ്ങൾ കാണിച്ചുതരുന്നത്. ഇതിൽ പ്രധാനമായും രേഖപ്പെടുത്തപ്പെടുന്നത് ഗ്രാമീണ മേഖലക്ക് ആവശ്യമുള്ളതിലധികം സൗകര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനാലല്ല, മറിച്ച് ഉപഭോഗസംസ്കാരം തീർത്ത വലിയ സാമൂഹിക സാഹചര്യമാണതിന് പിന്നിലുള്ളതെന്നതാണ്. ഈ സംസ്കാരം സൃഷ്ടിക്കപ്പെട്ടതെങ്ങനെയാണെന്നത് നാം ചിന്തിക്കേണ്ട വശമാണ്. എന്നാൽ ജീവിതത്തിൽ ഉണ്ടായ വലിയമാറ്റങ്ങളെ കണ്ടുകൊണ്ടുതന്നെ അതിന്റെ ഭാ

ഗമായി സൃഷ്ടിക്കപ്പെടുന്ന പ്രശ്നങ്ങളെ പരിഹരിക്കാനാവുന്ന വിധത്തിലുള്ള ഇടപെടൽ സാധ്യമാക്കേണ്ടതുണ്ട്. ഇതിൽ എല്ലാവർക്കും വലിയ ഉത്തരവാദിത്തമാണുള്ളത്. മാലിന്യം നീക്കേണ്ടത് നഗരസഭകളുടെ/തദ്ദേശസ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണെന്ന വാദഗതികളാണ് എല്ലായിടത്തും നിന്നും ഉയർന്നു കേൾക്കാറുള്ളത്. മാലിന്യം നീക്കം ചെയ്യാത്തതിന് തദ്ദേശസ്ഥാപനങ്ങൾക്ക് മേൽകുറ്റം ചാർത്തി രക്ഷപ്പെടുവാനാവുന്ന സാഹചര്യമല്ല ഇപ്പോൾ ഉള്ളതെന്ന് തിരിച്ചറിയണം. ഒരു തദ്ദേശസ്ഥാപനത്തിന് കൈകാര്യം ചെയ്യുവാൻ സാധിക്കാത്ത വിധത്തിലേക്ക് മാലിന്യത്തിന്റെ തോത് ഗണ്യമായി വർദ്ധിച്ചിരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. അജൈവ മാലിന്യങ്ങളെ അതിന്റെ തരംതിരിവുകളോടെ പുനരുപയോഗത്തിനായോ പുനരുത്പാദത്തിനായോ നൽകാവുന്നതാണ്.

എന്നാൽ ജൈവ മാലിന്യങ്ങളെ കൃത്യമായി കൈകാര്യം ചെയ്യുവാൻ സാധിക്കേണ്ടതുണ്ട്. ഇപ്പോൾ പല നഗരസഭകളും അനുഭവിക്കുന്ന വലിയ പ്രശ്നം അജൈവമാലിന്യങ്ങളും ജൈവമാലിന്യങ്ങളും കൂടിച്ചേർന്ന് കിടക്കുന്ന സാഹചര്യം ഉണ്ടെന്നതാണ്. ഇവ സൃഷ്ടിക്കപ്പെടുന്ന ഇടങ്ങളിൽ നിന്നാണ് വേർതിരിച്ച് ശേഖരിക്കേണ്ടത്. പലപ്പോഴും ഇവ സംസ്കരിക്കുന്ന ഇടങ്ങളിൽ വെച്ച് വേർതിരിക്കേണ്ടിവരുന്ന സാഹചര്യമാണുള്ളത്. ഇത് ബുദ്ധിമുട്ടുണ്ടാക്കുന്നതെന്ന് മാത്രമല്ല, പ്രായോഗികമായ ശുചീകരണമായി കാണാനുമാവുന്നില്ല. ഇത്തരത്തിലുള്ള സാഹചര്യത്തെ ഫലപ്രദമായി നേരിടാൻ സാധിക്കുന്ന വിധത്തിലാണ് ജൈവമാലിന്യങ്ങളെ ഉറവിടങ്ങളിൽതന്നെ നശിപ്പിക്കാനാവുന്ന വിധത്തിലുള്ള സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുകയെന്നുള്ളത്. അത്തരം സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലൂടെ ജൈവമാലിന്യങ്ങളെ കൃത്യമായി പുനരുപയോഗത്തിനായി സാധ്യമാക്കാനാവും. അതിനുതകുന്ന വിവിധവിദ്യകൾ ഇപ്പോൾ പ്രയോഗിക്കാനാവുന്നുണ്ട്. ഇതിനുള്ള സാങ്കേതിക പരിജ്ഞാനം നൽകാനാവുന്ന സാധ്യതകളും ഉണ്ട്.



## വലിയകൂട്ടങ്ങൾ ഒന്നാകേണ്ട കൂട്ടങ്ങൾ

വീട്ടാവശ്യത്തിനായി ഉപയോഗിക്കുന്ന ചെറിയ മാലിന്യ സംസ്കരണയൂണിറ്റുകൾ സൃഷ്ടിച്ചെടുക്കുന്നതിലൂടെ അതിൽ വലിയമാറ്റം ഉണ്ടാക്കാൻ സാധിക്കും. എന്നാൽ വർദ്ധിച്ച മാലിന്യത്തിന്റെ തോതാണ് ആശങ്കപ്പെടുത്തുന്നത്. വൻകിടസ്ഥാപനങ്ങൾ, ഫ്ളാറ്റു സമുച്ചയങ്ങൾ തുടങ്ങിയവ സൃഷ്ടിക്കുന്ന മാലിന്യങ്ങൾ വിവിധ തരത്തിലുള്ളവയാണ്. ഒരു പൊതുസ്വഭാവത്തിലേക്ക് കൊണ്ടുവന്ന് ഇവയെ സംസ്കരിക്കുക എളുപ്പമല്ല. ഉദാഹരണത്തിന് ഇളനീർ കച്ചവടം ചെയ്യുന്നവർ ബാക്കിയാക്കുന്ന തൊണ്ടുകൾ. ഇവ വിവിധ പ്രദേശങ്ങളിൽ കൂടികിടക്കുകയാണ് ചെയ്യുന്നത്. ഇതൊഴിവാക്കാനായി ഇത്തരത്തിലുള്ള തൊഴിൽ ചെയ്യുന്നവരുടെ ഗ്രൂപ്പ് സൃഷ്ടിക്കുകയും തൊണ്ടു മാലിന്യങ്ങൾ മൊത്തമായി ശേഖരിച്ച് സംസ്കരിക്കുന്നതിനായുള്ള ശ്രമങ്ങൾ നടത്താവുന്നതുമാണ്. അറവുമാലിന്യങ്ങളും വലിയ പ്രശ്നം സൃഷ്ടിക്കുന്നവയാണ്. ഇവയെ മറ്റൊരു മാലിന്യത്തിനൊപ്പം ചേർത്തുകൊണ്ട് സംസ്കരിച്ചെടുക്കുന്നതിനേക്കാൾ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവരെ കൂട്ടമാക്കി അവയെ ശാസ്ത്രീയമായി സംസ്കരിക്കാനുള്ള സാധ്യതകൾ പ്രാദേശികമായി കണ്ടെത്തി നടപ്പിലാക്കുന്നതിനാണ് പ്രാമുഖ്യം നൽകേണ്ടത്.

പ്രാദേശികമായുള്ള പോംവഴികളാണ് ഏറ്റവും പ്രധാനവും പ്രായോഗികമായി വിജയിക്കുകയെന്നതാണ് അനുഭവങ്ങൾ കാണിച്ചുതരുന്നത്. മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നിടങ്ങളിൽ സംസ്കരണം സാധ്യമാവുന്നില്ലെങ്കിൽ അതിനെ കേന്ദ്രീകരിച്ചു നടപ്പിലാക്കാൻ പറ്റുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ സാധിക്കണം. ഇത് നഗരങ്ങളെയാണ് കൂടുതൽ ബാധിക്കുക. ഗ്രാമപ്രദേശങ്ങളിൽ പൊതുവെ ഉറവിടങ്ങളിൽതന്നെ സംസ്കരണത്തിനുള്ള സാധ്യതയുണ്ട്. നഗരങ്ങളിൽ ഒരിടത്ത് കേന്ദ്രീകരിക്കുന്നതിനു പകരം ഭവനകൂട്ടങ്ങളുടെ അരികിൽ തന്നെ ഇതിനുള്ള സംവിധാനം ഒരുക്കാവുന്നതാണ്. മുൻ കാലങ്ങളിലെ പോലെ അത് വലിയ ബാധ്യതയല്ലായെന്ന് കാണാനാവും. ഇതിൽ ശ്രദ്ധിക്കേണ്ട കാര്യം ജൈവമാലിന്യങ്ങളെ തരംതിരിച്ച് കൃത്യമായി സംസ്കരണത്തിനുതകുന്ന വിധത്തിൽ ലഭ്യമാക്കാൻ ഓരോരുത്തരും തയ്യാറാവണമെന്നതാണ്. വലിയ ഫ്ളാറ്റുകളിലും സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാൻ സാധിക്കും. ഇവ സംസ്കരിച്ച് വളമാക്കി വിപണനം ചെയ്യുവാൻ സാധിച്ചാൽ സംസ്കരണത്തിനാവശ്യമായ ചെലവും കണ്ടെത്താനാവും. മാലിന്യത്തിനായി വലിയതോതിൽ ചെലവഴിക്കേണ്ടിവരില്ലായെന്നതാണ് കാണേണ്ടത്. ജൈവമാലിന്യങ്ങൾ അഴുകുവാൻ ഏറെ സാധ്യതയുള്ളതും അത് പല രോഗങ്ങൾക്കും കാരണമായി തീരുന്നതുമാണ്. ഇത് പരിഹരിക്കാൻ നാം ഉയർത്തുന്ന ശുചിത്വ പാലനം അതിന്റെ യഥാർത്ഥ സാഹചര്യത്തിൽ തന്നെ സാധ്യമാകേണ്ടതുണ്ട്.●

*ദേശീയ ആരോഗ്യ ദൗത്യത്തിൽ ജൂനിയർ കൺസൾട്ടന്റ് (കമ്മ്യൂണിക്കേഷൻ ആന്റ് ഡൊക്യുമെന്റേഷൻ) ആണ് ലേഖകൻ*

# സൗരയൂഥത്തിനപ്പുറം



എക്സോപ്ലാനറ്റ് എന്ന വാക്ക് സാധാരണക്കാർക്ക് അത്രയധികം പരിചിതമല്ല. സൗരയൂഥത്തിന്റെ പുറത്തുള്ള ഒരു ഗ്രഹമാണ് എക്സോപ്ലാനറ്റ്. അത്തരമൊരു എക്സോപ്ലാനറ്റിനെ കണ്ടെത്തിയിരിക്കുകയാണ് സ്വിറ്റ്സർലാന്റ് സ്വദേശികളായ മൈക്കൽ മേയറും, ദിദിയർ ക്യൂലോസും. സൗരോർജ നക്ഷത്രത്തെ പരിക്രമണം ചെയ്യുന്ന ഒരു എക്സോപ്ലാനറ്റാണ് ഇവർ കണ്ടുപിടിച്ചത്. ഈ കണ്ടുപിടിത്തത്തോടെ 2019 ലെ ഭൗതിക ശാസ്ത്രത്തിനുള്ള നോബൽ പുരസ്കാരം ഈ രണ്ടു ശാസ്ത്രജ്ഞരെ തേടിയെത്തിരിക്കുകയാണ്. ഇതേ പുരസ്കാരം പങ്കുവെച്ച മൂന്നാമതൊരു ശാസ്ത്രജ്ഞൻ കൂടിയുണ്ട്. അദ്ദേഹമാണ് ജിം പിബിൾസ്. കനേഡിയർ ശാസ്ത്രജ്ഞനായ പിബിൾസിനെ നോബൽ സമ്മാനത്തിനർഹനാക്കിയത് ഭൗതിക പ്രപഞ്ച ശാസ്ത്രത്തിലെ (ഫിസിക്കൽ കോസ്മോളജി) കണ്ടുപിടിത്തങ്ങൾക്കാണ്. കോസ്മോസിൽ ഭൂമിയുടെ സ്ഥാനം എന്താണെന്ന് വ്യക്തമാക്കിത്തരുന്നതാണ് പുതിയ കണ്ടുപിടിത്തങ്ങൾ.

# ആയുസ്സ് കൂട്ടാൻ നായകളുടെ കൂട്ട്

നായ വളർത്തുന്നവർക്കും നായ സ്നേഹികൾക്കും ഒരു സന്തോഷ വാർത്ത. ഹൃദ്രോരോഗികളും പക്ഷാഘാതബാധിതരുമായ നായ ഉടമസ്ഥർക്ക് മറ്റുള്ളവരെ അപേക്ഷിച്ച് അകാല മരണസാധ്യത കുറവാണെന്ന് പുതിയ പഠനങ്ങൾ. ഇതനുസരിച്ച്, ഹൃദ്രോഗികളിൽ 33% വും പക്ഷാഘാതം ബാധിച്ചവരിൽ 27% വും മരണസാധ്യത കുറഞ്ഞിരിക്കും. 2001-12 കാലയളവിൽ രോഗബാധിതരായ 40-85 വയസുള്ള സ്വീഡിഷ് സ്വദേശികളിൽ നടത്തിയ പഠനങ്ങളിൽ നിന്നാണ് ഗവേഷകർ ഈ നിഗമനങ്ങളിൽ എത്തിയിരിക്കുന്നത്. നായയെ വളർത്തുന്നവർക്ക് മറ്റുള്ളവരെ അപേക്ഷിച്ച് ശാരീരികക്ഷമത കൂടുതലായിരിക്കുമെന്നും ഏകാന്തത, വിഷാദം തുടങ്ങിയവ കുറവായിരിക്കുമെന്നും ഇത് അവരുടെ ആരോഗ്യത്തെ ഗുണപരമായി സ്വാധീനിക്കുമെന്നും പഠനം അവകാശപ്പെടുന്നു. 'സർക്കുലേഷൻ: കാർഡിയോവസ്കുലർ ക്വാളിറ്റി ആൻഡ് ഔട്ട്കംസ്' എന്ന അമേരിക്കൻ ഹൃദയാരോഗ്യ സംഘടനയുടെ ജേർണലിലാണ് പഠനം പ്രസിദ്ധീകരിച്ചിരിക്കുന്നത്.




**നോബൽ സമ്മാനം ആരുടെ പേരിലാണ് ഓർമ്മിക്കപ്പെടുന്നത് – ആൽഫ്രഡ് നോബൽ**

**നോബൽ സമ്മാനം സ്ഥാപിക്കപ്പെട്ട വർഷം – 1895**




# 2019 നോബൽ സമ്മാന ജേതാക്കൾ

## ഭൗതികശാസ്ത്രം

**3 പേർ പങ്കിട്ടു**


ജിം പിബിൾസ്, മൈക്കൽ മേയർ, ദിദിയർ ക്യൂലോസ്

## മെഡിസിൻ

**3 പേർ പങ്കിട്ടു**

വില്യം ജി കെയ്‌ലിൻ ജൂനിയർ, ഗ്രെഗ്.എൽ സെമെൻസ, പീറ്റർ ജെ.റാറ്റ്ക്ലിഫ് (വിളർച്ച, കാൻസർ മറ്റു രോഗങ്ങൾ എന്നിവയ്ക്ക് പുതിയ ചികിത്സകൾ വികസിപ്പിച്ചതിനാണ് പുരസ്കാരം).

## രസതന്ത്രം

**3 പേർ പങ്കിട്ടു**

ജോൺ ബി.ഗുഡിനഫ്, സ്റ്റാൻലി.എം.വിറ്റിങ്ഹാം, അകിര യോഷിനോ (സ്മാർട്ട് ഫോൺ ബാറ്ററികളിൽ ഉപയോഗിക്കുന്ന ലിഥിയം അയൺ ബാറ്ററികൾ കണ്ടു പിടിച്ചതിനാണ് ഈ സമ്മാനം)

## സാഹിത്യം

2018 ലെ നോബൽ അവാർഡ് പോളിഷ് എഴുത്തുകാരിയായ ഓൾഗ ടോകാർസുക്ക് നേടി, ഒരു വർഷം വൈകിയാണ് ഫലപ്രഖ്യാപനം. ഫ്ലൈറ്റ്സ് എന്ന നോവലിന് കഴിഞ്ഞ വർഷം മാൻ ബുക്കർ ഇന്റർനാഷണൽ അവാർഡ് ലഭിച്ചിരുന്നു. പോളണ്ടിന്റെ അഭിമാനകരമായ നൈക്ക് അവാർഡും അവർ നേടി. പോളണ്ടിലെ പലപ്പോഴും അവഗണിക്കപ്പെട്ട സാഹിത്യരംഗത്തെ ഏറ്റവും മികച്ച എഴുത്തുകാരിൽ ഒരാളാണ് ഓൾഗ.





2019 ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയത് പീറ്റർ ഹാൻഡ്കെയാണ്. ഓസ്ട്രിയൻ നോവലിസ്റ്റും, നാടകകൃത്തും, വിവർത്തകനുമാണ് ഇദ്ദേഹം. പഠനകാലത്ത് തന്നെ എഴുത്തുകാരനായി പേരെടുത്ത ഹാൻഡ്കെ നിരവധി ചിത്രങ്ങൾക്ക് തിരക്കഥയും എഴുതിയിട്ടുണ്ട്.

## സമാധാനം

2019 ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയത് എത്യോപ്യൻ പ്രധാന മന്ത്രി ആയ അബി അഹമ്മദ് ആണ്. പ്രധാനമന്ത്രിയായതിനുശേഷം, രാഷ്ട്രീയ, സാമ്പത്തിക പരിഷ്കാരങ്ങളുടെ വിപുലമായ ഒരു പദ്ധതിക്ക് തുടക്കമിട്ടു. കൂടാതെ ദക്ഷിണ സുഡാനിലെ എറിത്രിയയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനും സുഡാൻ റിപ്പബ്ലിക്കിൽ ഒരു പരിവർത്തന കരാറിനും വേണ്ടി പ്രവർത്തിച്ചു. എത്യോപ്യയും എറിത്രിയയും തമ്മിലുള്ള 20 വർഷത്തെ യുദ്ധാനന്തര പ്രദേശത്തെ മുരടിപ്പ് അവസാനിപ്പിച്ചതിന് ആണ് അബിയ്ക്ക് 2019 ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത്.




## സാമ്പത്തിക ശാസ്ത്രം

ദമ്പതികളായ ഇന്ത്യൻ വംശജൻ അഭിജിത് ബാനർജി, ഫ്രഞ്ച് വംശജ എസ്തേർ ദഫ്ളോ, അമേരിക്കകാരനായ മൈക്കേൽ ക്രമർ. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഇവർ മുന്നോട്ട് വെച്ച പരീക്ഷണാർത്ഥമക സമീപനത്തിനാണ് നൊബേൽ ലഭിച്ചത്. അമർത്യ സെന്നിനു ശേഷം സാമ്പത്തിക നൊബേൽ നേടുന്ന ഇന്ത്യൻ വംശജനാണ് അഭിജിത് ബാനർജി.








## ബുക്കർ പുരസ്കാരം

ഈ വർഷത്തെ ബുക്കർ പുരസ്കാരം കനേഡിയൻ നോവലിസ്റ്റ് മാർഗരറ്റ് ആറ്റ്വുഡും ബ്രിട്ടീഷ് നോവലിസ്റ്റ് ബെർനഡിൻ ഇവാരിസ്റ്റോയും പങ്കിട്ടു.

79 കാരിയായ മാർഗരറ്റ് ആറ്റ്വുഡ് - ബുക്കർ സമ്മാനം നേടുന്ന ഏറ്റവും പ്രായമുള്ള വ്യക്തിയാണ്. ബുക്കർ സമ്മാനം നേടുന്ന ആദ്യത്തെ കറുത്ത വർഗ്ഗക്കാരിയാണ് ബെർനഡിൻ ഇവാരിസ്റ്റോ. ദ ടെസ്റ്റമെന്റ്സ് എന്ന കൃതിക്കാണ് മാർഗരറ്റ് ആറ്റ്വുഡിന് ഈ അവാർഡ് ലഭിച്ചത്. ഗേൾ വുമൺ അതർ എന്ന കൃതിയിലൂടെയാണ് ബെർനഡിൻ ഇവാരിസ്റ്റോ ഈ പുരസ്കാരം കൈക്കലാക്കിയത്. പുരസ്കാരത്തുകയായ 50 പൗണ്ട് ഇരുവരും പങ്കിടും. 1992 ന് ശേഷം ഇപ്പോഴാണ് പുരസ്കാരം പങ്കുവയ്ക്കപ്പെടുന്നത്.







# അട്ടപ്പാടിയിൽ ഇനി അക്ഷരവസന്തം

സമ്പൂർണ സാക്ഷരത നേടുന്ന രാജ്യത്തെ ആദ്യത്തെ ആദിവാസി ബ്ലോക്ക് ആകാനൊരുങ്ങുകയാണ് അട്ടപ്പാടി. സാക്ഷരതാ പദ്ധതിയുടെ മൂന്നാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ ഈ ലക്ഷ്യം കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 192 ആദിവാസി സെറ്റിൽമെന്റുകളിൽ നിന്നായി 5031 പേരെയാണ് നിരക്ഷരരെന്ന് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 3670 പേർക്ക് ഇതുവരെ അക്ഷരവെട്ടം പകർന്നു നൽകാൻ കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 1361 പേരെയാണ് അവസാനഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.



സാക്ഷരതാ പദ്ധതിയുടെ മൂന്നാംഘട്ടം പൂർത്തിയാക്കി, 2020 ഏപ്രിൽ മാസത്തോടെ പ്രഖ്യാപിക്കാൻ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം സെപ്റ്റംബർ 27-ന് വിദ്യാഭ്യാസവകുപ്പ് മന്ത്രി സി.രവീന്ദ്രനാഥ് അഗളിയിൽ നിർവ്വഹിച്ചു. ആവാസവ്യവസ്ഥയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിലൂടെ എല്ലാ ജനവിഭാഗങ്ങൾക്കും അറിവിന്റെ ലോകം തുറന്നു കൊടുക്കാൻ വ്യത്യസ്ത രീതിശാസ്ത്രം വേണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. അട്ടപ്പാടിയിലെ മുഡുഗ, ഇരുള, കുറുംബ ഗോത്രവിഭാഗങ്ങളുടെ മാതൃഭാഷ, മലയാളത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായതിനാൽ അധ്യാപകർക്ക് പഠിപ്പിക്കുന്നതിലും വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിലും ഉണ്ടായ പ്രതിസന്ധി പരിഹരിക്കാൻ ആദിവാസി വിഭാഗത്തിലുള്ളവരെത്തന്നെ അധ്യാപകരായി നിയമിച്ചു. അവരുടെ മാതൃഭാഷയിൽ പഠനം നടത്തുന്നതോടെ പാർശ്വവൽക്കരിക്കപ്പെടുന്ന ജനതയെ മുൻനിരയിലേക്ക് കൊണ്ടുവരാനാകുമെന്നും മന്ത്രി പറഞ്ഞു.

# അതിജീവനത്തിന്റെ പച്ചത്തുരുത്ത്



മനുഷ്യന്റെ ഇടപെടൽ കൊണ്ടും അനിയന്ത്രിതമായ ചൂഷണങ്ങൾ കൊണ്ടും നമ്മുടെ നാട്ടിൽ നിന്നും അന്യം നിന്നുകൊണ്ടിരിക്കുന്ന ജൈവവൈവിധ്യത്തിന്റെ കലവറകളായ പച്ചത്തുരുത്തുകളെ തിരിച്ചുപിടിക്കുന്നതിനും, മലിനമല്ലാത്ത ജലവും വായുവും മണ്ണും ഭാവി തലമുറയ്ക്ക് പ്രദാനം ചെയ്യുന്നതിനും കേരള ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പച്ചത്തുരുത്ത് അഥവാ അതിജീവനത്തിനായി ചെറുവനങ്ങൾ സൃഷ്ടിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള 7 ഏക്കർ



തരിശുഭൂമിയിൽ നിർമ്മിക്കുന്ന പച്ചത്തുരുത്തിന്റെ ഉദ്ഘാടനം ഹരിത കേരള മിഷൻ വൈസ് ചെയർപേഴ്സൺ ടി.എൻ.സീമ നിർവ്വഹിച്ചു. ഉത്സവാന്തരീക്ഷത്തിൽ കെ.ടി.ഡി.സി യുടെ കളളിക്കാട് ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ നടന്ന യോഗത്തിൽ കെ.ടി.ഡി.സി ചെയർമാൻ എം.വിജയകുമാർ മുഖ്യ അതിഥിയായി എത്തി. മരം നടൽ പദ്ധതിയുടെ ഉത്ഘാടനം എം.എൽ.എ, സി.കെ.ഹരീന്ദ്രൻ നിർവ്വഹിച്ചു. യോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെ.ആർ. അജിത അദ്ധ്യക്ഷത വഹിച്ചു. പദ്ധതിയുടെ വിശദീകരണം പെരുകടവിള ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ അരുവിപ്പുറം സുരേഷും ഹരിതകേരളാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഡി.ഹുമയൂണും നിർവ്വഹിച്ചു. കളളിക്കാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്.ശ്യാംലാൽ സ്വാഗതം ആശംസിച്ചു. യോഗത്തിൽ ജനപ്രതിനിധികളും സംസാരിച്ചു.

പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി ആയുഷ് ഗ്രാമിന്റെയും ഔഷധിയുടെയും ആഭിമുഖ്യത്തിൽ വിപുലമായ ഔഷധസസ്യത്തോട്ടവും നക്ഷത്ര മരത്തോട്ടവും നിർമ്മിക്കുമെന്ന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ യോഗത്തിൽ അറിയിച്ചു. പച്ചത്തുരുത്തിനാവശ്യമായ പിന്തുണ നൽകുന്നത് മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളാണ്.

## നെടുമങ്ങാടിനു വീണ്ടും ദേശീയ പുരസ്കാരം



ഏറ്റവും മികച്ച ബ്ലോക്ക് പഞ്ചായത്തിനായി കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുളള ദീൻദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ (2019) പുരസ്കാരം നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്. തുടർച്ചയായി രണ്ടാം തവണയാണ് ഈ ദേശീയ പുരസ്കാരം നെടുമങ്ങാട് ബ്ലോക്കിനെ തേടി എത്തുന്നത്. ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി വരുന്ന വൈവിധ്യമാർന്ന പദ്ധതികൾക്കുളള അംഗീകാരമാണ് ഈ പുരസ്കാരം. ജൈവഗ്രാമം പദ്ധതി, അഗ്രി ഇൻക്യുബേഷൻ സെന്റർ, കിണർ റീചാർജ്, കിളളിയാർ മിഷൻ പദ്ധതി, കലാഗ്രാമം, കലാസമൃദ്ധി, ഇൻഡോർ സ്റ്റേഡിയം, മൾട്ടി പർപ്പസ് സ്റ്റേഡിയം, ഭൗമവിവര പഞ്ചായത്ത്, മൊബൈൽ ഗവേണൻസ് തുടങ്ങിയ നിരവധി പദ്ധതികളാണ് കാര്യക്ഷമമായി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയത്. പ്രസിഡന്റ് ബി.ബിജുവിന്റെയും സെക്രട്ടറി സുരേഷ് കുമാറിന്റെയും നേതൃത്വത്തിലുളള ഭരണസമിതി-ഉദ്യോഗസ്ഥ കൂട്ടായ്മയുടെ വിജയം കൂടിയാണ് ഈ ദേശീയ ബഹുമതി.

മികച്ച ബ്ലോക്ക് പഞ്ചായത്തിനുളള സംസ്ഥാന സർക്കാരിന്റെ ഇക്കൊല്ലത്തെ സ്വരാജ് ട്രോഫിയും മികച്ച ജനപ്രതിനിധിക്കുളള പ്രതിഭാ പുരസ്കാരവും നെടുമങ്ങാട് ബ്ലോക്കിനു ലഭിച്ചിരുന്നു. പ്രസിഡന്റ് ബി.ബിജുവാണ് പ്രതിഭാ പുരസ്കാരത്തിന് അർഹനായത്. കൂടാതെ, മികച്ച ജീവനക്കാർക്കുളള അവാർഡും കൃഷി വകുപ്പിന്റെ അവാർഡുകളും മൂന്നുവർഷത്തിനുളളിൽ ബ്ലോക്കിന് ലഭിച്ചിട്ടുണ്ട്.

# പച്ചക്കറി കൃഷിയിലെ നാട്ടറിവുകൾ



ചേന നടുമ്പോൾ നേരെ നടാതെ അൽപം ചരിച്ച് നടുക. മുളക്കരുത്ത് കൂടും




കോവൽ തടത്തിൽ ഉമി കരിച്ചിട്ടാൽ കായഫലം വർദ്ധിപ്പിക്കാം.

പച്ചമുളക് ചെടികൾക്ക് ആറു മാസം പ്രായമായാൽ ശിഖരങ്ങൾ മുറിക്കുക. തുടർന്ന് ക്രമമായി വെള്ളവും വളവും നൽകുക. വീണ്ടും ഒരു വർഷം കായ പിടിക്കും.





പാവൽ നടുന്ന കുഴിയിൽ വേപ്പില കൂടി ഇട്ടു വച്ചിരുന്നാൽ നിമാവിരബാധ തടയാം



വെണ്ട, പയർ ഇവ ഉണങ്ങിയാലുടൻ വിത്തെടുക്കണം. ഇല്ലെങ്കിൽ മുളയ്ക്കൽ ശേഷി കുറയും.

## ട്രൈക്കോടെർമ ക്യാപ്സൂൾ



- ട്രൈക്കോഡർമയെ എൻക്യാപ്സുലേറ്റ് ചെയ്തെടുത്ത സാങ്കേതിക വിദ്യ
- ട്രൈക്കോഡർമയുടെ തന്തുക്കളെ നിഷ്ക്രിയ അവസ്ഥയിലാക്കി ഈ അവസ്ഥയിൽ തന്നെ നിലനിർത്താനുള്ള ചില അവശ്യ രാസ ഘടകങ്ങൾ പ്രത്യേക അനുപാതത്തിൽ ചേർത്ത് ജലാറ്റിൻ ക്യാപ്സ്യൂളുകളിൽ നിറയ്ക്കുന്നു. ഇങ്ങനെ നിറച്ച ഒരു ക്യാപ്സൂളിന് ഒരു ഗ്രാം തൂക്കമുണ്ടാവും.
- ട്രൈക്കോഡർമ അടങ്ങിയ ഒരു ക്യാപ്സ്യൂൾ ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് 100 ഇരട്ടി വെള്ളം ചേർത്ത് രണ്ടു മണിക്കൂറിനകം ഈ ലായനി ചെടികളുടെ ചുവട്ടിൽ ഒഴിച്ചു കൊടുക്കണം. ഇത് മണ്ണിൽ നൽകുന്ന സമയത്ത് ധാരാളം ജൈവ വസ്തുക്കൾ ഉണ്ടായിരുന്നാൽ മിത്ര കുമിളിനെ മണ്ണിൽ പെരുകാൻ ഇത് സഹായിക്കുന്നു.

September-October 2019
₹ 2/- Annual Subscription Rs. 12.00

GRAMABHOOMI
Bi-Monthly

RN. No. 36116/1980

ഗ്രാമീണകേരളത്തിന്റെ
നേർക്കാഴ്ചയുമായി
ഗ്രാമഭൂമി



വായിക്കുക,
വരിക്കാരാകുക
ഗ്രാമഭൂമി

2 വർഷത്തേക്ക് ₹24 മാത്രം

മണിയോർഡർ അയയ്ക്കേണ്ട വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003

Printed and Published by Ajitha Das, Chief Officer, Rural Information Bureau, Owned by N Padmakumar IAS, Commissioner of Rural Development, Government of Kerala, Printed at Government Press, Mannanthala, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: Ajitha Das